സീറോമലബാർ
സമുദായശക്തീകരണവർഷം
2026

VEDAPRACHARA
MADHYASTHAN
വാല്യം 98
ലക്കം 10
2026 ഏപ്രിൽ

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly
Price ₹ 25/- Annual Subscription ₹ 300/-

YOUR GRACE IS SUFFICIENT FOR ME



THE OFFICIAL ORGAN OF
THE ARCHEPARCHY OF CHANGANACHERRY

2026 ഏപ്രിൽ

# പ്രാർത്ഥനാശംസകൾ



**ഏപ്രിൽ 23നു മെത്രാഭിഷേകത്തിന്റെ**
**ഒമ്പതാം വാർഷികം ആഘോഷിക്കുന്ന**
**അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായ്ക്ക്**
**അതിരൂപതാകുടുംബത്തിന്റെ ആശംസകൾ**



‘നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ’
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

ചങ്ങനാശ്ശേരി അതിരൂപത
സ്ഥാപിതം: 20 മെയ് 1887

വാല്യം 98 ● ലക്കം 10 ● ഏപ്രിൽ 2026

# ഉള്ളടക്കം

സർക്കുലർ: (26 Ch. TCL 21) ....................05
സർക്കുലർ: (26 Ch. TCL 22) ....................07
സംയുക്ത സർക്കുലർ: (26 Ch. TCL 23) ....................09
കച്ചേരിക്കാര്യം.................... 12
പാസ്റ്ററൽ കൗൺസിൽ....................22
സന്ദേശനിലയം....................25
ചെറുപുഷ്പ മിഷൻ ലീഗ് ....................29
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ....................31
ഫാമിലി അപ്പോസ്തലേറ്റ്....................34
യുവദീപ്തി - എസ്.എം.വൈ.എം. .................... 38
സീയോൻ ധ്യാനകേന്ദ്രം ....................40
കാനാ.................... 41
ചാസ്സ്....................42
ചാസ്സ് - ഖാദി ....................48
ജീവകാരുണ്യനിധി ട്രസ്റ്റ്....................49
ആതുരശുശ്രൂഷാമേഖല.................... 51
പ്രവാസി അപ്പോസ്തലേറ്റ് ....................56
കത്തോലിക്കാ കോൺഗ്രസ്....................57
കേരള ലേബർ മൂവുമെന്റ് ....................60
ദളിത് കത്തോലിക്കാ മഹാജനസഭ.................... 61
സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ ....................62
വിൻസെൻഷ്യൻ വേദി.................... 63
കരിസ്മാറ്റിക് നവീകരണം....................65
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി.................... 66
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് .................... 71

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശ്ശേരി അതിരൂപതാ
മുഖപത്രം

Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com

ANNUAL SUBSCRIPTION: ₹ 300/-

# സർക്കുലർ

26 Ch. TCL 21

ഈശോമിശിഹായിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

സമുദായ ശക്തീകരണ വർഷത്തിൽ നമ്മുടെ സവിശേഷശ്രദ്ധ പതിയേണ്ട വിഷയമാണ് നമ്മുടെ കുടുംബങ്ങളുടെ ആത്മീയ-മാനസിക ആരോഗ്യം. സമൂഹത്തിന്റെ അടിത്തറയാണ് കുടുംബങ്ങൾ. 'സന്താന പുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയാൻ' പുരുഷനും സ്ത്രീക്കും നൽകിയ അനുഗ്രഹം സ്വീകരിച്ച് പരസ്പ്പരസ്നേഹത്തിലും പങ്കുവയ്ക്കലിലും അധിഷ്ഠിതമായ ജീവിതം നയിക്കുന്ന ദമ്പതികളാണ് കുടുംബത്തിന്റെ മൂലക്കല്ല്. അങ്ങനെയുള്ള ദമ്പതികളെയോർത്ത് നമുക്കു ദൈവത്തിനു നന്ദി പറയാം.

ആരോഗ്യകരമായ ദാമ്പത്യം ജീവിക്കാൻ നമ്മുടെ യുവദമ്പതികളെ പരിശീലിപ്പിക്കേണ്ടതും ആത്മീയവും മാനസികവുമായി അവരെ പിന്തുണയ്ക്കേണ്ടതും ഇന്നിന്റെ ആവശ്യമായിരിക്കുന്നു. പരിശുദ്ധ ലെയോ മാർപാപ്പ പറയുന്നു: 'നമ്മുടെ കാലഘട്ടം വേഗത്തിലുള്ള മാറ്റങ്ങളാൽ അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നതിനാൽ കുടുംബങ്ങൾക്ക് അജപാലനപരമായ ശ്രദ്ധ കൂടുതൽ നൽകേണ്ടതുണ്ട്. സുവിശേഷത്തിനു സാക്ഷ്യം വഹിക്കാനുള്ള ചുമതല കർത്താവ് ഏൽപ്പിച്ചിരിക്കുന്നത് കുടുംബങ്ങളെയാണ്.' സുവിശേഷം ജീവിക്കാനുള്ള തയ്യാറെടുപ്പാണ് ദമ്പതികൾ നടത്തേണ്ടത്.

നല്ല സമയത്ത് ആനന്ദവും ബുദ്ധിമുട്ടേറിയ സമയത്തു കരുത്തും നൽകുന്ന നല്ല ദാമ്പത്യങ്ങളാണ് യുവജനങ്ങൾ ലക്ഷ്യം വയ്ക്കേണ്ടത്. പലപ്പോഴും മാതാപിതാക്കൾ തമ്മിലുള്ള സംഘർഷങ്ങൾ മക്കളുടെയിടയിൽ ദാമ്പത്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ വികലമാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ, അർത്ഥപൂർണ്ണമായി ദാമ്പത്യം ജീവിക്കാനും വിശ്വാസത്തിൽ ആഴപ്പെടാനും കൂടുതൽ മക്കളെ ജനിപ്പിക്കുന്നതിന്റെ മൂല്യം തിരിച്ചറിയാനും സുവിശേഷം ജീവിക്കുകയും പ്രഘോഷിക്കുകയും ചെയ്യാനുള്ള ധൈര്യം പകരാനുമായി യുവദമ്പതികൾക്കായി 'നസ്രാണി കുടുംബസാഹോദര്യം' (Nasrani Family Fraternity) എന്ന പേരിൽ ഒരു ശുശ്രൂഷ അതിരൂപത ഫാമിലി അപ്പോസ്തലേറ്റ് ആരംഭിക്കുകയാണ്. 50 വയസ്സിനു താഴെ പ്രായമുള്ള നാട്ടിൽ സ്ഥിരതാമസമായിട്ടുള്ള ദമ്പതി

കളെയാണ് പ്രധാനമായും ഈ മിനിസ്ട്രി ലക്ഷ്യമാക്കുന്നത്. ആത്മീയ മായും സഭാത്മകമായും വളരാൻ താല്പര്യമുള്ള ദമ്പതികളാണ് ഈ കൂട്ടായ്മയിൽ പങ്കെടുക്കേണ്ടത്.

ഇതിനൊരുക്കമായി 50 വയസ്സിൽ താഴെ പ്രായമുള്ള എല്ലാ ദമ്പതി കളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള കുടുംബനവീകരണ കൺവൻഷൻ അതിരൂപതയുടെ 7 സോണുകളിലായി ഏപ്രിൽ, മെയ്, ജൂൺ മാസങ്ങ ളിൽ നടത്തുകയാണ്. മാതൃവേദി-പിതൃവേദി അംഗങ്ങളുടെ നേതൃത്വ ത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തി ഈ കൺവൻഷനുകൾ ഫലപ്രദമായി നടത്തണമെന്ന് പ്രത്യേകം താല്പര്യപ്പെടുന്നു.

കുടുംബശക്തീകരണത്തിലൂടെ സഭയെ ശക്തിപ്പെടുത്താനുള്ള പരി ശ്രമങ്ങൾ സാക്ഷാത്ക്കരിക്കപ്പെടാൻ നമുക്കു പ്രാർത്ഥിക്കാം.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവം,

**✠ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

---

**NB:** ***2026 ഏപ്രിൽ 05 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചന പ്രഘോഷണത്തിനുശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.

# സർക്കുലർ

26 Ch. TCL 22

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരി സഹോദരന്മാരെ,

''വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു'' (നട 2:44). ആദിമ ക്രൈസ്തവസഭയെക്കുറിച്ചുള്ള ഈ വിവരണമാണല്ലോ സമുദായ ശക്തീകരണ വർഷത്തിന്റെ ആപ്തവാക്യം. ഒറ്റ സമൂഹമാണെന്ന ബോധ്യം നമ്മുടെ പൂർവ്വികരെ ശക്തിപ്പെടുത്തുകയും നസ്രാണിത്തനിമ ഉയർത്തിപ്പിടിച്ചു ജീവിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തതിന്റെ ഫലമാണ് നൂറ്റാണ്ടുകൾക്ക് ശേഷവും ഇന്നും ശക്തമായി നിൽക്കുന്ന നമ്മുടെ സഭ. സഭാബോധവും സമുദായസ്നേഹവുമാണ് അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങളും കാരുണ്യഭവനങ്ങളും സ്ഥാപിക്കാനും അവയിലൂടെ സമൂഹത്തെ വളർത്താനും നമുക്ക് പ്രേരണയായത്. സഭാംഗങ്ങളുടെ നിരന്തരമായ പിന്തുണയാണ് ഇന്നും നമ്മുടെ അതിരൂപതയ്ക്ക് തുണയായി നിൽക്കുന്നത്.

അതിരൂപതയുടെ പൊതുസംരംഭങ്ങളിൽ പങ്കാളികളാകാൻ നിങ്ങളെ ഏവരെയും ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു ഈ വരുന്ന മെയ് മാസം പത്താം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് ചങ്ങനാശ്ശേരി അതിരൂപതയിലെ 80000 ത്തോളം കുടുംബങ്ങൾ കാരുണ്യ അജപാലന സംരംഭങ്ങൾക്ക് കൈത്താങ്ങായി ഒരുമിക്കുകയാണ്. കിടങ്ങറയിൽ മാനസിക സവിശേഷതകളുള്ള സ്ത്രീകളുടെ പുനരധിവാസകേന്ദ്രത്തിന് പുതിയൊരു കെട്ടിടം നിർമ്മിക്കുന്നതിന് വിഭവസമാഹരണം നടത്തുകയാണ് പ്രധാന ലക്ഷ്യം. അതോടൊപ്പം നമ്മുടെ പുതിയ പ്രേഷിത സംരംഭങ്ങൾക്കും തെക്കൻ മേഖലയിലെ വിദ്യാഭ്യാസ സംരംഭങ്ങൾക്കും പിന്തുണ ആവശ്യമായിരിക്കുന്നു. പ്രസ്തുത ലക്ഷ്യങ്ങൾക്കുവേണ്ടിയാണ് ഈ വർഷത്തെ 'കരുതൽ' വിഭവശേഖരണം നാം നടത്തുന്നത്. നാം ഒരുമിച്ചു നിന്നാൽ ഈ ലക്ഷ്യങ്ങളെല്ലാം നമുക്കു സാക്ഷാത്കരിക്കാനും നമ്മുടെ കാരുണ്യ അജപാലന സംരംഭങ്ങളെ പിന്തുണയ്ക്കാനും സാധിക്കും. 80000 കുടുംബങ്ങൾ തങ്ങളുടെ ചെറിയ സംഭാവനകൾ നൽകുമ്പോൾ വലിയ കാര്യങ്ങൾ ചെയ്യാൻ ദൈവം നമ്മെ അനുഗ്രഹിക്കും. കൂട്ടായ്മ

യുടെ അത്ഭുതങ്ങളാണല്ലോ നമ്മുടെ കർത്താവ് നമുക്കായി എന്നും ഒരുക്കിയിട്ടുള്ളത്.

2022ലെ കരുതൽ വിഭവസമാഹരണത്തിൽ നാം സ്വരൂപിച്ച തുക കൊണ്ടാണ് ഇത്തിത്താനം ആശാഭവൻ, ഫാത്തിമാപുരം അൽഫോൻസാ സ്നേഹനിവാസ് എന്നിവയ്ക്കു പുതിയ കെട്ടിടങ്ങളും സൗകര്യങ്ങളും ഒരുക്കാൻ നമുക്കു സാധിച്ചത്. ഇത്തവണയും കുടുംബാംഗങ്ങളുടെ ഒരു ദിവസത്തെ വരുമാനം നൽകി ഈ സംരംഭത്തെ വിജയിപ്പിക്കണമെന്ന് എല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നു.

ഇടവക പ്രതിനിധിയോഗാംഗങ്ങളും കുടുംബക്കൂട്ടായ്മാ ലീഡേഴ്സും സംഘടനാനേതൃത്വവും ഒരുമിച്ച് ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തി ഈ സംരംഭത്തെ വിജയിപ്പിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. 'ഈ ചെറിയവരിൽ ഒരുവനു നൽകിയപ്പോൾ എനിക്കു തന്നെയാണ് നൽകിയതെന്ന്' (മത്ത 25:40) വചനം നമ്മെ ഓരോരുത്തരെയും പ്രചോദിപ്പിക്കട്ടെ.

സസ്നേഹം,

നിങ്ങളുടെ വത്സല പിതാവ്

+ [signature]

**✠ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

---

**NB:** ***2026 ഏപ്രിൽ 12 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചന പ്രഘോഷണത്തിനുശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.

## സംയുക്ത സർക്കുലർ

26 Ch. TCL 23

# ഗുണമേന്മയുള്ള തലമുറയും ബലിഷ്ഠമായ കുടുംബങ്ങളും കെട്ടുറപ്പുള്ള സമുദായവും രാഷ്ട്രനിർമ്മിതിക്ക്

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

വിചാരങ്ങളിലും വാക്കുകളിലും പ്രവൃത്തികളിലും എക്കാലത്തും എല്ലായിടത്തും മാതൃരാജ്യത്തിന്റെ നന്മയ്ക്കായും ഐക്യത്തിനായും പുരോഗതിക്കായും അദ്ധ്വാനിക്കുന്നവരാണ് ഭാരതത്തിലെ ക്രൈസ്തവർ. മാതൃരാജ്യത്തിനുവേണ്ടി പ്രാർഥിക്കുക എന്നത് ക്രൈസ്തവരുടെ ഒരു ജീവിത ശൈലി തന്നെയാണ്. നമ്മുടെ രാഷ്ട്രത്തെ, ലോകത്തെതന്നെ ഏറ്റവും വലുത് എന്നതിലുപരി, ഏറ്റവും മാതൃകാപരമായ ജനാധിപത്യ രാഷ്ട്രമാക്കുന്നത് ഭരണഘടനാശില്പികൾ ദീർഘവീക്ഷണത്തോടു കൂടി ഭരണഘടനയിൽ ഉൾച്ചേർത്ത മതസ്വാതന്ത്ര്യവും മതന്യൂനപക്ഷ അവകാശങ്ങളുമാണ്. എല്ലാ മതവിശ്വാസങ്ങൾക്കും ഇടംനൽകുന്ന നമ്മുടെ രാജ്യം ന്യൂനപക്ഷമതവിഭാഗങ്ങൾക്ക് പ്രത്യേക സംരക്ഷണം നൽകുന്നത്, എണ്ണത്തിൽ ചുരുങ്ങിയവരെങ്കിലും, അവർ തങ്ങളുടെ സംസ്ക്കാരത്തിലും പൈതൃകത്തിലും വളർന്ന് രാഷ്ട്രനിർമ്മിതിയിൽ പങ്കുകാരാകുവാൻ വേണ്ടിയാണല്ലോ. ഇവിടെയാണ് ക്രൈസ്തവ സമുദായശക്തികരണത്തിന്റെ ഭരണഘടനപരമായ സാംഗത്യം.

സന്തുഷ്ടകുടുംബങ്ങളുടെ കൂട്ടായ്മയാണ് ശക്തീകരിക്കപ്പെട്ട സമുദായം. അറിവും നെറിവും തൊഴിലും ദൈവവിചാരവുമുള്ള യുവത്വമാണ് സന്തുഷ്ടകുടുംബത്തിന്റെ അടിസ്ഥാനശില. നമ്മുടെ യുവജനങ്ങൾ ഈശോയോട് ഐക്യപ്പെട്ട് ബോധ്യങ്ങളിൽ ആഴപ്പെടണം. അവർ നല്ല വിദ്യാഭ്യാസമുള്ളവരും തൊഴിൽ നൈപുണ്യമുള്ളവരും ആകണം. അറിവിനുപരി മികവുള്ളവരായെങ്കിൽ മാത്രമാണ് ഈ മാത്സര്യത്തിന്റെ ലോകത്ത് പിടിച്ചുനിൽക്കുവാനും രാഷ്ട്രനിർമ്മിതിയിൽ മുന്നിട്ടുവരുവാനും സാധിക്കുകയുള്ളു. ഈ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടാണ് നാം മികവാർന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും സ്കൂളുകളും വിവിധങ്ങളായ പരിശീലനകേന്ദ്രങ്ങളും സ്ഥാപിച്ച് നടത്തി പോരുന്നത്. ഇതിനായി വിയർപ്പ്

ഒഴുക്കുന്നവരുടെ അദ്ധ്വാനം നാം കണ്ടില്ലെന്ന് നടിക്കരുത്. ഈ സ്ഥാപന ങ്ങളെയെല്ലാം പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഉപ യോഗപ്പെടുത്തുന്നതിനും നമുക്ക് ഉത്തരവാദിത്വമുണ്ട്.

നമ്മുടെ രാജ്യത്ത് കേന്ദ്ര സംസ്ഥാന തലങ്ങളിൽ നടക്കുന്ന സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ള വിവിധങ്ങളായ മത്സരപ്പരീക്ഷകളിൽ നമ്മുടെ യുവജനങ്ങളെ മുൻപന്തിയിലെത്തിക്കുന്നതിനാണ് ചങ്ങനാശ്ശേരി അതി രൂപതയും പാലാ, കാഞ്ഞിരപ്പള്ളി രൂപതകളും കൂട്ടായി പരിശ്രമിച്ച് 1998 ൽ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലായിൽ ആരംഭിച്ചത്. നാളിതുവരെ 382 പേരെ ഇന്ത്യൻ സിവിൽ സർവ്വീസിലും മറ്റനേകരെ വിവിധ സർക്കാർ അർദ്ധസർക്കാർ ജോലികളിലും എത്തിക്കുന്നതിന് ഈ സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട് എന്നതിൽ നമുക്ക് അഭിമാനിക്കാം. ഈ സ്ഥാപനത്തെ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിന് നമ്മുടെ യുവജനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇക്കഴിഞ്ഞ വർഷങ്ങളിൽ സിവിൽ സർവ്വീസ് പരീക്ഷകളിലും മറ്റ് ദേശീയ, സംസ്ഥാനതല പരീക്ഷ കളിലും നമ്മുടെ യുവതീയുവാക്കൾ മെച്ചപ്പെട്ട വിജയം നേടിയത് നമ്മെ കൂടുതൽ ഉത്സാഹമുള്ളവരാക്കണം.

അഞ്ചു മുതൽ ഒൻപത് വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾ ക്കായുള്ള ബ്ലൂമിംഗ് മൈൻഡ്സ്, ബ്യൂട്ടിഫുൾ മൈൻഡ്സ് പദ്ധതികളും ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കായുള്ള ഫൗണ്ടേഷൻ കോഴ്സും, സ്കൂൾ കുട്ടികൾക്കുള്ള റസിഡൻഷ്യൽ സമ്മർ ക്യാമ്പും, കോളേജ് പഠനത്തോടൊപ്പമുള്ള സിവിൽ സർവ്വീസ് ആഡ്-ഓൺ കോഴ്സും, ബി.എ. പബ്ലിക് അഡ്മിനിസ്ട്രേഷനോടൊപ്പം റെഗുലർ സിവിൽ സർവ്വീസ് പഠനവും, ഡിഗ്രി കഴിഞ്ഞവർക്കുള്ള സിവിൽ സർവ്വീസ് ഫുൾടൈം കോച്ചിംങ്ങും തുടർപരിശീലനവും പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റി റ്റ്യൂട്ട് നടത്തിവരുന്ന പ്രധാന പരിശീലന പദ്ധതികളാണ്.

നമ്മുടെ യുവജനങ്ങളെ മികവിലേയ്ക്ക് നയിക്കുന്നതിനായി സമു ദായ ശക്തീകരണ വർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് വിപുലമായ സ്കോളർ ഷിപ്പ് പദ്ധതിയും വിഭാവനം ചെയ്യുന്നുണ്ട്. ഡിഗ്രി അടിസ്ഥാനയോഗ്യ തയുള്ളവരും മത്സരപ്പരീക്ഷകളിൽ വിജയിച്ച് രാജ്യത്ത് ഐ.എ.എസ്. ഉൾപ്പെടെയുള്ള മാന്യമായ ജോലി നേടുവാൻ ആഗ്രഹിക്കുന്നവരുമായ ക്രൈസ്തവരായ യുവതീ യുവാക്കളിൽ മെയ് 1-ാം തീയതി നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുത്ത് മികവ് തെളിയിക്കുന്നവർക്ക് ഒരു കോടി രൂപയുടെ സ്കോളർഷിപ്പുകളാണ് ഒരുക്കിയിട്ടുള്ളത്. സമു ദായത്തിലെ പാവപ്പെട്ടവർക്ക് സ്കോളർഷിപ്പിന് പ്രത്യേക പരിഗണന നൽകുന്നതുമാണ്. നമ്മുടെ യുവജനം ഈ അവസരം ഉപേക്ഷ വിചാ രിക്കാതെ ഉപയോഗപ്പെടുത്തണമെന്ന് ഓർമ്മിപ്പിക്കുകയാണ്. യോഗ്യ

രായ വിദ്യാർത്ഥികളെ ഈ സ്കോളർഷിപ്പ് പരീക്ഷ എഴുതുന്നതിനും തക്കതായ പരിശീലനത്തിലൂടെ നമ്മുടെ രാജ്യത്തിന്റെ താക്കോൽ സ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിനും വേണ്ട പ്രോത്സാഹനം നൽകുന്നതിന് ബഹുമാനപ്പെട്ട അച്ചൻമാരും ബന്ധപ്പെട്ടവരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഏപ്രിൽ 28ന് മുമ്പ് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. അതുപോലെതന്നെ കേരളത്തിലെ സമുന്നതരായ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ഏപ്രിൽ 30 മുതൽ മെയ് 3 വരെ നടത്തപ്പെടുന്ന ക്യാമ്പിലേയ്ക്ക് താൽപര്യമുള്ള കുഞ്ഞുങ്ങളെ അയയ്ക്കണമെന്നും അഭ്യർത്ഥിക്കുന്നു.

കുട്ടികളുടെയും യുവജനങ്ങളുടെയും ബൗദ്ധികവും ഗുണപരവുമായ മികവ് ഉന്നം വെച്ചുകൊണ്ട് പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന എല്ലാ പരിശീലനപദ്ധതികളോടും സഹകരിച്ചു സമുദായ ശക്തീകരണത്തിൽ നമുക്ക് പങ്കുകാരാകാം.

മിശിഹായിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് മാർ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത

**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

**മാർ ജോസ് പുളിക്കൽ**
കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ

വിളിക്കേണ്ട ഫോൺ നമ്പർ: **9539381100, 9539371100**

E-mail: civilpala@yahoo.com, admin@civilservicepala.com
Web: www.civilservicepala.org

---

**NB:** ***ഏപ്രിൽ 19 ഞായറാഴ്ച*** എല്ലാ പള്ളികളിലും പരിശുദ്ധ കുർബാന മധ്യേയുള്ള വചനപ്രഘോഷണത്തിനുശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.




# കച്ചേരിക്കാര്യം

## I

## പീഡാനുഭവ ആഴ്ചയിലെ തിരുക്കർമങ്ങൾ

പീഡാനുഭവ ആഴ്ചയിലെ തിരുക്കർമങ്ങൾക്കു യാമശുശ്രൂഷകളോടു കൂടിയുള്ള നവീകരിച്ച ആരാധനക്രമപുസ്തകമാണ് (2025) ഉപയോഗിക്കേണ്ടത്. പുതിയപുസ്തകം ചങ്ങനാശ്ശേരി സെന്റ് ജോസഫ്സ്, അതിരൂപതാകേന്ദ്രത്തിലെ മാർതോമാവിദ്യാനികേതൻ എന്നീ ബുക്ക് സ്റ്റാളുകളിൽ ലഭ്യമാണ്.

പെസഹാ വ്യാഴം, പീഡാനുഭവവെള്ളി, വലിയശനി എന്നീ ദിവസങ്ങളിലെ തിരുക്കർമങ്ങൾ സായംകാലത്തും ഉയിർപ്പുതിരുനാളിലെ തിരുക്കർമങ്ങൾ പുലർച്ചെ മൂന്നിനും പരികർമം ചെയ്യേണ്ടതാണ്.

പെസഹാ അപ്പം കുടുംബങ്ങളിൽ മുറിക്കുന്നതാണ് അഭികാമ്യം.

ഓശാന ഞായറാഴ്ച മാർ തെയദോറിന്റെ കൂദാശക്രമവും പെസഹാ വ്യാഴാഴ്ച മാർ നെസ്തോറിയസിന്റെ കൂദാശക്രമവും മറ്റു ദിവസങ്ങളിൽ മാർ അദ്ദായി-മാറിയുടെ കൂദാശക്രമവുമാണ് ഉപയോഗിക്കേണ്ടത്.

## II

## വൈദികസമ്മേളനം

ഉയിർപ്പുതിരുനാളിനുശേഷം പതിവായി നടത്തിവരുന്ന വൈദികസമ്മേളനം *(പ്രസ്ബിത്തേരിയം)* ഈ വർഷം **ഏപ്രിൽ 7 ചൊവ്വാഴ്ച** ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ നടത്തപ്പെടുന്നതാണ്. രാവിലെ 9.45ന് ആരംഭിക്കുന്ന സമ്മേളനത്തിൽ അതിരൂപതയിലെ എല്ലാ ബഹു. വൈദികരും ഇപ്പോൾ അതിരൂപതയിൽ അജപാലനശുശ്രൂഷയിലേർപ്പെട്ടിട്ടുള്ള ബഹു. സന്യാസവൈദികരും പങ്കെടുക്കേണ്ടതാണ്.

## III

## ദൈവവിളി ക്യാംപ്

ഈ വർഷത്തെ അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാംപ്

ആൺകുട്ടികൾക്ക് **2026 ഏപ്രിൽ 6** തിങ്കൾ രാവിലെ 9:30ന് ആരംഭിച്ച് **ഏപ്രിൽ 8** ബുധൻ വൈകുന്നേരം 3:30നു സമാപിക്കുന്നവിധത്തിൽ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ നടത്തപ്പെടുന്നതാണ്. പെൺകുട്ടികൾക്ക് ഒരുദിവസത്തെ സെമിനാർ **2026 ഏപ്രിൽ 8** ബുധൻ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ സന്ദേശനിലയത്തിൽ ക്രമീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ആൺകുട്ടികൾക്ക് 300 രൂപയും പെൺകുട്ടികൾക്ക് 100 രൂപയുമാണ്. ചങ്ങനാശ്ശേരി അതിരൂപതയിലോ അതിരൂപതയ്ക്കുപുറത്തോ ദൈവവിളി സ്വീകരിക്കാനാഗ്രഹിക്കുന്ന എല്ലാവരും നിർബന്ധമായും അതിരൂപത നടത്തുന്ന ഈ ദൈവവിളി ക്യാംപിൽ പങ്കെടുത്തിരിക്കണമെന്നു പ്രത്യേകം ഓർമിപ്പിക്കുന്നു.

## IV

## 140–ാമത് അതിരൂപതാദിനാചരണം

ഈ വർഷത്തെ അതിരൂപതാദിനാചരണം **മെയ് 20 ബുധനാഴ്ച** തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിലെ ഫാ. ഡൊമിനിക് തോട്ടാശേരി നഗറിൽ രാവിലെ 9.30ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 1.30നു സമാപിക്കത്തക്കരീതിയിലാണു ക്രമീകരിച്ചിരിക്കുന്നത്.

**പങ്കെടുക്കേണ്ടവർ:** അതിരൂപതയിൽ സേവനം ചെയ്യുന്ന വൈദികർ, മേജർ സുപ്പീരിയർമാർ, വൈദികാർഥികൾ, ഇടവകയിലെ സമർപ്പിതരുടെ ഒരു പ്രതിനിധി, നടത്തുകൈക്കാരൻ, മാതാക്കളുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും ഓരോ പ്രതിനിധികൾ, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സംഘടനകളുടെ അതിരൂപതാതലഭാരവാഹികൾ.

## V

## ജീവകാരുണ്യപ്രവർത്തനങ്ങൾ

നമ്മുടെ അതിരൂപതയിലെ വിവിധ ഇടവകകളിൽ 2025–2026 സാമ്പത്തികവർഷത്തിൽ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച തുക ജീവകാരുണ്യപ്രവർത്തനറിപ്പോർട്ടിൽ ഉൾപ്പെടുത്താനായി അയച്ചുതരുമല്ലോ. 1. ഭവനനിർമാണവും അറ്റകുറ്റപ്പണികളും 2. ചികിത്സാസഹായം 3. വിവാഹസഹായം 4. വിദ്യാഭ്യാസസഹായം 5. കാർഷികമേഖലയിൽ നൽകിയ സഹായം 6. അഗതിമന്ദിരങ്ങൾക്കുള്ള സഹായം 7. ഭക്ഷ്യവസ്തുക്കൾ, പലവ്യഞ്ജനം 8. മറ്റു സഹായങ്ങൾ എന്നിങ്ങനെ വിവിധതലങ്ങളിൽ ചെയ്ത ജീവകാരുണ്യപ്രവർത്തനങ്ങൾ പ്രത്യേകം തരംതിരിച്ചെഴുതി chancellorchry@gmail.com എന്ന email ലേയ്ക്കോ 9037440040 എന്ന വാട്സ്ആപ്പ് നമ്പറിലേയ്ക്കോ **2026 ഏപ്രിൽ മുപ്പതിനകം** അയച്ചുതരേണ്ടതാണ്.

## VI

## വൈദികാർഥികളുടെ അവധിക്കാലപരിപാടികൾ

**മാർച്ച് 15–മെയ് 30:** വെക്കേഷൻ ഡ്യൂട്ടി @ ആർച്ചുബിഷപ് ഹൗസ്

**മാർച്ച് 24:** മേജർ സെമിനരിയൻസ് ഗ്യാതറിങ് @ ആർച്ചുബിഷപ് ഹൗസ്

**മാർച്ച് 25:** മ്ശംംശാനാപ്പട്ടം @ സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി, ചങ്ങനാശ്ശേരി

**മാർച്ച് 27:** കരുവള്ളിക്കാട് കുരിശുമല തീർഥാടനം

**മാർച്ച് 29–ഏപ്രിൽ 05:** പീഡാനുഭവവാരത്തിലെ ശുശ്രൂഷകൾ @ ഇടവകപ്പള്ളി

**ഏപ്രിൽ 06–16:** വിശ്വാസോത്സവം

**ഏപ്രിൽ 17–25:** വർക്ക് ക്യാംപ് @ സ്നേഹതീരം, കിടങ്ങറ

**മെയ് 10–14:** മേജർ സെമിനരിയൻസ് ഗ്യാതറിങ് @ സെന്റ് തോമസ് മൈനർ സെമിനരി, കുറിച്ചി

## VII

## പ്രത്യേകപിരിവുകൾ

നോമ്പുകാലത്തു നടത്തപ്പെട്ട പ്രത്യേകപിരിവുകൾ *(നോമ്പുകാല പിരിവ്, കാരിത്താസ് ചങ്ങനാശ്ശേരി, വൈദികപരിശീലന ഫണ്ട്, വിശുദ്ധ നാടുസംരക്ഷണത്തിനുള്ള പിരിവ്, ഹോം മിഷൻ ഫണ്ട്)* **2026 ഏപ്രിൽ 30നു മുമ്പായി** അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

## VIII

## അതിരൂപതാസാമ്പത്തികകാര്യാലയം

**2026 ഏപ്രിൽ ഒന്നു മുതൽ** പരിശുദ്ധ കുർബാനയ്ക്ക് ഉപയോഗിക്കുന്ന വീഞ്ഞിന്റെ പുതുക്കിയനിരക്ക് 300 രൂപയാണ്.

## IX

## വാർഷികധ്യാനം

അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം മൂന്നു ബാച്ചുകളിലായി കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഓരോ ധ്യാനവും ആദ്യദിവസം (ഞായർ) വൈകുന്നേരം ആറിനു റംശായോടെയാരംഭിച്ചു സമാപനദിവസം (വെള്ളി) ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്നതാണ്.

**ബാച്ച് I - ജൂൺ 07 മുതൽ 12 വരെ**

**ധ്യാനഗുരു - റവ. ഫാ. റ്റോം ഓലിക്കരോട്ട്**

*(പി.ആർ.ഒ. & സെക്രട്ടറി, മീഡിയാ കമ്മീഷൻ സീറോമലബാർസഭ)*

**ബാച്ച് II - ജൂൺ 14 മുതൽ 19 വരെ**
**ധ്യാനഗുരു - റവ. ഫാ. വിബിൻ ചൂതംപറമ്പിൽ** *(വരാപ്പുഴ അതിരൂപത)*

**ബാച്ച് III - ജൂലൈ 12 മുതൽ 17 വരെ**
**ധ്യാനഗുരു - റവ. ഫാ. റ്റോം ഓലിക്കരോട്ട്**

## BATCH I JUNE 07-12

1. Aerathedam Philip
2. Anchil Mathew (Sr)
3. Aranjaniyil Geevarghese
4. Aryankala Thomas
5. Athikalam Jacob
6. Athikkalam James
7. Chalackal Sebastian
8. Cheeramvelil Jacob
9. Chempilakam Joseph
10. Cheppila Scaria
11. Chethipuzha Mathew
12. Choolaparampil Joseph
13. Chundakkattil James
14. Elampalasseril Varghese
15. Elanjickal George
16. Ethirettu Kudilil Antony
17. Ettakakunnel Thomas
18. Kainikkara Thomas
19. Kaithaparampil Joseph (Morley)
20. Kalathil Mathew
21. Kalathiparampil Sebastian
22. Kanicherril Varghese
23. Kanjirathummoottil Cyriac
24. Kannadippara Sebastian
25. Kanniyakonil Scaria
26. Karikompil Cherian
27. Karukayil Joseph (Manoj)
28. Karuvelil Francis
29. Kattady Jacob
30. Kattappuram Joseph
31. Kattathara Yohanan
32. Kattooppara Antony
33. Kayithara Varghese
34. Kazhunnukandathil Joseph
35. Kiliyattusseril Varghese
36. Kizhakkemury Joseph
37. Kocherry Damianose
38. Kochuchirayil Joseph
39. Koilparampil Henry
40. Kokkavayalil James
41. Kollamparampil Augustine
42. Kollamparampil Joseph
43. Kollara Joseph
44. Koottummel Sebastian
45. Kottathil Thomas
46. Kunnakkattuthara Zacharias
47. Kunnath Andrews
48. Kunnil James
49. Kunnumpuram Thomas
50. Kurasserry Joseph
51. Kuriannurparampil Joseph
52. Kuthukallunkal Thomas
53. Madathiparampil Mathew
54. Madathissery Joseph
55. Maleckal Antony
56. Manakalam Joseph
57. Manakunnel Antony
58. Manianchira Thomas
59. Marangattu Mathew
60. Marattukalam Mathew
61. Mattathil Varghese
62. Moonnattinmugham Mathew
63. Mudanthangelil Martin
64. Mukalel Jose
65. Mullankuzhy George
66. Mullanpara John
67. Mundunadackal Issac
68. Munduvelil Joseph
69. Muppathilchira Martin
70. Muriankarychirayil Mathew
71. Nadackal Mathew
72. Nadamukath Mathew
73. Nallakkuttu Thomas
74. Nelluvely Emmanuel
75. Nelpuraparampil Philip
76. Nuzhaithadom George
77. Padinjarekuttu Mathew
78. Pallichira Mathew

79. Pallickal Joseph
80. Parackal Thoma Paulose
81. Parappuram Alex
82. Parathara Thomas
83. Parathottal Thomas
84. Pathalil John
85. Pattathanam Stephen
86. Pazhayamadom Cyriac
87. Pazhayamadom James
88. Perumpallithara Antony
89. Plamparambil Varghese
90. Plaparampil Thomas
91. Plathottam Joseph
92. Ponganamthadathil Augustine
93. Poonichira Thomas
94. Pulikapadavil Varghese
95. Punnassery Sebastian
96. Purackal Joseph
97. Puthenpurackal Thomas (Joshy)
98. Puthenpurackal Thomas (Tomy)
99. Puthenpurackal Varghese
100. Puthumanamoozhiyil George
101. Puthuparambil Sebastian
102. Puthuparampu Devasia
103. Puthuveedu Joseph
104. Srampickal Scaria
105. Thadathil John V
106. Thathakattupulickal John
107. Thekkedathu Mathew
108. Thyparampil Augustine
109. Thyparampil Joseph
110. Vadakaetathu Mathew
111. Vallayil Job
112. Vaniapurackal Joseph
113. Vathyakary George
114. Vazhaparampil Thomas
115. Vellanickal Louis
116. Vengassery Paul
117. Vettukuzhiyil Varghese
118. Vettuvelikkalam Luka

**BATCH II JUNE 14-19**

1. Alencherry Isaac
2. Alumkal Joseph
3. Ambalathunkal Kurian (Nithin)
4. Ampalathumparampil Francis
5. Anchil Mathew (Jerin)
6. Anchupankil Jacob
7. Anchupankil Thomas
8. Arackal Varghese
9. Arackathara Antony
10. Aruparayil Joseph
11. Chackupurackal Kurian
12. Chakkathra Jacob
13. Chalackal Joseph
14. Chalassery Joseph
15. Chamakala Sebastian
16. Champakulathil Joseph
17. Changankary Abraham
18. Changankary Mathew
19. Chavara John
20. Chekkonthayil Thomas
21. Chorattuchamakala Joseph
22. Edachethra Varghese
23. Edamuriyil Chacko
24. Elamkulam Kurian
25. Elanjiparambil Varghese
26. Elavummoottil Xavier
27. Eruppakkattu Joseph
28. Kachamkode Antony
29. Kadaprakunnil Joseph
30. Kaithaparampil Joseph (Mijo)
31. Kaithaparampil Varghese
32. Kalarickal Joseph
33. Kalarikkal Jacob
34. Kalathil Jithin
35. Kalathiveettil Jacob
36. Kanchikal Philip
37. Kanikunnel James
38. Kanjiravelil Thomas
39. Kanjooparampil Thomas
40. Karattu Mathew
41. Karinganamattom Joseph
42. Karukaparambil Cherian
43. Karuvelil Zacharias
44. Kavanattu Mathew
45. Kizhakkethalackal Antony
46. Kooroth Jacob
47. Koottummel George
48. Kottathil Mathew (Ibin)
49. Kuzhippallil Jacob
50. Maliakel Thomas (Rajesh)

51. Malyeckal Mathew
52. Mammoottil Joseph
53. Mammoottil Sebastian
54. Manakkalam Varkey
55. Manakunnel John
56. Manatt Savio
57. Manavath Varkey
58. Manayath Sebastian
59. Mancherikalam Sebastian
60. Mangalathu Thomas
61. Moolamkunnam George
62. Muriyankavumkal Dominic
63. Muttel Thomas
64. Naduthundathil Sebastian
65. Naduvilekkalam Jacob
66. Nalpathamkalam Cyril
67. Nalpathamkalam Joseph
68. Nalpathilchira Joseph
69. Nambimadam Varghese
70. Nedumparampil Joseph
71. Odalany Mathew
72. Oozhikattu Mathew
73. Padamattam Jacob
74. Padinjareveettil Thomas
75. Paikkattumattathil Thomas
76. Pakalomattom Joseph
77. Palackal James
78. Palackal Joseph
79. Panachinkal Varghese
80. Panakezham George
81. Panamparambil Andrews
82. Parackal Jacob
83. Parackal Joseph
84. Parappallil Scaria
85. Parappally Jose
86. Parasseril Jose
87. Parathanam Thomas
88. Ponnattil Joseph
89. Poovatholil Thomas
90. Puthenchira Jose
91. Puthenparampil John (Bibin)
92. Puthenpurachirathykalam Xavier
93. Puthuparambil Joseph
94. Puthuveettilkalam Joseph (Teji)
95. Souriamakil Sebastian
96. Thadathil Mathew
97. Thaikkattuserril Thomas
98. Thalachelloor Antony
99. Thanniath Mathew
100. Tharakunnel John
101. Tharmasserry Abraham
102. Thattasserry Antony
103. Thayil Philip
104. Thayilnedumparampil Abraham
105. Thekkedath Kuriakose
106. Thekkepurath Joseph
107. Thengampallil Thomas
108. Thondikkakuzhyil Abraham
109. Thoompunkal Joseph (Roy)
110. Thundiyil John
111. Vadakkekalam John
112. Vallathara Aloysius
113. Varavukalayil Varghese

**BATCH III JULY 12-17**

1. Aiyankary Joseph
2. Ampalathinkal Jacob
3. Avanoor George
4. Bangalavuparampil Joseph
5. Chethipuzha Jacob
6. Chirayil Varghese
7. Choorapuzha Scaria
8. Chooravady Antony
9. Chooravady Mathew (Moban)
10. Chooravady Mathew (Sr.)
11. Chorettu Joseph
12. Erupathil Zachariah
13. Erupathinalil Mathew
14. Ethackad Antony
15. Kakkaparambil Antony
16. Kakkuzhy Cherian
17. Kalayamkandam James
18. Kampiyil Thomas
19. Kanniyaconil Thomas
20. Kappammuttil George
21. Karakkadu Thomas
22. Karikandathil Elias
23. Karippingapuram Abraham
24. Karukakalam Thomas
25. Karukayil Jacob
26. Kattoor Thomas

27. Kavithazhe Philip
28. Kayalilparambil Antony
29. Kezhaplackal Philipose
30. Kinganamchira Michael
31. Kizhakkeveettil Antony
32. Kochelechamkalam Thomas
33. Kochuparampil George
34. Kochuparampil Jose
35. Kochuparampil Varghese
36. Kodiyanthara Varghese
37. Kollamkalam Alex
38. Kottayil Cyriac
39. Kulangottil Joseph
40. Kunnath James
41. Kunnuparampil Joseph
42. Kurinjiparampil Sebastian
43. Kuzhiyadiyil Joseph
44. Kuzhuppil Thomas
45. Madathiparampil John
46. Mampara Sebastian
47. Mangalathil George
48. Mannamthuruthil Sebastian
49. Manthuruthil George
50. Mathilakathukuzhy Varghese
51. Mattathil Joseph
52. Meppuram Gregory
53. Moolayil Antony
54. Moolayil Varghese
55. Moonnuparayil Varghese
56. Mulavana Joseph
57. Mullakariyil Joseph
58. Mundakathil Joseph
59. Muthalakavil Antony
60. Muthumakuzhiyil Mathew
61. Muttathil Anto
62. Nambisserykalam Varghese
63. Nampiathu Antony
64. Neelaparambil Martin
65. Nerayath Antony
66. Nilavanthara Joseph
67. Ottarackal Chacko
68. Pallichirayil Joseph
69. Panakkezham Joseph
70. Panjipuzha Varghese
71. Paruvaparambil John
72. Peediackal Kuriakose
73. Plackalil Joseph
74. Plathanam John
75. Powanchira Mathew
76. Pulichamackal Mathew
77. Pulickassery Devasia
78. Pullukattu Francis
79. Punnasserry Xavier
80. Punnoorputhenparampil George
81. Puthenkalam Tom
82. Puthenparambil J Libin
83. Puthenparambil J Shijo
84. Puthenpurackal Thomas (Aji)
85. Puthenpurackal Thomas (Sr)
86. Puthenpurayil Mathew
87. Puthiaparampil J Toji
88. Puthiaparampil Joseph
89. Puthiyaparambil Thomas
90. Puthusseril Sebastian
91. Puthuveettil Joseph
92. Puthuveettilkalam Joseph (Tony)
93. Puthuvelil Varghese
94. Srambickal Varghese (Bibin)
95. Thanniath Thomas
96. Tharakunnel Antony
97. Theempalangattu Abraham
98. Thekkekara John
99. Thekkumuriyil Thomas
100. Thevary Antony
101. Thevercad Thomas
102. Thumpechirayil Mathew
103. Thundiyil Johnson
104. Thundukalam Antony
105. Thycheril George
106. Thyparampil Martin
107. Vadakkettam Francis
108. Valiyakunnumpurath Cyriac
109. Vallayil George
110. Vallianipuram Thomas
111. Varikatt Jacob
112. Varikkappallil Jose
113. Vattackattu Jacob
114. Vellanickal George
115. Vengasserry Thomas
116. Vettithanam Xavier
117. Vettuvayalil Abraham

❑

# വർക്ക് ക്യാംപ് 2026

സ്നേഹബഹുമാനപ്പെട്ട അച്ചന്മാരേ,

നമ്മുടെ അതിരൂപതയിലെ മേജർ സെമിനരി വൈദികാർഥികളുടെ ഈ വർഷത്തെ വർക്ക് ക്യാംപ് *ഏപ്രിൽ 17 മുതൽ 25 വരെ* കിടങ്ങറ സ്നേഹതീരത്തു നടത്തപ്പെടുന്നതാണ്. നിങ്ങളുടെ സഹകരണവും സാന്നിധ്യവും പ്രതീക്ഷിക്കുന്നു.

ബ്രദർ ആന്റണി തുണ്ടുപറമ്പിൽ 7558869160
ബ്രദർ ജോസഫ് പുത്തൻപറമ്പ് 8590077624
ബ്രദർ ജോൺ വട്ടപറമ്പിൽ 9188465831
**(വർക്ക് ക്യാംപ് ലീഡർമാർ)**

# വേദപ്രചാരമദ്ധ്യസ്ഥൻ

നമ്മുടെ അതിരൂപതയുടെ മുഖപത്രമായ വേദപ്രചാരമദ്ധ്യസ്ഥന്റെ വരിസംഖ്യ (300 രൂപ) നൽകാനുള്ളവർ **2026 ഏപ്രിൽ മുപ്പതിനകം** പുതുക്കണമെന്നു പ്രത്യേകം ഓർമിപ്പിക്കുന്നു.

**എഡിറ്റർ**
*(അതിരൂപതാ ചാൻസലർ)*

**9037440040** (ചാൻസറി ഓഫീസ്)
**8547673162** (കുടുംബക്കൂട്ടായ്മ ഓഫീസ്)

# സദസ്

## അതിരൂപതാ കൾച്ചറൽ അക്കാഡമി

**സന്ദേശനിലയം മൂന്നാം നില, ആർച്ചുബിഷപ് ഹൗസ്,**
**പി. ബി. നമ്പർ 20, ചങ്ങനാശേരി 686101**
**ഫോൺ: 9447464457**

# സംഗീതോത്സവം

അതിരൂപതാ കൾച്ചറൽ അക്കാഡമിയായ സദസിൽ **2026 ഏപ്രിൽ 1 മുതൽ മെയ് 31 വരെ** സംഗീതോപകരണങ്ങൾ, സംഗീതം, ചിത്രരചന, ഡാൻസ്, സ്കേറ്റിങ് എന്നിവ പഠിക്കാൻ സുവർണാവസരം!

**അധ്യാപകർ**

| | |
|---|---|
| ഗിറ്റാർ | : അഗസ്റ്റിൻ (പ്രൊഫഷണൽ ആർട്ടിസ്റ്റ്) |
| തബല, ജാസ് ഡ്രം | : വിനോദ് പെരുന്ന, ജോ ജാക്സൺ |
| വയലിൻ | : സദൻ വാകത്താനം |
| ശാസ്ത്രീയസംഗീതം | : അനുമോൾ മങ്കൊമ്പ് |
| സ്കേറ്റിങ്/ഡാൻസ് | : അജി ജോസഫ് |
| ചിത്രരചന | : ജോസ് അയ്യനാട്ട് |

**ഫാ. തോമസ് തൈക്കാട്ടുശ്ശേരിൽ** *(ഡയറക്ടർ)*

# 140 – ാമത് അതിരൂപതാദിനാചരണം

## തൃക്കൊടിത്താനം ഫൊറോനയുടെ നേതൃത്വത്തിൽ സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളി ഫാ. ഡൊമിനിക് തോട്ടാശേരി നഗറിൽ

**2026 മെയ് 20 ബുധനാഴ്ച 9.30 am - 1.30 pm**

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ

സമുദായശക്തീകരണം മുഖ്യപ്രമേയമായ ഈ വർഷത്തെ അതിരൂപതാദിനാഘോഷങ്ങളുടെ ഒരുക്കങ്ങൾ തൃക്കൊടിത്താനം ഫൊറോനയുടെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്നു. അതിരൂപതാദിനാചരണത്തിനു മുന്നോടിയായുള്ള ദീപശിഖാപ്രയാണം ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിയുടെ ആദ്യ ചെയർമാനായിരുന്നു ഫാ. ഡൊമിനിക് തോട്ടാശേരി എന്ന ചരിത്രവസ്തുത അനുസ്മരിപ്പിച്ചുകൊണ്ട് **മെയ് 19 ചൊവ്വാഴ്ച** ചങ്ങനാശ്ശേരി മുൻസിപ്പൽ ഓഫീസിന് മുമ്പിൽനിന്നും ആരംഭിക്കുന്നു. സ്വാതന്ത്ര്യസമരസേനാനിയും തിരുവിതാംകൂറിന്റെ ഝാൻസിറാണി എന്നറിയപ്പെടുന്ന ധീരപ്പോരാളിയുമായിരുന്ന അക്കാമ്മ ചെറിയാന്റെ ഛായാചിത്രപ്രയാണം അവരുടെ കബറിടം സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാപ്പള്ളിയിൽനിന്നും അതേദിവസംതന്നെ ആരംഭിക്കുന്നു. ദീപശിഖാ, ഛായാചിത്രപ്രയാണങ്ങൾ വിവിധ പള്ളികളിലെ സ്വീകരണങ്ങൾ ഏറ്റുവാങ്ങി തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ പള്ളിയിൽ എത്തിച്ചേരുന്നതാണ്. തുടർന്ന്, ആഘോഷമായ റംശാ നടത്തപ്പെടുന്നതാണ്. അതിരൂപതാദിനാചരണപരിപാടികൾ തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ പള്ളിയിലെ ഫാ. ഡൊമനിക് തോട്ടാശേരി നഗറിൽ **മെയ് 20 ബുധൻ** രാവിലെ 9.30ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 1.30നു സമാപിക്കത്തക്കരീതിയിലാണു ക്രമീകരിച്ചിരിക്കുന്നത്.

### അതിരൂപതാദിനാഘോഷം: ഇടവകതലത്തിൽ

അതിരൂപതാദിനത്തിന് ഒരുക്കമായി അതിരൂപതയിലെ ഇടവകകളിലും കുരിശുപള്ളികളിലും **2026 മെയ് 17 ഞായറാഴ്ച** ഇടവകതലാഘോഷം നടത്തേണ്ടതാണ്. അതിരൂപതയുടെ പൊതുനിയോഗത്തിൽ പരിശുദ്ധ കുർബാനയർപ്പിക്കുകയും അതിരൂപതാ ആന്തം ആലപിക്കുകയും തുടർന്നു പേപ്പൽ പതാക ഉയർത്തുകയും സമുദായശക്തീകരണപ്രതിജ്ഞ ചൊല്ലുകയും ചെയ്യണം. ഈ ആഘോഷം ഇടവകയിൽ മുഴുവനും *അതിരൂപത ഒരു കുടുംബം* എന്ന കൂട്ടായ്മയുടെ അനുഭവം വളരത്തക്കവിധം ഭംഗിയായി ക്രമീകരിക്കാൻ ശ്രമിക്കുമല്ലോ.

### A. സംസ്ഥാന – ദേശീയ – അന്തർദേശീയതലങ്ങളിൽ അംഗീകാരങ്ങൾ നേടിയവർക്കുള്ള പുരസ്കാരം

സംസ്ഥാന - ദേശീയ - അന്തർദേശീയതലങ്ങളിലും കെ.സി.ബി.സി., സി.ബി.സി.ഐ. തലങ്ങളിലും അംഗീകാരങ്ങൾ നേടിയ അതിരൂപതാംഗങ്ങളെ അതിരൂപതാദിനത്തിൽ ആദരിക്കുന്നതാണ് കൂടാതെ ഈ വർഷം സിവിൽ സർവീസ്, കെ.എ.എസ്. തുടങ്ങിയ പരീക്ഷകളിൽ മികച്ച റാങ്കുകൾ നേടിയവരെയും ആദരിക്കുന്നതാണ്.

*സമുദായശക്തീകരണവർഷം പ്രമാണിച്ച്*

1. ഏഴ് മക്കളോ അതിൽ കൂടുതലോ ഉള്ള അതിരൂപതാംഗങ്ങളായ അമ്പതു വയസിൽ താഴെ പ്രായമുള്ള ദമ്പതികളെ ആദരിക്കുന്നു
2. സ്വന്തമായി ആരംഭിച്ച് 10 വർഷത്തിനുള്ളിലായി മികച്ച സംരംഭങ്ങൾ (Startup) നടത്തുന്ന അതിരൂപതാംഗങ്ങളെ ആദരിക്കുന്നു

അങ്ങനെയുള്ള വ്യക്തികളുടെ ബയോഡേറ്റ കൃത്യമായ അനുബന്ധരേഖകളോടും വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുംകൂടി **2026 ഏപ്രിൽ 25നു മുമ്പായി** ഫാമിലി അപ്പോസ്തലേറ്റിന്റെ അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ് (9447016240).

**B. മികച്ച പാരിഷ് ബുള്ളറ്റിൻ, മികച്ച പാരിഷ് ഡയറക്ടറി**

മികച്ച പാരിഷ് ബുള്ളറ്റിൻ, മികച്ച പാരിഷ് ഡയറക്ടറി എന്നിവ തെരഞ്ഞെടുക്കുന്നതിനായി അവയുടെ ഒരു കോപ്പിവീതം **2026 മെയ് മൂന്നിനു മുമ്പായി** ഫാമിലി അപ്പോസ്തലേറ്റിന്റെ അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ് (9447016240). *(2025 മെയ് ഒന്നിനും 2026 ഏപ്രിൽ മുപ്പതിനും മധ്യേ പ്രസിദ്ധീകരിച്ചത്).*

***അപേക്ഷകൾ അയക്കേണ്ട വിലാസവും ഫോൺ നമ്പരും:***

ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ് അതിരൂപതാ ഓഫീസ്, ആർച്ചുബിഷപ് ഹൗസ്, പി.ബി. നമ്പർ 20, ചങ്ങനാശ്ശേരി 686101, കോട്ടയം. മൊബൈൽ: (9447016240)

**ഫാ. ആന്റണി എത്തക്കാട്**
(പ്രോട്ടോസിഞ്ചെള്ളൂസ്)

*അതിരൂപതാ കോഡിനേറ്റർമാർ*

**ഫാ. ചെറിയാൻ കക്കുഴി** (9495643338)
**ഫാ. ജോസഫ് പാറയ്ക്കൽ** (9544120698)
**ഫാ. ജേക്കബ് കളത്തിവീട്ടിൽ** (6238546236)

# ബേസ് റൗമാ – സുറിയാനിഭാഷാപഠനം

**മാന്നാനം സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ ആർക്കൈവ്സ് & റിസേർച്ച് സെന്ററിൽ**
**പൗരസ്ത്യസുറിയാനിഭാഷ പഠിക്കാനൊരവസരം**

**2026 ഏപ്രിൽ 13 മുതൽ മെയ് 23 വരെ**
രാവിലെ 9.15 മുതൽ ഉച്ചയ്ക്ക് 12.30 വരെ

സുറിയാനിഭാഷയോടൊപ്പം ആരാധനക്രമം, സംഗീതം, പൈതൃകം എന്നിവ ഇഷ്ടപ്പെടുന്ന ഏവർക്കും സ്വാഗതം. ആദ്യന്തം പങ്കെടുക്കുന്നവർക്കു കോഴ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

**ഫാ. ആന്റണി ബംഗ്ലാവുപറമ്പിൽ സി.എം.ഐ.**
(ഡയറക്ടർ)

*കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും:* **Email: kearchives@gmail.com**
**Mobile: 8289998237**

# പാസ്റ്ററൽ കൗൺസിൽ

## XVI-ാം പാസ്റ്ററൽ കൗൺസിൽ - പൊതുസമ്മേളനത്തിന്റെ റിപ്പോർട്ട്

XVI-ാം പാസ്റ്ററൽ കൗൺസിലിന്റെ അവസാനത്തെ പൊതുസമ്മേളനം 2026 മാർച്ച് 14നു എസ്.ബി. കോളേജിലെ കല്ലറയ്ക്കൽ ഹാളിൽ നടന്നു. 110 അംഗങ്ങൾ പങ്കെടുത്തു. MMS പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലില്ലി ജോസഫ് നയിച്ച പ്രാർഥനയോടെ ആരംഭിച്ച യോഗത്തിൽ അതിരൂപതാ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട് സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖ മാത്യൂസ് റിപ്പോർട്ടവതരിപ്പിച്ചു. 2023-26 കാലയളവിൽ പ്രവർത്തിച്ച XVI-ാം പാസ്റ്ററൽ കൗൺസിലിന്റെ പ്രവർത്തനവിജയം ബഹു. അംഗങ്ങളുടെ ആത്മാർഥമായ സഹകരണം ഒന്നുകൊണ്ടു മാത്രമായിരുന്നുവെന്ന് സെക്രട്ടറി അനുസ്മരിച്ചു. ഈ കൗൺസിൽ രൂപീകരിച്ച അഭി. ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായ്ക്കും അംഗീകാരം നൽകി തുടർന്ന് നയിച്ചുകൊണ്ടിരുന്ന അഭി. തോമസ് തറയിൽ പിതാവിനും കൗൺസിലിന്റെ പ്രത്യേക ചുമതല വഹിച്ചിരുന്ന പെ. ബഹു. എത്തയ്ക്കാട്ടച്ചനും മറ്റു ആദരണീയരായ കൂരിയാ അംഗങ്ങൾക്കും വൈദികർ-സന്യസ്തർ എന്നിവർക്കും സെക്രട്ടറി നന്ദി പ്രകാശിപ്പിച്ചു. ഫൊറോനാ കൗൺസിൽ സെക്രട്ടറിമാർ, വിവിധ കമ്മിറ്റികൾക്ക് നേതൃത്വം നൽകിയ ചെയർമാന്മാർ, കൺവീനർമാർ എന്നിവരെയും നന്ദിയോടെ അനുസ്മരിച്ചു. ഈ കൗൺസിലിന്റെ പ്രവർത്തനത്തിൽ ഒരുപക്ഷേ ഏറ്റവും ചാരിതാർഥ്യം നൽകുന്നത് നാടാർ-കമ്മാളർ എന്നീ വിഭാഗങ്ങൾക്കായി നടത്തിയ ക്ഷേമപ്രവർത്തനങ്ങളാണെന്ന് സെക്രട്ടറി പറഞ്ഞു. വിദ്യാർഥികൾക്കായി അമ്പൂരിയിൽ നടന്ന നേതൃത്വ പരിശീലന സംഗമം, കരിയർ ഗൈഡൻസ് ശില്പശാല, കമ്മാളവിഭാഗത്തിലെ കുടുംബസന്ദർശനം, വിശദമായ റിപ്പോർട്ടു തയ്യാറാക്കൽ എന്നിവ ഈ വിഭാഗങ്ങളുടെ വളർച്ചയ്ക്കും പുരോഗതിക്കും മുതൽക്കൂട്ടാവുന്ന പ്രവർത്തനങ്ങളായി വിലയിരുത്തപ്പെട്ടു. അടിയന്തരശ്രദ്ധയും പ്രത്യേക പരിഗണനയും നൽകി കമ്മാള വിഭാഗത്തെ ശ്രദ്ധിക്കാനുള്ള പദ്ധതിക്ക് രൂപം നൽകുമെന്ന് അഭി. പിതാവ് ഉറപ്പു നൽകിയത് വളരെ സന്തോഷകരമായ അനുഭവമായിരുന്നു. മറ്റു കമ്മറ്റികളുടെ നേതൃത്വത്തിൽ നടത്തപ്പെട്ട മാതൃകാപരമായ പ്രവർത്തനങ്ങളും ഈ കൗൺസിലിന് ഊർജം പകർന്നു. അതിരൂപതയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് ബഹു. കൗൺസിൽ അംഗങ്ങൾ നൽകിയ സംഭാവനകൾക്ക് സെക്രട്ടറി നന്ദിയർപ്പിച്ചു.

അഭി. മാർ തോമസ് തറയിൽ പിതാവ് തന്റെ അധ്യക്ഷപ്രസംഗത്തിൽ സൂചിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം നമ്മുടെ സമുദായത്തിന്റെ നിലനില്പും വളർച്ചയും സർക്കാരിന്റെയോ ഇതര ഏജൻസികളുടേയോ ഉത്തരവാദിത്വമല്ല, മറിച്ച് അത് സമുദായാംഗങ്ങളായ നമ്മുടെ ഓരോരുത്തരുടെയും വിളിയും കടമയുമാണ് എന്നതാണ്. എല്ലാ മേഖലകളിലും ധ്രുവീകരണവും ഛിദ്രശക്തികൾ ഉയർത്തുന്ന വെല്ലുവിളികളും നമ്മുടെ നിതാന്ത ജാഗ്രതയും ശ്രദ്ധയും ആവശ്യപ്പെടുന്നു. ജനസംഖ്യാപരമായി വലിയ കുറവ് നാം അഭി

മുഖീകരിക്കുന്നു. നമ്മെ ദുർബലപ്പെടുത്തുന്ന നിരവധി കാരണങ്ങളുമുണ്ട്. പക്ഷെ നമ്മുടെ പുരോഗതി നമ്മുടെ കൈയിൽതന്നെയെന്നു തിരിച്ചറിഞ്ഞ് നാം ഒരുമിച്ച് നിൽക്കണം, ഒരുമിച്ച് മുന്നേറണം. സമുദായശക്തീകരണ കൈപ്പുസ്തകം ഗൗരവത്തോടെ പഠിക്കണം. കൂട്ടായ്മകൾ കേന്ദ്രീകരിച്ച് റ്റീച്ചിംഗ് റ്റീം പ്രവർത്തിക്കണം. കുടുംബ ഭദ്രത, നേരത്തെയുള്ള വിവാഹം, ധാരാളം മക്കൾ എന്നിവ നമ്മുടെ തനതു മൂല്യങ്ങളായിരുന്നു. ഇതൊക്കെ നഷ്ടപ്പെടാതെ കാക്കണം. ഒരു കാലത്തു നാം ഭൂവുടമകളായിരുന്നു. ഇപ്പോൾ മക്കളും ഭൂമിയും കുറവുള്ളവരായി നാം മാറുന്നു. രാഷ്ട്രീയ ഭരണരംഗങ്ങളിലും നമ്മുടെ സാന്നിദ്ധ്യവും സ്വാധീനവും കുറയുന്നു. ദീപിക പത്രത്തിന്റെ ഭാവിയും നമ്മുടെ കയ്യിൽതന്നെയാണ്. അതിരൂപതയിലെ പകുതി കുടുംബങ്ങൾ പത്രം വരുത്തിയാൽ തീരാവുന്നതേയുള്ളൂ ദീപികയുടെ പ്രതിസന്ധി. ബോധ്യങ്ങളുടെ കുറവാണ് നമ്മുടെ തളർച്ചയുടെ കാരണം. ആത്യന്തികമായി സ്വർഗപ്രാപ്തിയാണ് നമ്മുടെ ലക്ഷ്യം. സഭയെ സ്നേഹിക്കുകയും ഏല്പിച്ച ദൗത്യങ്ങൾ എല്ലാവരും നിറവേറ്റുകയും ചെയ്യണം. അതിരൂപതയിലെ ആദ്യത്തെ വനിതാ സെക്രട്ടറി നേതൃത്വം നൽകിയ കൗൺസിൽ എന്ന ഖ്യാതി ഈ കൗൺസിലിന് സ്വന്തം; ത്യാഗോജ്ജ്വലമായി, സ്തുത്യർഹമായി ശുശ്രൂഷ ചെയ്ത ഡോ. രേഖ മാത്യൂസിനെയും ജോയിന്റ് സെക്രട്ടിമാരായി ആത്മാർഥമായി ശുശ്രൂഷ ചെയ്ത ജെറോം സാറിനെയും ബിജു സെബാസ്റ്റ്യനെയും അഭി. പിതാവ് അഭിനന്ദിച്ചു. അതിരൂപതയിൽ നേതൃശുശ്രൂഷ ചെയ്ത പ്രിയ ബഹു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളോടുള്ള നന്ദിയും കടപ്പാടും അഭി. പിതാവ് രേഖപ്പെടുത്തി. 18 ഫൊറോനകളിലെയും ഫൊറോനാ കൗൺസിൽ സെക്രട്ടറിമാരുടെ ത്യാഗപൂർണ്ണമായ സഹകരണത്തെ അഭി. പിതാവ് ശ്ലാഘിച്ചു. സഭാശുശ്രൂഷാ ശ്രേണികളിൽ വരുംകാലങ്ങളിലും നേതൃത്വവും പ്രവർത്തനവും തുടരണമെന്നും പിതാവ് ആവശ്യപ്പെട്ടു.

തുടർന്ന്, ഈയിടെ പ്രസിദ്ധീകൃതമായ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് 5 കൗൺസിൽ അംഗങ്ങൾ വിശദമായി പഠിച്ച് അവതരിപ്പിച്ചു. വിവിധ മേഖലകളിൽ നിർദേശിച്ചിരിക്കുന്ന ശുപാർശകളും നടപ്പിൽ വരുത്തേണ്ട പദ്ധതികളും മറ്റും കൃത്യമായും വ്യക്തമായും അവതരിപ്പിക്കപ്പെട്ടു. ബഹു. കൗൺസിൽ അംഗങ്ങൾ തന്നെ ഈ ചുമതല ഏറ്റെടുത്തു നിർവ്വഹിച്ചത് ഏറെ ഹൃദ്യമായ അനുഭവമായിരുന്നു. ഉന്നതനിലവാരം പുലർത്തിയ അവതരണങ്ങൾ നടത്തിയത് ഡോ. റെജിമോൾ ആലഞ്ചേരി, അഡ്വ. ലിതിൻ തോമസ്, ഡോ. ഡൊമിനിക് ജോസഫ്, ശ്രീ. ആന്റണി ആറിൽചിറ, ഡോ. സിജോ ജേക്കബ് എന്നിവരായിരുന്നു.

മരണംമൂലം വേർപിരിഞ്ഞ വിദ്യാഭ്യാസ-മാനേജ്മെന്റ് വിദഗ്ധൻ ഷെവ. പ്രൊഫ. ജെ. ഫിലിപ്പ്, കൗൺസിൽ അംഗം ശ്രീ. സി. എ. ഏബ്രഹാം കട്ടക്കയം എന്നിവരെ അനുസ്മരിച്ച് ഡോ. റാണി മരിയ തോമസ്, ശ്രീ. റോയി വേലിക്കെട്ടിൽ എന്നിവർ സംസാരിച്ചു. മൗനപ്രാർഥനയോടെ ഏവരും എഴുന്നേറ്റുനിന്നു ആദരമർപ്പിച്ചു.

തുടർന്ന്, വിവിധ രംഗങ്ങളിൽ മികവു തെളിയിച്ചവരും തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ വിജയിച്ചവരുമായ കൗൺസിലംഗങ്ങളെ ആദരിച്ചു. മിനി ജയിംസ്, സാജു കടമാട്, ബീന ജോബി, ബോബിച്ചൻ കണ്ണമ്പള്ളി, ജോസഫ് ദേവസ്യ, ബ്രെൻസി ബൈജു, ബോബൻ ജോസ് ചൂരക്കുറ്റിയുടെ മകൻ ജോസ് ബോബൻ എന്നിവരാണ് വിജയതിലകമണിഞ്ഞവർ. കെ.സി.ബി.സി.യുടെ മികച്ച അധ്യാപകനുള്ള അവാർഡ് നേടിയ ബിനു ജോയി, കെ.സി.സി. എക്സിക്യൂട്ടിവംഗമായി തെരഞ്ഞെടുക്കപ്പെട്ട സബീഷ് നെടുംപറമ്പിൽ, കെ.സി.എസ്.എൽ. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ബിനു കുര്യാക്കോസ്, നാഷണൽ മാസ്റ്റേഴ്സ് അത്‌ലറ്റിക്സ് മീറ്റിൽ 100 മീറ്റർ, ലോംഗ് ജംപ് ഗോൾഡ് മെഡൽ ജേതാവ് ഡോ. ഷേർലി ഫിലിപ്പ്, സി.ബി.സി.ഐ.യുടെ അല്മായ സംഘട AICU കേരള വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട സൈബി അക്കര, ഡോ. ആന്റണി നിരപ്പേൽ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ മികച്ച അധ്യാപക പുരസ്കാരം നേടിയ ഡോ. ഡൊമിനിക് ജോസഫ് എന്നിവരെയും അഭി. പിതാവ് ആദരിച്ചു.

തുടർന്ന് പ്രമേയാവതരണം നടന്നു. കെ.റ്റെറ്റ് പരീക്ഷ സീനിയർ അധ്യാപകർക്കും ബാധകമാക്കിയിരിക്കുന്ന സർക്കാർ നടപടിയെക്കുറിച്ചുള്ള ഉത്ക്കണ്ഠ പങ്കുവെക്കുന്ന പ്രമേയം സബീഷ് നെടുംപറമ്പിൽ അവതരിപ്പിച്ചു. ജിനോദ് ഏബ്രഹാം സമർപ്പിച്ച പ്രപ്പോസൽ അഭി. പിതാവ് ഉടനെ അംഗീകരിക്കുകയും തുടർനടപടികൾക്കുള്ള നിർദേശം നൽകുകയും ചെയ്തു. അതിരൂപതയിലെ എല്ലാ കുടുംബങ്ങൾക്കും പ്രയോജനകരമാകുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും വിജയകരമായി നടത്തുന്നതിനുള്ള നിർദേശങ്ങളും ഉൾക്കൊള്ളുന്ന ഒരു സമഗ്ര സ്കീം ആണ് ജിനോദ് മുന്നോട്ടുവെച്ചത്.

കൊല്ലം-ആയൂർ ഫൊറോനാ കൗൺസിൽ സെക്രട്ടറി ജെനു തോമസ് അനന്തക്കാട്ടും മറ്റംഗങ്ങളും ചേർന്ന് കഴിഞ്ഞ മൂന്നുവർഷത്തെ അവരുടെ മികവാർന്ന പ്രവർത്തനത്തിന്റെ റിപ്പോർട്ട് മനോഹരമായി ബൈൻഡ് ചെയ്ത് അഭി. പിതാവിന് സമർപ്പിച്ചത് വളരെ ഹൃദയഹാരിയായി. അവർക്ക് ഏവർക്കും കൗൺസിൽ അഭിനന്ദനങ്ങൾ നേർന്നു. അഭി. പിതാവ് എല്ലാ അംഗങ്ങൾക്കും പുസ്തകം സമ്മാനിച്ച് അതിരൂപതയുടെ ആശംസകൾ നേർന്നു.

പൊതുചർച്ചയെ തുടർന്ന് ജോയിന്റ് സെക്രട്ടറി പ്രൊഫ. പി. പി. ജെറോം നന്ദി പ്രകാശിപ്പിച്ചു. അഭി. പിതാവിന്റെ ശ്ലൈഹികാശീർവാദത്തിനുശേഷം ഗ്രൂപ്പു ഫോട്ടോ എടുത്ത് ഉച്ചഭക്ഷണം കഴിഞ്ഞ് അംഗങ്ങൾ മടങ്ങി. എല്ലാവരോടും നന്ദിയർപ്പിച്ച്, ആദരവോടെ ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു. ദൈവതിരുനാമത്തിന് മഹത്വം ഉണ്ടാകട്ടെ.

**പ്രൊഫ. പി. വി. ജറോം**
**ബിജു സെബാസ്റ്റ്യൻ**
*(ജോയിന്റ് സെക്രട്ടറിമാർ)*

**ഡോ. രേഖ മാത്യൂസ്**
*(സെക്രട്ടറി)*

❑

# സന്ദേശനിലയം

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം എല്ലാവർക്കും ആശംസിക്കുന്നു. പ്രത്യാശയോടെ ജീവിതത്തിലെ എല്ലാ പ്രതിസന്ധികളെയും അതിജീവിക്കുക എന്നതാണ് ഉത്ഥിതൻ നൽകുന്ന സന്ദേശം. ആവേശപൂർവ്വം നമുക്ക് വിശ്വാസോത്സവം കൊണ്ടാടാം. നൽകപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾ പൂർണമായും പാലിച്ച് വിശ്വാസത്തിന്റെ ഫലമെടുക്കാൻ നമുക്കെല്ലാവർക്കും കഴിയട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## അറിയിപ്പുകൾ

**ഏപ്രിൽ**

01 ബുധൻ : **വലിയ ബുധൻ** (ഓഫീസ് അവധി)

02 വ്യാഴം : **പെസഹാവ്യാഴം** (ഓഫീസ് അവധി)

03 വെള്ളി : **ദുഖവെള്ളി** (ഉപവാസദിനം), (ഓഫീസ് അവധി)

04 ശനി : **വലിയശനി** (ഓഫീസ് അവധി)

05 ഞായർ : **ഉയിർപ്പുതിരുനാൾ, ഉയിർപ്പുകാലം ഒന്നാം ഞായർ**

**06 തിങ്കൾ : വിശ്വാസോത്സവം ആരംഭിക്കുന്നു**

07 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ, ചങ്ങങ്കരി *(വൈകുന്നേരം 5.30-8.30)*

16 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് സേവ്യേഴ്സ് സൺഡേ സ്കൂൾ, പുതുക്കരി *(വൈകുന്നേരം 6-9)*

19 ഞായർ : റ്റീച്ചേഴ്സ് ഈവ്: ഡോൺ ബോസ്കോ സൺഡേ സ്കൂൾ, ചെത്തിപ്പുഴ (രാവിലെ 9.30-4.30)

20 തിങ്കൾ : അവധിക്കാല വിശ്വാസപരിശീലനക്ലാസ്സ് ആരംഭിക്കുന്നു

21 ചൊവ്വ : **അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ** *(രാവിലെ 10 മുതൽ 12 വരെ അതത് ഫൊറോനകേന്ദ്രങ്ങളിൽ)*

22 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, കേളമംഗലം *(വൈകുന്നേരം 6-9)*

24 വെള്ളി : അവധിക്കാല വിശ്വാസപരിശീലനക്ലാസ്സ് സമാപിക്കുന്നു.

25 ശനി : സി.എൽ.റ്റി. ക്ലാസ്സ്
സി.എഫ്.സി. മീറ്റിങ് ആലപ്പുഴ ഫൊറോന (രാവിലെ 9.30-12)
സി.എഫ്.സി. മീറ്റിങ് മുഹമ്മ ഫൊറോന (ഉച്ചകഴിഞ്ഞ് 2-4.30)

26 ഞായർ : സി.എഫ്.സി. മീറ്റിങ് കൊല്ലം-ആയൂർ ഫൊറോന (ഉച്ചകഴിഞ്ഞ് 2–4.30)

27 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ് സൺഡേ സ്കൂൾ, കരുവാറ്റ *(വൈകുന്നേരം 6–9)*

29 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് നിക്കോളാസ് സൺഡേ സ്കൂൾ, കരുമാടി *(വൈകുന്നേരം 6–9)*

**മെയ്**

01 വെള്ളി : **മെയ്ദിനം – തൊഴിലാളി മധ്യസ്ഥൻ മാർ യൗസേപ്പ്** (ഓഫീസ് അവധി)

സി.എഫ്.സി. മീറ്റിങ് തിരുവനന്തപുരം ഫൊറോന (ഉച്ചകഴിഞ്ഞ് 2–4.30)

02 ശനി : സി.എഫ്.സി. മീറ്റിങ് അമ്പൂരി ഫൊറോന (രാവിലെ 9.30–12)

**സി.എൽ.റ്റി. 44–ാമത് ബാച്ച് പരീക്ഷ**

03 ഞായർ : സി.എഫ്.സി. മീറ്റിങ് കുറുമ്പനാടം ഫൊറോന (രാവിലെ 9.30–12)

സി.എഫ്.സി. മീറ്റിങ് തൃക്കൊടിത്താനം ഫൊറോന (ഉച്ചകഴിഞ്ഞ് 2–4.30)

05 ചൊവ്വ : **സന്ദേശനിലയം സ്ഥാപകദിനം**

09 ശനി : സി.എഫ്.സി. മീറ്റിങ് എടത്വാ ഫൊറോന (രാവിലെ 9.30–12)

സി.എഫ്.സി. മീറ്റിങ് ചമ്പക്കുളം ഫൊറോന (ഉച്ചകഴിഞ്ഞ് 2–4.30)

## രണ്ടാം ടേം എക്കോസ്@സന്ദേശ് മാർക്ക് എൻട്രി

ഏപ്രിൽ 15–ന് മുമ്പായി എല്ലാ ക്ലാസ്സുകളുടെയും രണ്ടാം ടേം മാർക്കുകളും, ഹാജറും എന്റർ ചെയ്യുന്ന നടപടികൾ പൂർത്തീകരിക്കണം. അന്ന് 2–ാം ടേം ലോക്ക് ആകുകയും വിശ്വാസോത്സവ ടേം ഓപ്പൺ ആകുന്നതുമാണ്. വിശ്വാസോത്സവം കഴിഞ്ഞാലുടൻ മാർക്കും ഹാജറും എന്റർ ചെയ്താൽ പ്രമോഷൻ ലിസ്റ്റ് എളുപ്പത്തിൽ തയ്യാറാക്കാം. സർട്ടിഫിക്കറ്റുകൾ എളുപ്പത്തിൽ ലഭിക്കുന്നതിന് എല്ലാ വിവരങ്ങളും കൃത്യമായി എക്കോസിൽ എന്റർ ചെയ്തിരിക്കണം.

## 2025–26 വർഷത്തെ അധ്യാപകരുടെ സ്റ്റാറ്റിസ്റ്റിക്സ്

2025–26 വർഷത്തെ അധ്യാപകരുടെ സ്റ്റാറ്റിസ്റ്റിക്സ് ഏപ്രിൽ മാസം അവസാനത്തോടുകൂടി തയ്യാറാക്കാവുന്നതാണ്. എല്ലാ ടീച്ചേഴ്സിന്റേയും ഒപ്പോടുകൂടി വേണം സന്ദേശനിലയത്തിൽ കോപ്പി നല്കുവാൻ. കോപ്പിയോടൊപ്പം അധ്യാപകരുടെ ഹാജർ ബുക്ക് ഒറിജിനലും കോപ്പിയും ഉണ്ടായിരിക്കണം. സർവ്വീസ് കാലയളവ് ശരിയാണെന്ന് ബോധ്യപ്പെട്ടുവേണം ഓരോരുത്തരും ഒപ്പിടുവാൻ.

## വിശ്വാസോത്സവം ഉയിർപ്പുതിരുനാളിനുശേഷം

വിശ്വാസോത്സവം ഏപ്രിൽ 6 തിങ്കളാഴ്ച ആരംഭിച്ച് 15 ബുധനാഴ്ച അവസാനിക്കുന്നു. ഓരോ ദിവസവും വിശുദ്ധകുർബാനയോടെ ആരംഭിക്കുകയും

5 മണിക്കൂർ സമയം പൂർണമായും ക്ലാസുകൾക്കായി വിനിയോഗിക്കുകയും ചെയ്യുക എന്നതാണ് സന്ദേശനിലയത്തിന്റെ നിർദ്ദേശം. നിയമസഭാ ഇലക്ഷൻ പ്രഖ്യാപിച്ചിരിക്കുന്നതിനാൽ, പോളിങ് ദിനത്തിൽ അവധി കൊടുക്കേണ്ടി വരികയോ പോളിംഗ് സ്റ്റേഷനുകളായി പ്രവർത്തിക്കേണ്ടതായിവരുന്ന സ്കൂളുകളിൽ വിശ്വാസോത്സവം ക്രമീകരിക്കപ്പെടുകയാണെങ്കിൽ അധികദിനങ്ങൾ കണ്ടെത്തി (April 16, 17) വിശ്വാസോത്സവം പൂർത്തീകരിക്കുമല്ലോ.

### അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ

ഏപ്രിൽ 21 ചൊവ്വാഴ്ച രാവിലെ 10 മുതൽ 12 വരെ അതത് ഫൊറോന കേന്ദ്രങ്ങളിൽ സ്കോളർഷിപ്പ് പരീക്ഷ നടത്തപ്പെടും. (നിയമസഭ ഇലക്ഷനും ദിശയുടെ ക്യാംപും നമ്മുടെ സ്ക്കോളർഷിപ്പ് പരീക്ഷ തീയതി നീട്ടിവയ്ക്കുന്നതിന് കാരണമായി). ഒന്നും രണ്ടും ടേം പരീക്ഷകളിൽ യോഗ്യത നേടിയവർക്ക് വിശ്വാസോത്സവത്തിൽ 90% മാർക്കും ഹാജറും ഉണ്ടായിരിക്കണം. യോഗ്യത നേടിയ കുട്ടികളുടെ ലിസ്റ്റ് സന്ദേശനിലയം പരീക്ഷയ്ക്ക് മുമ്പായി പബ്ലിഷ് ചെയ്യുന്നതാണ്. സ്കോളർഷിപ്പ്പരീക്ഷയ്ക്ക് വരുന്ന കുട്ടികൾ വിശ്വാസോത്സവ വർക്ക്ബുക്കുമായി ഫൊറോന പരീക്ഷാസെന്ററുകളിൽ കൃത്യം 9.30 ന് എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 31 കാണുക.

### അവധിക്കാല വിശ്വാസപരിശീലനക്ലാസ്സ്

നവോദയ - സൈനിക സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും ഗുരുതര കാരണങ്ങളാൽ 75% ഹാജർനില കൈവരിക്കാത്തവർക്കുമായി സന്ദേശനിലയത്തിൽ ഏപ്രിൽ 20 തിങ്കൾ മുതൽ 24 വെള്ളി വരെ അവധിക്കാല വിശ്വാസപരിശീലനക്ലാസ്സ് നടത്തപ്പെടുന്നു. സമയക്രമം - രാവിലെ 9.00 മുതൽ വൈകുന്നേരം 4.00 വരെയാണ്. രജിസ്ട്രേഷൻ ഫീസ് 900 രൂപ. ഏപ്രിൽ 16-നകം ഇതിനായുള്ള ഗൂഗിൾ ഫോം പൂരിപ്പിച്ച് അയയ്ക്കേണ്ടതാണ്. ക്ലാസിന് വരുന്ന കുട്ടികൾ വികാരിയച്ചനിൽ നിന്നും കാരണം വ്യക്തമാക്കിയിട്ടുള്ള കത്തുംകൂടി കൊണ്ടുവരേണ്ടതാണ്. മുൻകൂട്ടി വിവരമറിയിക്കുന്നവർക്ക് ആവശ്യമെങ്കിൽ താമസസൗകര്യം ക്രമീകരിക്കുന്നതാണ്.

### CFC (Catechetical Forane Committee) Meeting - 2026

| *തീയതി* | *9.30 am – 12.00 pm* | *2.00 pm – 4.30 pm* |
|---|---|---|
| ഏപ്രിൽ 25 ശനി | ആലപ്പുഴ | മുഹമ്മ |
| ഏപ്രിൽ 26 ഞായർ | | കൊല്ലം-ആയൂർ |
| മെയ് 1 വെള്ളി | | തിരുവനന്തപുരം |
| മെയ് 2 ശനി | അമ്പൂരി | |
| മെയ് 3 ഞായർ | കുറുമ്പനാടം | തൃക്കൊടിത്താനം |
| മെയ് 9 ശനി | എടത്വ | ചമ്പക്കുളം |
| മെയ് 10 ഞായർ | പുളിങ്കുന്ന് | ചങ്ങനാശേരി |
| മെയ് 16 ശനി | മണിമല | നെടുങ്കുന്നം |

| | | |
|---|---|---|
| മെയ് 17 ഞായർ | കോട്ടയം | തുരുത്തി |
| മെയ് 23 ശനി | അതിരമ്പുഴ | കുടമാളൂർ |
| മെയ് 24 ഞായർ | | ചെങ്ങന്നൂർ |

ഇടവേളയ്ക്കുശേഷം പുനരാരംഭിക്കുന്ന ഈ സമിതി യോഗത്തിലേയ്ക്ക് നിർദ്ദേശിക്കപ്പെട്ടവരുടെ പങ്കാളിത്തം ആത്മാർത്ഥമായിട്ടുണ്ടാകേണ്ടതാണ്. സി.ആർ.റ്റി. അംഗങ്ങൾ, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാർ, സ്റ്റാഫ് സെക്രട്ടറി, ഓഫീസ് സെക്രട്ടറി, എക്കോസ്@സന്ദേശ് tech support എന്നിവരും മിഷൻലീഗ് മേഖലാ ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്. പുതിയപ്രവർത്തനവർഷം ആരംഭിക്കുന്നതിനു മുമ്പായി വരുംവർഷത്തെ പ്രവർത്തനപരിപാടികളെക്കുറിച്ചുള്ള വിശദീകരണ-അവലോകനയോഗത്തിൽ നേതൃനിരയിലുള്ളവർ പങ്കെടുക്കേണ്ടതാണെന്ന് അറിയിക്കുന്നു.

**നന്ദി**

ഫൊറോന ഓർഗനൈസറച്ചന്മാരായി സേവനം ചെയ്ത ഫാ. യോഹന്നാൻ കട്ടത്തറ (ആലപ്പുഴ), ഫാ. വർക്കി മണക്കളം (അമ്പൂരി), ഫാ. മാത്യു കാവനാട്ട് (അതിരമ്പുഴ), ഫാ. വർഗ്ഗീസ് പഞ്ഞിപ്പുഴ (ചമ്പക്കുളം), ഫാ. ജോസഫ് കുറശ്ശേരി (ചങ്ങനാശ്ശേരി), ഫാ. ജോർജ് വല്ലയിൽ (ചെങ്ങന്നൂർ), ഫാ. വർഗീസ് വരവുകാലായിൽ (കുടമാളൂർ), ഫാ. ജോസഫ് പാറയ്ക്കൽ (കോട്ടയം), ഫാ. സെബാസ്റ്റ്യൻ കളത്തിപ്പറമ്പിൽ (കുറുമ്പനാടം), ഫാ. ജേക്കബ് കളത്തിവീട്ടിൽ (നെടുംകുന്നം), ഫാ. ആന്റണി കായലിപ്പറമ്പിൽ (തൃക്കൊടിത്താനം), ഫാ. ജൂലിയസ് തീമ്പലങ്ങാട്ട് (തുരുത്തി) എന്നിവർക്ക് സന്ദേശനിലയം കുടുംബത്തിന്റെ നന്ദി.

**നന്ദി**

സന്ദേനിലയം-മിഷൻലീഗ് ഓഫീസിൽ ആറുമാസക്കാലം സ്തുത്യർഹമായി സേവനം ചെയ്ത് ഇറ്റാവാ മിഷനിലേയ്ക്ക് സ്ഥലം മാറിപോകുന്ന റീജന്റ് ബ്രദർ ജെയ്സ് മണ്ണലാനിക്കലിന് നന്ദി.

**ആദരാഞ്ജലികൾ**

സന്ദേശനിലയം മുൻ അസി. ഡയറക്ടർ ഫാ. സോണി കരിവേലിലിന്റെ പിതാവിന്റെയും വെട്ടിത്തുരുത്ത് സൺഡേ സ്കൂൾ അധ്യാപിക സി. ലിസ്യു എസ്.എച്ച്.ന്റേയും ചെത്തിപ്പുഴ സൺഡേ സ്കൂൾ മുൻ അധ്യാപകൻ ജോസഫ് ജോസഫ് ഇല്ലിമ്മൂട്ടിലിന്റെയും കുമരകം വടക്കുംകര സൺഡേ സ്കൂൾ മുൻ അധ്യാപകൻ ജോർജ്ജ് പി. തോമസിന്റെയും കുമരങ്കരി സൺഡേ സ്കൂൾ ഹെഡ്മിസ്ട്രസ് സി. ഫിൽസീന എഫ്.ഡി.എസ്.എച്ച്.ജെ. യുടെ മാതാവിന്റെയും വടക്കേഅമിച്ചകരി സൺഡേ സ്കൂൾ അധ്യാപിക സി. ലിൻസ് മേരി എസ്.എ.ബി.എസ്.ന്റെ പിതാവിന്റേയും തൃക്കൊടിത്താനം സൺഡേ സ്കൂൾ അധ്യാപകൻ ജെറിൻ കോലേട്ടിന്റെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

❑

# ചെറുപുഷ്പ മിഷൻ ലീഗ്
## (CML)

സ്നേഹം നിറഞ്ഞ കുഞ്ഞുമിഷനറിമാരെ,

ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവം നേരുന്നു. ഉത്ഥിതനായ ഈശോ നമുക്കെല്ലാവർക്കും നൽകുന്ന ആശംസകൾ സമാധാനത്തിന്റേതാണ്. ഉള്ളിൽ സമാധാനം അനുഭവിക്കാനും പരസ്പരം സമാധാനത്തിൽ ജീവിക്കാനും ഉയിർപ്പുതിരുനാൾ നമ്മളെ പ്രാപ്തരാക്കുന്നു. നമ്മുടെ മിഷനറി ചൈതന്യം വർദ്ധമാനമാക്കാൻ വിശ്വാസോത്സവത്തിന്റെ ദിനങ്ങളും നമ്മളെ സഹായിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതെലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ഏപ്രിൽ**

*ദൈവവചനം : ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത് നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മയുണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇത് പ്രഘോഷിക്കുന്നത് (1 യോഹ. 1 : 3)*

*സുകൃതജപം : എന്റെ ദൈവം എന്റെ സർവ്വസ്വവും*

*നിയോഗം : എല്ലാ മിഷനറിമാർക്കും വേണ്ടി പ്രാർത്ഥിക്കുക.*

01 ബുധൻ : **വലിയ ബുധൻ** (ഓഫീസ് അവധി)

02 വ്യാഴം : **പെസഹാവ്യാഴം** (ഓഫീസ് അവധി)

03 വെള്ളി : **ദുഃഖവെള്ളി** (ഉപവാസദിനം), (ഓഫീസ് അവധി)

04 ശനി : **വലിയശനി** (ഓഫീസ് അവധി)

05 ഞായർ : **ഉയിർപ്പുതിരുനാൾ**

06 തിങ്കൾ : **വിശ്വാസോത്സവം ആരംഭിക്കുന്നു** (6 മുതൽ 15 വരെ)
**ദൈവവിളി സെലക്ഷൻ ക്യാംപ് ആരംഭിക്കുന്നു**

08 ബുധൻ : **ദൈവവിളി സെലക്ഷൻ ക്യാംപ് അവസാനിക്കുന്നു**

25 ശനി : കയ്യെഴുത്തു മാസിക അതിരൂപതയിൽ ഏല്പിക്കേണ്ട അവസാന തീയതി

27 തിങ്കൾ : മിഷൻലീഗ് ഇലക്ഷൻ ക്യാംപ് ആരംഭിക്കുന്നു

28 ചൊവ്വ : മിഷൻലീഗ് ഇലക്ഷൻ ക്യാംപ് അവസാനിക്കുന്നു

**മെയ്**

01 വെള്ളി : **മെയ്ദിനം – തൊഴിലാളി മധ്യസ്ഥൻ മാർ യൗസേപ്പ്** (ഓഫീസ് അവധി)

## അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാംപ്

ഈ വർഷം പൗരോഹിത്യ സന്യാസജീവിതത്തിലേയ്ക്ക് പ്രവേശിക്കാനാഗ്രഹിക്കുന്ന 10,12 ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയ ആൺകുട്ടികൾക്കായി അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാംപ് 2026 ഏപ്രിൽ 6 തിങ്കളാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് ഏപ്രിൽ 8 ബുധൻ വൈകുന്നേരം 3.30 നു സമാപിക്കുന്ന വിധത്തിൽ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ നടത്തപ്പെടുന്നതാണ്. പെൺകുട്ടികൾക്ക് ഒരു ദിവസത്തെ സെമിനാർ 2026 ഏപ്രിൽ 8 ബുധനാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ സന്ദേശനിലയത്തിൽ ക്രമീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ആൺകുട്ടികൾക്ക് 300 രൂപയും പെൺകുട്ടികൾക്ക് 100 രൂപയുമാണ്. ചങ്ങനാശ്ശേരി അതിരൂപതയിലോ അതിരൂപതയ്ക്ക് പുറത്തോ ദൈവവിളി സ്വീകരിക്കാനാഗ്രഹിക്കുന്ന എല്ലാവരും നിർബന്ധമായും അതിരൂപത നടത്തുന്ന ഈ ദൈവവിളി ക്യാംപിൽ പങ്കെടുത്തിരിക്കണമെന്നു പ്രത്യേകം ഓർമിപ്പിക്കുന്നു.

## കൈയ്യെഴുത്ത് മാസിക

കയ്യെഴുത്ത് മാസിക തയ്യാറാക്കുമ്പോൾ സി.എം.എൽ. പഠനഗ്രന്ഥത്തിന്റെ ആദ്യത്തെ മൂന്ന് അധ്യായത്തെ ആസ്പദമാക്കിയുള്ള രചനകൾ, ചിത്രങ്ങൾ, ലേഖനങ്ങൾ, കവിതകൾ etc. ഉൾപ്പെടുത്തുക. വിശദവിവരങ്ങൾ പ്രവർത്തന മാർഗരേഖ പേജ് 35, 36 ൽ നല്കിയിട്ടുണ്ട്.

## കുട്ടികളുടെ അതിരൂപതാ ഇലക്ഷൻക്യാംപ്

2026 – 2027 വർഷത്തിലെ നേതൃത്വപരിശീലന ക്യാംപും അതിരൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്.

ഏപ്രിൽ 27–ാം തീയതി രാവിലെ 28–ാം തീയതി ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് ക്യാംപ് സമാപിക്കുന്നതാണ്. ഓരോ മേഖലയിലും ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജൂണിയർ ഓർഗനൈസർമാർ എന്നിവർ നിർബന്ധമായും ഈ ക്യാംപിൽ പങ്കെടുക്കേണ്ടതാണ്. കൂടാതെ ഓരോ ഇടവകയിൽ നിന്നും വികാരിയച്ചൻ നിർദ്ദേശിക്കുന്ന രണ്ടു കുട്ടികൾക്ക് കൂടി പങ്കെടുക്കാവുന്നതാണ്. കുർബാന പുസ്തകം, ബൈബിൾ, നോട്ട്ബുക്ക്, പേന ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. ക്യാംപ് ഫീസ് 700 രൂപ. പങ്കെടുക്കുന്നവരുടെ എണ്ണം ഏപ്രിൽ 9ന് മുമ്പായി മിഷൻലീഗിന്റെ അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

❑

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹമുള്ളവരെ,

നോമ്പാചരണത്തിലൂടെ പുതുചൈതന്യമുൾക്കൊണ്ടുകൊണ്ട് കുടുംബ കൂട്ടായ്മകൾക്ക് പുത്തൻ ഉണർവുപകരാൻ നമുക്കൊന്നുചേർന്ന് പ്രവർത്തിക്കാം. കുടുംബക്കുട്ടായ്മ, ബൈബിൾ അപ്പോസ്തലേറ്റ് പ്രവർത്തനങ്ങളോട് നിങ്ങൾ കാണിക്കുന്ന താൽപര്യത്തിനും സ്നേഹത്തിനും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

നൂറുമേനി സീസൺ IV ആരംഭിച്ചുകഴിഞ്ഞു. പല ഇടവകകളിലും ഇതിനോടകം കൂട്ടായ്മതല മത്സരങ്ങൾ സംഘടിപ്പിച്ചു. ഏതെങ്കിലും ഇടവകയിൽ കൂട്ടായ്മതല മത്സരം നടന്നിട്ടില്ലായെങ്കിൽ ഏപ്രിൽ 12-ാം തീയതി ഞായറാഴ്ച 2.00 pm മുതൽ 5.00 pm വരെ നടക്കുന്ന ഇടവകതലമത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഇടവകതലമത്സരത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങളും ലഭിച്ച മാർക്കും നൂറുമേനി സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. 10 വയസ്സിന് താഴെയുള്ള എ വിഭാഗം കുട്ടികൾക്ക് വാചികമായി മത്സരം സംഘടിപ്പിക്കേണ്ടതാണ്. ഈ വർഷം എ കാറ്റഗറിയിൽപ്പെട്ട കുട്ടികൾക്ക് മാത്രമേ വീഡിയോ മത്സരം ഉണ്ടാവുകയുള്ളൂ. അവർ 30 വചനം പറയുന്ന വീഡിയോ എടുത്ത് 8590349400 എന്ന നമ്പറിലേക്ക് അയക്കേണ്ടതാണ്. കഴിഞ്ഞവർഷം ഒരു ലക്ഷംപേർ നൂറുമേനി മത്സരത്തിൽ പങ്കെടുത്തു. ഈ വർഷം അതിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുവാനുള്ള പരിശ്രമം എല്ലാ ഇടവകകളിൽനിന്നും ബഹു. അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും സൺഡേ സ്കൂൾ അധ്യാപകരുടെയും കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെയും നേതൃത്വത്തിൽ ഉണ്ടാകണമെന്ന് ഓർമിപ്പിക്കുന്നു. രജിസ്ട്രേഷനുള്ള ലിങ്ക് ഇതിനോടകം നൽകിയിട്ടുണ്ട്. കഴിഞ്ഞവർഷത്തെ നൂറുമേനിയുടെ യൂസർ നെയിം, പാസ്സ്‌വേഡ് എന്നിവ ഉപയോഗിച്ച് രജിസ്ട്രേഷൻ പൂർത്തീകരിക്കാവുന്നതാണ്.

എല്ലാ സൺഡേ സ്കൂളുകളിൽനിന്നും സങ്കീർത്തന മത്സരത്തിൽ കുട്ടികളെ പങ്കെടുപ്പിക്കുവാൻ അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കൂടുതൽ തീക്ഷ്ണതയോടെ കൂട്ടായ്മ പ്രവർത്തനങ്ങളിൽ വ്യാപരിക്കുവാൻ ദൈവം നിങ്ങൾക്കു ശക്തി നൽകട്ടെയെന്നു പ്രാർഥിക്കുന്നു.

സ്നേഹപൂർവം,

**ഫാ. ആന്റണി കാച്ചാംകോട്**
*(അസി. ഡയറക്ടർ)*

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**നൂറുമേനി സീസൺ ഫോർ നിർദ്ദേശങ്ങൾ**

- ഒരു ലക്ഷത്തിലധികം ആളുകളെ പങ്കെടുപ്പിക്കുക
- രജിസ്ട്രേഷൻ ഉള്ള ലിങ്ക് നൽകിയിട്ടുണ്ട് യൂസർനെയിം പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് രജിസ്ട്രേഷൻ പൂർത്തീകരിക്കുക.

## ഇടവകതല മത്സരം

- ഇടവകതല മത്സരത്തിനു 100 മേനി പുസ്തകത്തിൽനിന്നും വചനം എഴുതുക.
- ഏതെങ്കിലും ഇടവകയിൽ കൂട്ടായ്മാതല മത്സരം നടന്നിട്ടില്ല എങ്കിൽ ഏപ്രിൽ 12നു നടക്കുന്ന ഇടവകതല മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.
- ഇടവകതല മത്സരം ഏപ്രിൽ 12 ഞായർ ഉച്ചകഴിഞ്ഞ് രണ്ടു മുതൽ അഞ്ചു വരെ. മൂന്നുമണിക്കൂർ സമയം.
- സൺഡേ സ്കൂൾ കുട്ടികൾക്കു വിശ്വാസോത്സവദിനങ്ങളോടനുബന്ധിച്ചു സൗകര്യപ്രദമായ ദിവസം മത്സരം സംഘടിപ്പിക്കാവുന്നതാണ്.

### സമ്മാനങ്ങൾ

| *വിഭാഗം* | *വയസ്* | *സമ്മാനം* |
|---|---|---|
| A | 10 വയസിനു താഴെ (വാചികം) | 30 വചനം പഠിക്കുന്നവർ |
| B | 11 മുതൽ 15 വയസു വരെയുള്ളവർ | 75 വചനം പഠിക്കുന്നവർ |
| C | 16 മുതൽ 30 വയസു വരെ | 100 വചനം പഠിക്കുന്നവർ |
| D | 31 മുതൽ 50 വയസുവരെ | 100 വചനം പഠിക്കുന്നവർ |
| E | 51 മുതൽ 64 വരെ | 100 വചനം പഠിക്കുന്നവർ |
| F | 65 വയസിനു മുകളിൽ | 100 വചനം പഠിക്കുന്നവർ |

### സങ്കീർത്തന പഠനം

സങ്കീ: 120 മുതൽ 134 വരെ പഠിക്കുന്ന തിരുബാലസംഖ്യം മുതൽ എല്ലാ സൺഡേ സ്കൂൾകുട്ടികൾക്കും 2000 രൂപവീതം ക്യാഷ് അവാർഡ് ലഭിക്കും.

### മൂല്യനിർണ്ണയം

ഇടവകതല മത്സരത്തിന്റെ മൂല്യനിർണ്ണയം അതാത് ഇടവകകളിൽ വിശ്വാസ പരിശീലകരും ബഹു. സിസ്റ്റേഴ്സും ബഹു. അച്ചൻ ചുമതലപ്പെടുത്തുന്നവരും നടത്തി ഏപ്രിൽ 25നു മുമ്പായി സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

### മൂല്യനിർണ്ണയ മാനദണ്ഡം

- ഒരു വാക്യത്തിന് (വചനം, അധ്യായം, വാക്യം) ശരിയായാൽ 1 മാർക്ക്.
- ഏതെങ്കിലും ഒന്ന് തെറ്റിയാൽ 1/2 മാർക്ക് നൽകുക.
- ഒന്നിൽ കൂടുതൽ വാക്യങ്ങൾ അടങ്ങിയ വചനഭാഗം എഴുതുമ്പോൾ വാക്യങ്ങളുടെ എണ്ണം അനുസരിച്ച് ഒരുമാർക്ക് വീതം നൽകേണ്ടതാണ്.
- കുടുംബമായി മത്സരത്തിൽ പങ്കെടുക്കുമ്പോൾ ഓരോരുത്തർക്കും വ്യക്തിപരമായി ലഭിക്കുന്ന മാർക്ക് കൂട്ടിയാണ് രേഖപ്പെടുത്തേണ്ടത്.
- ഉദാഹരണം: A + B+C = ഫാമിലി മാർക്ക്

## ഫൊറോനാതല മത്സരം

മെയ് 17 ഞായർ – ഒബ്ജെറ്റിവ് രീതി (2.30 pm - 4.30 pm)

***പഠനഭാഗം:*** പഞ്ചഗ്രന്ഥം ബൈബിളിൽ നിന്ന് 50%
നൂറുമേനി പഠനപുസ്തകം 50%

ഈ വർഷം ഇടവകതലത്തിൽ വ്യക്തിഗത മത്സരത്തിൽ വിജയികളാകുന്ന A മുതൽ F വരെയുള്ള എല്ലാവർക്കും ഫാമിലിയായി 200 മാർക്ക് ലഭിക്കുന്ന കുടുംബങ്ങൾക്കും ഫൊറോനാമത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടാതെ, ഇടവകതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്കും ഫൊറോനാമത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഇടവകതലത്തിൽ മത്സരിച്ചിട്ടില്ലാത്തവർക്ക് ഫൊറോനയിൽ കുടുംബമായി മത്സരിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

100 ചോദ്യങ്ങളുള്ള ചോദ്യാവലി നൽകുന്നു. ഉത്തരങ്ങൾ അടയാളപ്പെടുത്തേണ്ടതാണ്. 70% മാർക്കു ലഭിക്കുന്നവർക്കെല്ലാം നൂറുമേനി സർട്ടിഫിക്കറ്റുകൾ ലഭിക്കും.

**റീജൻതല മത്സരം** (ജൂൺ 7 ഞായർ 2.00 pm, ഓഡിയോ വിഷ്വൽ റൗണ്ട്)

കുടുംബമായി നടത്തപ്പെടുന്നു. ഓരോ ഫൊറോനയിൽനിന്നും ആദ്യ മൂന്നു സ്ഥാനങ്ങളിലെത്തുന്ന ടീമുകൾക്ക് റീജൻതല മത്സരത്തിനു യോഗ്യത ലഭിക്കുന്നു.

റീജൻതല മത്സരത്തിൽ ആദ്യ സ്ഥാനത്തെത്തുന്ന 5 ടീമുകൾ ഗ്രാന്റ് ഫിനാലേയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നു.

**വീഡിയോ മത്സരം**

ഈ വർഷം A വിഭാഗത്തിൽപ്പെട്ടവർക്കു മാത്രമേ വീഡിയോ മത്സരം ഉണ്ടായിരിക്കുകയുള്ളു. മിനിമം 30 വചനം പഠിച്ചിരിക്കണം. ലൈക്ക്, ഷെയർ, വ്യൂവേഴ്സ് അടിസ്ഥാനമാക്കി ആദ്യ 3 സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് ക്യാഷ് അവാർഡുകൾ നൽകുന്നതാണ്.

**സന്യസ്ത മത്സരം** (4 കാറ്റഗറികളിൽ)

1. ഫോർമീസ്
2. 40 വയസിനു താഴെ
3. 40 മുതൽ 65 വയസുവരെ
4. 66 മുതൽ മുകളിലേയ്ക്ക്

ഓരോ കോൺഗ്രിഗേഷനുകളിൽനിന്നും ആദ്യ നാലുസ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് അതിരൂപതാമത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

**അതിരൂപതാ മത്സരം** (ഏപ്രിൽ 25 ശനി, രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെ)

സ്ഥലം: എ.കെ.എം. പബ്ളിക് സ്കൂൾ, മോർക്കുളങ്ങര.

**പ്രത്യേക അറിയിപ്പ്**

കുടുംബക്കൂട്ടായ്മകളുടെ ഉപയോഗത്തിനായി പരിഷ്ക്കരിച്ച കൂട്ടായ്മ ഡയറി ഏപ്രിൽ 15 മുതൽ കുടുംബക്കൂട്ടായ്മ ഓഫീസിൽ ലഭ്യമാണ്.

❑

# ഫാമിലി അപ്പോസ്തലേറ്റ്

ഉയിർപ്പുതിരുനാളിന്റെ പ്രാർഥനാശംസകൾ നേരുന്നു. 'ഈശോ സത്യമായും ഉയിർത്തെഴുന്നേറ്റു. അവിടുന്നു ജീവിക്കുന്നു' എന്നതാണ് ഈസ്റ്ററിന്റെ സന്ദേശം. കല്ലറയിലല്ല, നമ്മുടെ ജീവിതത്തിലും നമ്മുടെ സഹോദരങ്ങളിലും അനുദിന ജീവിതാനുഭവങ്ങളിലും ഉത്ഥിതനെ അന്വേഷിക്കാനും കണ്ടെത്താനും നമുക്കു പരിശ്രമിക്കാം. ഉത്ഥിതനായ ഈശോ നൽകുന്ന സമാധാനവും സന്തോഷവും പ്രത്യാശയും നമ്മുടെ കുടുംബങ്ങളിൽ പ്രസരിക്കട്ടെ. ജീവിതത്തിലെ ബുദ്ധിമുട്ടുകൾക്കും ദുരിതങ്ങൾക്കുമൊക്കെ ഒരു ദുഃഖവെള്ളിയുടെ ദൈർഘ്യം മാത്രമേയുള്ളൂ; അതിനുമപ്പുറം ഉയിർപ്പിന്റെ പൊൻപുലരികൾ നമ്മെ കാത്തിരിക്കുന്നുവെന്ന് ഉയിർപ്പുതിരുനാൾ ഓർമിപ്പിക്കുന്നു.

ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ യുവദമ്പതീ ധ്യാനം ഫൊറോനകളെ ഒരുമിച്ചു ചേർത്ത് ഏഴു സോണുകളിലായി നടത്തുന്നുണ്ട്. അമ്പതുവയസിൽ താഴെയുള്ള ദമ്പതികളെ ഈ ധ്യാനത്തിൽ പങ്കെടുപ്പിക്കാൻ മാതൃവേദി പിതൃവേദി ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം തന്നെ, അഭി. തോമസ് തറയിൽ പിതാവിന്റെ ആഹ്വാനപ്രകാരം നസ്രാണി ഫാമിലി ഫ്രട്ടേണിറ്റി എന്ന ഒരു ശുശ്രൂഷ യുവദമ്പതികൾക്കുവേണ്ടി ആരംഭിക്കുകയാണ്. സഭയോടു ചേർന്നുനിൽക്കാൻ ആഗ്രഹിക്കുന്ന, പ്രാർഥിക്കുന്ന, കൗദാശിക ജീവിതം നയിക്കുന്ന, കൂടുതൽ മക്കളുള്ള, ഇടവകയിൽ വിശ്വാസസാക്ഷ്യം നൽകുന്ന ദമ്പതികളെ ഉദ്ദേശിച്ചാണ് ഈ മിനിസ്ട്രി തുടങ്ങുന്നത്. താല്പര്യമുള്ളവരെ ഈ മിനിസ്ട്രിയിൽ ചേർക്കാൻ മാതൃ-പിതൃവേദി അംഗങ്ങൾ ശ്രദ്ധിക്കുമല്ലോ.

സ്നേഹപൂർവം,

**ഫാ. ജോൺ തറക്കുന്നേൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പാറയ്ക്കൽ**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### ഫൊറോനാതല രചനാ മത്സരങ്ങൾ

മാതൃവേദി പിതൃവേദി അതിരൂപതാ കലോത്സവത്തിന്റെ ഭാഗമായി മാർച്ച് ഒന്നിന് രചനാമത്സരങ്ങൾ ഫൊറോനകളിൽ സംഘടിപ്പിച്ചു. സംഘടനാ മികവുകൊണ്ടും പങ്കാളിത്തംകൊണ്ടും രചനാമത്സരങ്ങൾ ഏറെ ശ്രദ്ധേയമായി.

### ലോക സമാധാനത്തിനായി പ്രാർത്ഥനാദിനം

മേജർ ആർച്ചുബിഷപ് അഭി. റാഫേൽ തട്ടിൽ പിതാവിന്റെയും അഭി. തോമസ് തറയിൽ പിതാവിന്റെയും ആഹ്വാനപ്രകാരം, പശ്ചിമേഷ്യൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ, മാർച്ച് 6നു പ്രാർഥനാദിനമായി ആചരിച്ചു. അന്നേദിവസം മാതൃവേദി പിതൃവേദി അംഗങ്ങളെല്ലാവരും ലോകസമാധാനത്തിനായി

ഇടവക ദൈവാലയത്തിലൊരുമിച്ചുകൂടി പ്രാർഥിച്ചു. കൂടാതെ, വൈകുന്നേരത്തെ കുടുംബപ്രാർഥനയിലും ഈ നിയോഗം പ്രത്യേകം സമർപ്പിച്ചു.

### വനിതാ ദിനാചരണം

ചങ്ങനാശേരി ഫാമിലി അപ്പോസ്തലേറ്റ് മീഡിയാ വില്ലേജുമായി സഹകരിച്ച് മാർച്ച് 8നു 'പെണ്ണ 2026' എന്ന പേരിൽ അന്താരാഷ്ട്ര വനിതാദിനം ആഘോഷിച്ചു. ചങ്ങനാശേരി, തുരുത്തി, കുറുമ്പനാടം, തൃക്കൊടിത്താനം ഫൊറോനകളിലെ മാതൃവേദി അംഗങ്ങൾ പങ്കെടുത്ത സ്കൂട്ടർ റാലി കുരിശുമ്മൂട് മീഡിയ വില്ലേജിൽനിന്നും ആരംഭിച്ച് ചങ്ങനാശേരി അഞ്ചുവിളക്ക് സ്ക്വയറിൽ സമാപിച്ചു. തുടർന്ന് നടന്ന പൊതുയോഗം അതിരൂപത പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ, മാതൃവേദി അതിരൂപത പ്രസിഡന്റ് പ്രൊഫ. ഡോ. റോസമ്മ സോണി, വനിതാ ജനപ്രതിനിധികൾ തുടങ്ങിയവർ സംസാരിച്ചു.

### ഏലീശ്വാ മീറ്റ്: ഗർഭിണികൾക്കായുള്ള ഓൺലൈൻ കൺവെൻഷൻ

മംഗളവാർത്ത തിരുനാളിനോടനുബന്ധിച്ച്, അതിരൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 24നു വൈകുന്നേരം 6.30 മുതൽ 8 മണിവരെ ഗർഭിണികൾക്കായി ഓൺലൈൻ ക്ലാസും പ്രാർഥനയും സംഘടിപ്പിച്ചു. അഭി. തോമസ് തറയിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തിയ മീറ്റിങ്ങിൽ ഡോ. മാമ്മനും ഡോ. സലോമിയും ക്ലാസുകൾ നയിച്ചു.

### പ്രോ ലൈഫ് ഡേ

മാർച്ച് 25നു മംഗളവാർത്ത തിരുനാളിനോടനുബന്ധിച്ച് എല്ലാ ഇടവകകളിലും ജീവൻ ജ്യോതിസ് പ്രോലൈഫ് സെല്ലിന്റെ ആഭിമുഖ്യത്തിൽ പ്രോ ലൈഫ് ഡേ ആചരിച്ചു. പരി. കുർബാനയ്ക്കുശേഷം കുടുംബാംഗങ്ങൾ ഒന്നുചേർന്ന് പ്രോലൈഫ് സത്യപ്രതിജ്ഞ ചൊല്ലി.

വിപുലമായ പ്രോലൈഫ് ദിനാഘോഷം മാർച്ച് 28നു ചങ്ങനാശേരി കത്തീഡ്രൽ പള്ളിയിൽ നടത്തി. പ്രോലൈഫ് സംഗമത്തിനും സന്ദേശത്തിനുംശേഷം പെരുന്ന ബസ് സ്റ്റാൻഡിലേയ്ക്ക് പ്രോലൈഫ്ദിന റാലി നടത്തി. റാലിയുടെ സമാപനസമ്മേളനം അഭി. തോമസ് തറയിൽ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഫാ. ലൂയീസ് വെള്ളാനിക്കൽ, ഫാ. ജോസഫ് പാറയ്ക്കൽ, എബ്രാഹം പുത്തൻകളം, റെജി ആഴാഞ്ചിറ എന്നിവർ പ്രസംഗിച്ചു.

### ഹൈലേത്ത 2026: ലീഡേഴ്സ് മീറ്റ്

മാതൃവേദിയുടെയും പിതൃവേദിയുടെയും യൂണിറ്റ്, ഫൊറോന, അതിരൂപത തലങ്ങളിലുള്ള ഭാരവാഹികളുടെ മീറ്റിങ്ങ് 2026 മാർച്ച് 28നു ചങ്ങനാശേരി കത്തീഡ്രൽ പള്ളി ഹാളിൽ നടത്തി. അഭി. തോമസ് തറയിൽ മെത്രാപ്പോലീത്താ ഉദ്ഘാടനംചെയ്ത സമ്മേളനത്തിൽ അതിരൂപത പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്, ഫാ. സ്റ്റീഫൻ തോമസ് ചാല

ക്കത്തറ, ഫാ. ജോസഫ് പാറയ്ക്കൽ, ഫാ. ജോണിക്കുട്ടി തറക്കുന്നേൽ, സി. ലിൻസ്മേരി തിരുനിലം, റോയി കപ്പാങ്കൽ, പ്രൊഫ. ഡോ. റോസമ്മ സോണി എന്നിവർ പ്രഭാഷണങ്ങൾ നടത്തി. അതിരൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും മാതൃവേദിയുടെയും പിതൃവേദിയുടെയും പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി, കൗൺസിലർ എന്നിവർ പങ്കെടുത്ത മീറ്റിങ്ങിൽ പുതിയ മാർഗ രേഖയും സമുദായ ശക്തീകരണവർഷത്തിന്റെ കർമ്മപദ്ധതിയും പ്രകാശനം ചെയ്തു. മാതൃവേദിയുടെയും പിതൃവേദിയുടെയും ഫണ്ട് ശേഖരണ പദ്ധതി യായ 'കുട ചലഞ്ച്' അഭി. തോമസ് തറയിൽ മെത്രാപ്പോലീത്താ ഫൊറോനാ പ്രസിഡന്റുമാർക്ക് കുടകൾ നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു.

## ഓർമ്മിക്കാൻ

### ലോകാരോഗ്യ ദിനം

ഏപ്രിൽ 07 ചൊവ്വാഴ്ച ലോകാരോഗ്യദിനമായി നാം ആചരിക്കുകയാണ്. മാതാപിതാക്കൾക്കായി ആരോഗ്യ സെമിനാറുകൾ ഇടവകതലത്തിൽ സംഘടി പ്പിക്കുന്നത് നല്ലതാണ്. ശാരീരികാരോഗ്യത്തിനോടൊപ്പം മാനസീകാരോഗ്യവും കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ഓർമ്മപ്പെടുത്തുക. ഇടവകയിലെ യോഗ്യരായ ആളുകളെ സംഘടിപ്പിച്ച് ഫാമിലി കൗൺസിലിങ്ങ് സെൽ രൂപീ കരിക്കുന്നത് അഭികാമ്യമാണ്.

### യുവദമ്പതി ദിനം

മാതൃവേദി സഹമദ്ധ്യസ്ഥ വി. ജിയന്ന ബരേറ്റ മൊള്ളയുടെ തിരുനാൾ ദിന മായ ഏപ്രിൽ 28 നാം യുവദമ്പതി ദിനമായി ആചരിക്കുകയാണ്. യുവദമ്പതി കൾക്കായി ധ്യാനം, ക്ലാസുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുക. അഭി. തോമസ് തറയിൽ മെത്രാപ്പോലീത്ത വിഭാവനം ചെയ്യുന്ന നസ്രാണി ഫാമിലി ഫ്രട്ടേണിറ്റിയിൽ കൗദാശികജീവിതം നയിക്കാനാഗ്രഹിക്കുന്ന യുവദമ്പതികളെ ചേർക്കുക. സമുദായശക്തീകരണവർഷ പ്രവർത്തനങ്ങളിൽ യുവദമ്പതിമാരെ പങ്കാളികളാക്കുക.

### അതിരൂപതാ കലോത്സവം: അവതരണ മത്സരങ്ങൾ

അതിരൂപതാതല അവതരണമത്സരങ്ങളും ക്വിസ്മത്സരവും 2026 ജൂൺ 13-ന് ചങ്ങനാശേരി എസ്.ബി. സ്കൂളിൽ നടത്തുന്നതാണ്. 2026 ഏപ്രിൽ, മെയ് മാസ ങ്ങളിലായി യൂണിറ്റ്-ഫൊറോനാതല അവതരണമത്സരങ്ങൾ പൂർത്തിയാക്കി, അതിരൂപത മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത നേടിയ വിജയികളുടെ ലിസ്റ്റ് ടീം മനേജർമാർ 2026 മെയ് 31നു മുമ്പ് അതിരൂപതാകേന്ദ്രത്തിലെത്തിച്ച് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

### കുട ചലഞ്ച്

മാതൃവേദിയുടെയും പിതൃവേദിയുടെയും പ്രവർത്തനങ്ങളുടെ ഫണ്ട് ശേഖ രണാർത്ഥം അതിരൂപതാ തലത്തിൽ ഒരു Umbrella Challenge നടത്തുകയാണ്.

ലാഭത്തിന്റെ 40% യൂണിറ്റുകൾക്കും, 30% ഫൊറോനയ്ക്കും, 30% അതിരൂപതയ്ക്കും എന്ന നിലയിലാണ് ക്രമീകരിച്ചിരിക്കുന്നത്. കലോത്സവവുമായി ബന്ധപ്പെട്ട അവതരണമത്സരങ്ങൾ നടത്തുന്നതിനും അതിരൂപതാതലത്തിലും, ഫൊറോനാതലത്തിലും ഇടവകതലത്തിലും വിവിധ പരിപാടികൾ നടത്തുന്നതിനും നമുക്കു ഫണ്ട് ആവശ്യമാണല്ലോ. ആയതിനാൽ എല്ലാ ഫൊറോനകളുടേയും യൂണിറ്റുകളുടെയും സഹകരണം അഭ്യർഥിക്കുന്നു.

**നസ്രാണി ഫാമിലി മീറ്റ് 2026: യുവദമ്പതീ കൺവെൻഷൻ**

ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ, 50 വയസിൽ താഴെയുള്ള ദമ്പതികൾക്കായി ഒരു സായാഹ്ന കൺവെൻഷൻ ഫൊറോനാതലത്തിൽ നടത്തുകയാണ്. അതിരമ്പുഴ ഫൊറോനയുടെ കൺവെൻഷൻ ഏപ്രിൽ 12 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4 മുതൽ അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന പള്ളി, കുടമാളൂർ – കോട്ടയം ഫൊറോനകളുടെ കൺവെൻഷൻ ഏപ്രിൽ 19 ഞായറാഴ്ച 4 മുതൽ കോട്ടയം ലൂർദ് ഫൊറോനാപള്ളിയിലും നടത്തപ്പെടും. പരിശുദ്ധ കുർബാനയും ധ്യാനപ്രസംഗവും കപ്പിൾസ് ഷെയറിങ്ങും ആരാധനയും അടങ്ങുന്ന പ്രാർഥനാനിർഭരമായ ഒരു സായാഹ്നമാണ് വിഭാവനം ചെയ്യുന്നത്. പ്രാർഥനാശുശ്രൂഷകൾ വൈകിട്ട് 8.30നു സമാപിക്കും. ലഘു ഭക്ഷണം നൽകുന്നതാണ്. ഒരുമിച്ചായിരിക്കാനും പ്രാർഥിക്കാനും ആത്മാവിൽ ശക്തിപ്പെടാനും ദമ്പതികൾക്കിടയിലുള്ള സ്നേഹബന്ധം ദൃഢപ്പെടുത്താനുമുള്ള ഈ അവസരം നഷ്ടപ്പെടുത്തരുതെന്ന് അഭ്യർഥിക്കുന്നു.

## വിവാഹഒരുക്ക സെമിനാർ

| മാസം | തീയതി | സ്ഥലം |
|---|---|---|
| ഏപ്രിൽ | 06, 07, 08 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 11, 12, 13 | |
| | 20, 21, 22 | |
| | 30, മെയ് 01, 02 | |
| മെയ് | 09, 10, 11 | |
| | 16, 17, 18 | |
| | 30, 31, ജൂൺ 01 | |

**വിവാഹഒരുക്ക സെമിനാർ വിവരങ്ങൾക്ക്: 0481 2424476, 9447016240 (ഫാമിലി അപ്പോസ്തലേറ്റ്)**
**വിളിക്കേണ്ട സമയം: രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**

❑

# യുവദീപ്തി–എസ്.എം.വൈ.എം.

## എലിനോർ 2026: യുവജന ബൈബിൾ കൺവൻഷൻ

യുവദീപ്തി–എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 22നു എസ്.ബി. കോളേജ് ഗ്രൗണ്ടിൽ (മാർ ജോസഫ് പവ്വത്തിൽ നഗർ) അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ എലിനോർ–26 യുവജനബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. ബഹു. സേവ്യർഖാൻ വട്ടായിലച്ചൻ വചനപ്രഘോഷണവും ആരാധനയും നടത്തി. യുവദീപ്തിയുടെ ഫണ്ടുശേഖരണത്തിനായി നടത്തുന്ന കൂപ്പൺ വിൽപ്പനയുടെ ഉദ്ഘാടനം മുൻ പ്രസിഡന്റ് തോമസ് ജെ. മാന്തറയ്ക്ക് ഒന്നാംനമ്പർ കൂപ്പൺ നൽകിക്കൊണ്ട് അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ നിർവഹിച്ചു.

## ആദരിച്ചു

ഫിംക്യാപ് (ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് കാത്തലിക് പറോക്യൽ യൂത്ത്മൂവുമെന്റ്) ഏഷ്യാ സ്പിരിചൽ ഡയറക്ടറായി തെരഞ്ഞെടുക്കപ്പെട്ട യുവദീപ്തി–എസ്.എം.വൈ.എം. മുൻ ഡയറക്ടർ ബഹു. ജേക്കബ് ചക്കാത്ര അച്ചനെ യുവജനകൺവൻഷനിൽ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ ഹാരമണിയിച്ച്, ഫലകംനൽകിക്കൊണ്ട് ആദരിച്ചു.

കെ.സി.വൈ.എം. സംസ്ഥാനസെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട യുവദീപ്തി–എസ്.എം.വൈ.എം. മുൻപ്രസിഡന്റ് ജോയൽ ജോൺ റോയിയെ എസ്.ബി. കോളേജിൽ നടന്ന യുവജനകൺവൻഷനിൽ മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ ആദരിച്ചു.

## വനിതാദിനം ആചരിച്ചു

യുവദീപ്തി–എസ്.എം.വൈ.എം. മാർച്ച് 7നു മണിമല ഹോളിമാഗി പള്ളിയിൽ വനിതാദിനം ആചരിച്ചു. ഡെപ്യൂട്ടി പ്രസിഡന്റ് ലൂസി ഫിലിപ്പോസിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം സംസ്ഥാനസർക്കാരിന്റെ യൂത്ത് അവാർഡ് ജേതാവ് ജിലു മാരിയറ്റ് തോമസ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ആമുഖപ്രസംഗം നടത്തി. അതിരൂപതാ ആനിമേറ്റർ സി. തെരസീന എൽ.ഡബ്ല്യൂ.എസ്.എച്ച്., ഫൊറോനാവികാരി ഫാ. എബ്രാഹം തയ്യിൽ, അതിരൂപതാ പ്രസിഡന്റ് അലക്സ് മഞ്ഞുമ്മേൽ, സി. ആൻസ് വടക്കേത്തലയ്ക്കൽ, ലിനോ ലാൽ, അമലു റോസ് ബാബു, നിമിഷ മേരി ചാക്കോ, അലീന മരിയ മാത്യു എന്നിവർ പ്രസംഗിച്ചു. ഫൊറോനാ ഡയറക്ടർ ഫാ. ബിനീഷ് ഏർത്തേടം സപ്ലിമെന്റ് പ്രകാശനം ചെയ്തു. മിസ് കേരള സെക്കൻഡ് റണ്ണർഅപ്പ് ഏഞ്ചൽ സെബാസ്റ്റ്യൻ അനുഭവങ്ങൾ പങ്കുവച്ചു. നസ്രാണി മങ്ക മത്സരത്തോടെ വനിതാദിനാചരണം സമാപിച്ചു.

### നസ്രാണി മങ്ക മത്സരവിജയികൾ

1. എലിസബത്ത് വർഗീസ്, കായൽപ്പുറം; 2. ലിസന്റാ മെരി, ചാഞ്ഞോടി; 3. അനീറ്റ ആന്റണി, പൂന്തോപ്പ്

## പൂർവദീപ്തി സംഗമം നടത്തി

യുവദീപ്തി–എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ മുൻകാല നേതാക്കന്മാരുടെ പ്രത്യേക സംഗമം പാസ്റ്ററൽ സെന്ററിൽ നടത്തി. അതിരൂപതാ പ്രസിഡന്റ് അലക്സ് മഞ്ഞുമ്മേലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തയ്

ക്കാട് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ആമുഖ പ്രസംഗം നടത്തി. അജയ് വർഗീസ്, പോൾ എം.പി., ലൂസി ഫിലിപ്പോസ്, ജോയൽ ജോൺ റോയി, ലാലിച്ചൻ മറ്റത്തിൽ, ജോസ് കെ. ജേക്കബ്, ജോമോൻ വെള്ളാപ്പള്ളി, ബിനു ഡൊമിനിക്, ജോമി ജയിംസ്, പ്രിൻസ് കുഴിച്ചാലിൽ, അഡ്വ. എലിസബത്ത് വർഗീസ്, റോസ് മരിയ സെബാസ്റ്റ്യൻ, അരുൺ റ്റോം തോപ്പിൽ എന്നിവർ പ്രസംഗിച്ചു.

### യുവദീപ്തി ലീഡേഴ്സ് ട്രെയിനിങ് – എക്സെലൻസാ

പ്രാർഥനാ–പഠന–പരിശീലന ക്യാംപുകൾ നടത്തുന്ന ലീഡേഴ്സിനുവേണ്ടി യുവദീപ്തി–എസ്.എം.വൈ.എം. ഒരുക്കിയ ‘ലീഡേഴ്സ് ട്രെയിനിങ് പ്രോഗ്രാം മാർച്ച് 13–15 തീയതികളിൽ പാസ്റ്ററൽ സെന്ററിൽ നടത്തി. അമ്പത്തിയഞ്ചു പേർ ത്രിദിന ക്യാംപിൽ പങ്കെടുത്തു. ജോ ജോസഫ്, അന്ന ജോ എന്നിവർ എക്സെലൻസാ ട്രെയിനിങ് പ്രോഗ്രാമിനു നേതൃത്വം നൽകി.

### മദ്യ–ലഹരി വിരുദ്ധ ധർണ നടത്തി

യുവദീപ്തി–എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ കെ.സി.ബി.സി.യുടെ ആഹ്വാനപ്രകാരം മദ്യ–ലഹരിവിരുദ്ധ ധർണ്ണ ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി ട്രാൻസ്പോർട്ട് ബസ് സ്റ്റാൻന്റിനു സമീപം പ്രസിഡന്റ് അലക്സ് മഞ്ഞുമ്മേലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ലാലിച്ചൻ മറ്റത്തിൽ മുഖ്യപ്രഭാഷണം നടത്തി. ആന്റണി മലയിൽ, അജയ് വർഗീസ്, പോൾ എം. പി., ലൂസി ഫിലിപ്പോസ്, എലിസബത്ത് വർഗീസ്, അലീന മരിയ മാത്യു, ജോയൽ ജോൺ റോയി എന്നിവർ പ്രസംഗിച്ചു.

### ഏകദിന ഉപവാസ ധർണ്ണ നടത്തി

യുവദീപ്തി–എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ മാർച്ച് ഒന്നിന് മാമ്പുഴക്കരി ക്രിസ്സ് ഓഫീസിന് സമീപം കുട്ടനാട്ടിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ, എയ്ഡഡ് മേഖലയിലെ അധ്യാപകർ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾ, ജെ. ബി. കോശി കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു ഉപവാസ ധർണ്ണ നടത്തി. പ്രസിഡന്റ് അലക്സ് മഞ്ഞുമ്മേലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട് ഉപവാസ ധർണ്ണ ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി പ്രസിഡന്റ് ലൂസി ഫിലിപ്പോസ്, ജന. സെക്രട്ടറി അജയ് വർഗീസ്, ട്രഷറർ പോൾ എം. പി. എന്നിവർ പ്രസംഗിച്ചു. ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ആമുഖപ്രഭാഷണം നടത്തി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി പ്രൊഫ. രേഖാ മാത്യൂസ്, എ.കെ.സി.സി. പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ, ബിനു വെളിയനാട്, ബിനു ഡൊമിനിക്, അഡ്വ. ജോജി ചിറയിൽ, ജോർജ് സെബാസ്റ്റ്യൻ, വർഗീസ് ആന്റണി, ആന്റണി ആറിൽചിറ, ഫാ. റ്റോണി പുതുവീട്ടിൽക്കളം, ലാലിച്ചൻ മറ്റത്തിൽ, ഫാ. ലിജോ കുഴിപ്പള്ളി, ഫാ. ജോസഫ് കളരിക്കൽ, ഫാ. ജയിംസ് കുന്നിൽ, സിജോ വർഗീസ് എന്നിവർ പ്രസംഗിച്ചു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത സമാപന സന്ദേശത്തോടെ ധർണ്ണ സമാപിച്ചു.

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**അലക്സ് സെബാസ്റ്റ്യൻ മഞ്ഞുമ്മേൽ**
*(പ്രസിഡന്റ്)*

❑

# സീയോൻ ധ്യാനകേന്ദ്രം

പ്രിയരേ,

കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽനിന്നും ആശംസകൾ. കഴിഞ്ഞ മൂന്നുവർഷങ്ങൾ ഡയറക്ടറായി ധ്യാനകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്ത പ്ലാപ്പറമ്പിൽ ബഹു. തോമസ് അച്ചനെ നന്ദിയോടെ സ്മരിക്കുന്നു. പുതിയ ഇടവക സേവനരംഗത്ത് അച്ചനു ദൈവാനുഗ്രഹം നേരുന്നു. ഏപ്രിൽമാസത്തെ ശുശ്രൂഷകൾ ചുവടെ ചേർക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് അയ്യങ്കരി**
*(ഡയറക്ടർ)*
9400277998

**ഏപ്രിലിലെ ശുശ്രൂഷകൾ**

| | | | |
|---|---|---|---|
| 6–8<br>11–13 | : | വിവാഹഒരുക്ക സെമിനാർ | |
| 14, 15 | : | ജീസസ് യൂത്ത് പ്രോഗ്രാം | |
| 17 | : | ആഘോഷമായ കുർബാന സ്വീകരിക്കുന്ന കുട്ടികൾക്ക് സെമിനാർ | |
| 17–19 | : | യുവജനധ്യാനം | |
| 20–22 | : | വിവാഹഒരുക്ക സെമിനാർ | |
| 23–25<br>26–28 | : | സൺഡേ സ്കൂൾ ക്യാംപ് | കുറുമ്പനാടം<br>തൃക്കൊടിത്താനം |
| 30, മെയ് 1, 2 | : | വിവാഹഒരുക്ക സെമിനാർ | |

**സീയോൻ ധ്യാനകേന്ദ്രത്തിൽ ക്യാംപുകളും മറ്റുശുശ്രൂഷകളും നടത്താനാഗ്രഹിക്കുന്നവർ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.**
**ഫോൺ: 9400277998** (ഡയറക്ടർ), **8086399023** (ധ്യാനകേന്ദ്രം)

## നിത്യതയിലേക്ക്



**സി. ലിസ്യു സക്കറിയ**
**നാൽപതാംകളം SH**

"ഞാൻ നന്നായി പൊരുതി;
എന്റെ ഓട്ടം പൂർത്തിയാക്കി;
വിശ്വാസം കാത്തു."
*(2 തിമോ. 4:7)*

# കാനാ–ദേശീയ കുടുംബ നവീകരണ കേന്ദ്രം
## (NATIONAL CENTRE FOR FAMILY LIFE PROMOTION)

### കാനായിൽ നടക്കുന്ന പുതിയ പരിശീലന പരിപാടികൾ

**1. കുടുംബ ദൈവശാസ്ത്രത്തിൽ ലൈസൻഷ്യേറ്റ് നേടുന്നതിനുള്ള ദ്വിവത്സര കോഴ്സ്**

റോമിലെ ജോൺപോൾ സെക്കന്റ് പൊന്തിഫിക്കൽ ഇൻസ്റ്റിട്യൂട്ടിന്റെ സിലബസ് അനുസരിച്ച് നടത്തുന്ന ഈ കോഴ്സിൽ പങ്കെടുക്കുന്നവർക്ക് കുടുംബദൈവശാസ്ത്രത്തിലും കുടുംബപ്രേഷിതത്വത്തിലും സമഗ്രപരിശീലനം ലഭിക്കും. അവർക്ക് റോമിൽനിന്ന് ലൈസൻഷ്യേറ്റ് ബിരുദം ലഭിക്കും. എസ്.ബി. കോളേജിലെ ബിരുദാനന്തര ബിരുദ കോഴ്സുമായി ഇതു ബന്ധപ്പെടുത്തിയിരിക്കുന്നതിനാൽ സെക്കുലർ തലത്തിൽ എം.എ. ഡിഗ്രിയും ലഭിക്കും. അടുത്ത ബാച്ച് 2026 ജൂലൈമാസം ഒന്നാംതീയതി ആരംഭിക്കുന്നു. ഇതിൽ ചേരാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യുക. വൈദികർ, സിസ്റ്റേഴ്സ്, അല്മായ സഹോദരർ മുതലായവർക്ക് അപേക്ഷിക്കാം.

**2. ആറു മാസത്തെ ഫാമിലി കൗൺസിലിംഗ് കോഴ്സ്**

ഇതിൽ പങ്കെടുക്കുന്നവർക്ക് ജോൺപോൾ സെക്കന്റ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡിപ്ലോമയും ഭാരത സർക്കാരിന്റെ സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്. കൗൺസിലിംഗ് ഫലപ്രദമായി നടത്തുന്നതിനു സഹായിക്കുന്ന എല്ലാ തെറാപ്പികളിലും പരിശീലനം ലഭിക്കും. അടുത്ത ബാച്ച് 2027 ജനുവരി ഒന്നിന് ആരംഭിക്കുന്നു. മുൻകൂട്ടി പേരു രജിസ്റ്റർ ചെയ്യുക.

**3. ഓയിക്കോസ് ലീഡർഷിപ്പ് ട്രെയിനിംഗ് ഫോർ കപ്പിൾസ് (OLTC)**

ഭാര്യയും ഭർത്താവും ഒന്നിച്ചു പങ്കെടുക്കുന്ന നേതൃത്വപരിശീലനക്കളരിയാണിത്. കുടുംബപ്രേഷിതരംഗത്ത് നേതൃത്വം വഹിക്കാനുള്ള സിദ്ധികൾ പരിശീലിപ്പിക്കുന്നു. ഓരോ കുടുംബത്തിന്റേയും നവീകരണത്തിനും ഇത് ഏറെ സഹായിക്കും. എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞ് 3 മണി മുതൽ 5 മണി വരെ സമയത്ത് ക്ലാസ്, ചർച്ച മുതലായവ ഉണ്ടായിരിക്കും. വി. കുർബാനയുടെ ആരാധനയോടെയും കുടുംബ നവീകരണ പ്രാർത്ഥനയോടെയും സമാപിക്കും. പുതിയ ബാച്ച് ആരംഭിച്ചു കഴിഞ്ഞു. ഇനിയും ചേരാൻ ആഗ്രഹിക്കുന്ന കപ്പിൾസിനു സ്വാഗതം. രജിസ്ട്രേഷൻ ഫീസില്ല.

**4. റാഫാ: ത്രിദിന കപ്പിൾസ് റിട്രീറ്റ്**

ഓരോ മാസത്തിലേയും അവസാന ആഴ്ചയിൽ കാനായിൽ വച്ച് ഇത് നടത്തുന്നു. 2026 മെയ് 28–31 തീയതികളിലാണ് (വ്യാഴം, വെള്ളി, ശനി, ഞായർ) ആദ്യ റിട്രീറ്റ്. വ്യാഴാഴ്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് ഞായറാഴ്ച ഉച്ചക്കു 1 മണിക്കു അവസാനിക്കുന്നു. 5 ദമ്പതികളെ മാത്രമാണ് ഓരോ റിട്രീറ്റിലും പ്രവേശിപ്പിക്കുക. ദമ്പതികൾ കാനായിൽ താമസിക്കണം. സമഗ്രമായ ഫാമിലി കൗൺസിലിംഗ്, യാമപ്രാർത്ഥനകളുടെ ആലാപനം, അനുഭവപരമായ പ്രാർത്ഥന, കുടുംബസംബന്ധമായ വചന വ്യാഖ്യാനം, കുടുംബസംബ

*ശേഷം പേജ് 47 ➤➤➤*

# ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി (CHASS)

പ്രിയ ബഹുമാനപ്പെട്ട അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ**

പ്രിയമുള്ളവരെ 2026 സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തലിന് (മോണിട്ടറിംഗ്) വിധേയമാക്കണം. യൂണിറ്റുകളിൽ നടപ്പിലാക്കാൻ കഴിയുന്ന പരിപാടികളും പദ്ധതികളും ആലോചിച്ച് വാർഷിക പ്ലാൻ തയ്യാറാക്കാനും അതനുസരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കണം. ഒപ്പം 2025–2026 വർഷത്തെ മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെ ഓഡിറ്റിംഗ് നടക്കേണ്ടതുണ്ട്. കേന്ദ്രതലത്തിലുള്ള ഓഡിറ്റിങ് പൂർത്തീകരിച്ചെങ്കിൽ മാത്രമേ 12AB രജിസ്റ്റർ ചെയ്ത യൂണിറ്റുകളുടെ കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഓഫീസിൽ നൽകുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ എല്ലാ യൂണിറ്റുകളും സമയബന്ധിതമായി ഓഡിറ്റിങ് പൂർത്തീകരിക്കണം.

കൂടാതെ ആലപ്പുഴ ജില്ലയിൽ പ്രത്യേകിച്ച് കുട്ടനാട്ടിലെ പഞ്ചായത്തുകളുമായി സഹകരിച്ച് കെ. ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ, കാർക്കിനോസ് കാൻസർ ഹെൽത്ത് കെയർ, പ്രൊവിഡൻസ് ഹോസ്പിറ്റൽ, വിശ്വനാഥ് കാൻസർ കെയർ ഫൗണ്ടേഷൻ എന്നിവയുടെ സഹകരണത്തോടെ ചാസിന്റെ നേതൃത്വത്തിൽ സൗജന്യ കാൻസർ രോഗ പരിശോധനാ ക്യാംപ് സംഘടിപ്പിക്കുന്നു. കാൻസർ ബോധവത്ക്കരണത്തിനും, രോഗനിർണ്ണയം നടത്തി നേരത്തെ ചികിത്സയ്ക്കുന്നതിനും ചികിത്സയ്ക്ക് പിന്തുണ നൽകുന്നതിനുമായി 'സ്വാന്തനം' കാൻസർ കെയർ പദ്ധതി ആരംഭിക്കുന്നു. പ്രഗത്ഭരായ ഡോക്ടർമാർ നയിക്കുന്ന പ്രസ്തുത ക്യാംപിന്റെ പ്രയോജനം പരമാവധി ആളുകളിലേയ്ക്ക് എത്തിക്കാൻ നമുക്ക് സാധിക്കണം.

ഏപ്രിൽ 7 ലോകാരോഗ്യദിനവും, ഏപ്രിൽ 22 വേൾഡ് എർത്ത് ഡേ യും ആചരിക്കുകയാണ്. ദിനാചരണ പരിപാടികളുടെ മാഹാത്മ്യം തിരിച്ചറിഞ്ഞ് നല്ല ഭൂമിയും നല്ല ആരോഗ്യവും വീണ്ടെടുക്കുവാൻ നമുക്കു പരിശ്രമിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ)*

## കേന്ദ്രവാർത്തകൾ

**പ്രിവിലേജ് കാർഡ് വിതരണം ചെയ്തു:** ചാസ് സ്വാശ്രയ സംഘാംഗങ്ങൾക്കും സ്റ്റാഫംഗങ്ങൾക്കും ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ നിന്നും ചികിത്സാ ചെലവിൽ ഇളവ് ലഭിക്കുന്നതിനുള്ള പ്രിവിലേജ് കാർഡ് ഫെബ്രുവരി 25നു വിതരണം ചെയ്തു.

**ചാസ് ടൂർസ് ആന്റ് ട്രാവൽസ്:** ചാസ് ടൂർസ് ആന്റ് ട്രാവൽസിന്റെ ഭാഗമായി ഫെബ്രുവരി 16 മുതൽ 26 വരെ (പതിനൊന്ന് ദിവസം) 37 പേർ അടങ്ങുന്ന ടീം വിശുദ്ധ നാട് തീർത്ഥാടനം നടത്തി. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ നേതൃത്വം നൽകി.

**എംഒയു ഒപ്പുവെച്ചു:** തിരുവല്ല പുഷ്പഗിരി ഹോസ്പിറ്റലിന്റെ ആരോഗ്യ സുരക്ഷാ പദ്ധതി 'സൗഹൃദ' യിൽ ചാസ് അംഗങ്ങൾക്കും ആശ്രിതർക്കും ചികിത്സാ ചെലവിൽ ഇളവ് ലഭിക്കുന്നതിനുള്ള എംഒയു ഒപ്പുവെച്ചു. ഫെബ്രുവരി 27നു പുഷ്പഗിരി ആശുപത്രിയിൽ ഡയറക്ടർ റവ. ഡോ. ബിജു വർഗീസിൽ നിന്നും ചാസ് ടീം ലീഡർ ബാബു ജോസഫ് ഒപ്പുവെച്ച എംഒയു ഏറ്റുവാങ്ങി.

**എൻജിഒ വിസിറ്റ്:** ബിരുദാനന്തര ബിരുദ പഠനത്തിന്റെ ഭാഗമായി സെന്റ് ആന്റണീസ് കോളേജ് പെരുവന്താനത്തുനിന്നും മാർച്ച് 4നു വിദ്യാർഥികളും അധ്യാപകരും ചാസിൽ എത്തിച്ചേർന്നു. ചാസ് പ്രവർത്തനങ്ങളെക്കുറിച്ചു ഫാ. ജോർജ് പനക്കേഴം, പ്രോജക്ട് ഓഫീസർ ആനി കെ. തോമസ് എന്നിവർ വിശദീകരിച്ചു.

**വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് പ്രോഗ്രാം:** ബിരുദാനന്തര ബിരുദ പഠനത്തിന്റെ ഭാഗമായി ഫെബ്രുവരി 28, മാർച്ച് 5 തീയതികളിൽ ചങ്ങനാശ്ശേരി എസ്.ബി., സെന്റ് ഗ്രിഗോറിയോസ് പരുമല എന്നീ കോളേജുകളിൽ നിന്നും വിദ്യാർഥികൾ ഇന്റേൺഷിപ്പിനായി ചാസിൽ എത്തി.

**ദർശൻ സംസ്ഥാനസമിതി അവാർഡ്:** കേരള സോഷ്യൽ സർവ്വീസ് ഫോറം അന്താരാഷ്ട്ര വനിതാദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ദർശൻ സംസ്ഥാന സമിതി അവാർഡിന് ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നും ലാലിമ്മ ടോമി തെരഞ്ഞെടുക്കപ്പെട്ടു. മികച്ച രാഷ്ട്രീയ സാമൂഹിക പ്രവർത്തകയും ചാസ് ചെത്തിപ്പുഴ യൂണിറ്റ് 'മരിയൻ' സ്വാശ്രയ സംഘാംഗവുമായ ലാലിമ്മ ടോമിയെ മാർച്ച് 5നു കോട്ടയം ആമോസ് സെന്ററിൽ ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, പാലാ മുനിസിപ്പൽ ചെയർപേഴ്സൺ ദിയ ബിനു എന്നിവർ ചേർന്ന് മെമന്റോ നൽകി ആദരിച്ചു.

**അമ്മ ഫുഡ്സ് സ്റ്റാൾ:** കരുവള്ളിക്കാട് കുരിശുമല തീർഥാടനത്തോടനുബന്ധിച്ച് മാർച്ച് 13 മുതൽ ഏപ്രിൽ 12 വരെ ചാസ് ഖാദി 'അമ്മ ഫുഡ്സ്' സ്റ്റാൾ തീർഥാടനകേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്നു.

## സ്വാശ്രയസംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 26.02.2026 | ഫാത്തിമാപുരം | നന്മ | 12 |
| 03.03.2026 | ഫാത്തിമാപുരം | നിധി | 20 |
| 03.03.2026 | തത്തംപള്ളി | കൃപ | 15 |

### ബാങ്ക് ലോൺ

ചാസിന്റെ വിവിധ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന ജെ.എൽ.ജി. കളിലെ അംഗങ്ങൾക്ക് സ്വയംതൊഴിൽ സംരംഭം ഏറ്റെടുത്ത് നടത്തുന്നതിനും കാർഷിക ആവശ്യങ്ങൾക്കും ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ

ബാങ്കുകളിൽ നിന്നും 5,50,000 (അഞ്ചുലക്ഷത്തിഅൻപതിനായിരം) രൂപ ലോൺ ലഭ്യമാക്കി.

| *തീയതി* | *എസ്.എച്ച്.ജി.* | *ജെ.എൽ.ജി.* | *യൂണിറ്റ്* |
|---|---|---|---|
| 20.02.2026 | സൗഹൃദം | മാതാ | ഫാത്തിമാപുരം |
| 09.03.2026 | ജ്യോതിസ് | ജ്യോതിസ് | കറിക്കാട്ടൂർ |

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1) എസ്.എച്ച്.ജി. മരണാനന്തര സഹായം:** ഒരു കുടുംബത്തിന് 20,000 രൂപ വീതം 7 കുടുംബങ്ങൾക്ക് 1,40,000 (ഒരുലക്ഷത്തിനാൽപ്പതിനായിരം) രൂപ മരണാനന്തര സഹായം അനുവദിച്ചു.

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 738. കമലമ്മ ഗോപാലകൃഷ്ണൻ | എയ്ഞ്ചൽ | അയർക്കുന്നം | കോട്ടയം |
| 739. ഏലിക്കുട്ടി ഫ്രാൻസിസ് | ബട്ടർഫ്ളൈ | മണ്ണഞ്ചേരി | ആലപ്പുഴ |
| 740. സൂസി ജോസഫ് | ജ്യോതിസ് | കുളത്തൂർ | മണിമല |
| 741. റോസമ്മ ജോസഫ് | എയ്ഞ്ചൽ | സെന്റ് ജോസഫ് | തുരുത്തി |
| 742. ജോസ് സെബാസ്റ്റ്യൻ | കാരുണ്യ | പഴവങ്ങാടി | ആലപ്പുഴ |
| 743. റ്റി.എം. ചാക്കോ | ജീസസ്സ് | പള്ളാത്തുരുത്തി | ആലപ്പുഴ |
| 745. മേരി എബ്രഹാം | ജ്യോതിസ് | ചേപ്പുംപാറ | കോട്ടയം |

**2) മ്യൂചൽ ബെനഫിറ്റ് സ്കീം (എം.ബി.എസ്.)** ഒരു കുടുംബത്തിന് 10000 രൂപ വീതം 9 കുടുംബങ്ങൾക്ക് 90,000 (തൊണ്ണൂറായിരം) രൂപ മരണാനന്തര സഹായം അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1342. കലേഷ് കുമാർ, ആറുപറയിൽ | മിത്രക്കരി | എടത്വാ |
| 1343. കുഞ്ഞമ്മ ചെറിയാൻ, മുട്ടുംപുറം | മിത്രക്കരി | എടത്വാ |
| 1344. ലിസമ്മ തങ്കച്ചൻ, പുത്തൻചിറ | കണ്ടങ്കരി | എടത്വാ |
| 1345. മുരളി ചാരുവിള പുത്തൻവീട് | ഫിൽഗിരി | കൊല്ലം |
| 1346. അന്നമ്മ ജോസഫ്, 40-ൽ | പുതുക്കരി | എടത്വാ |
| 1347. സേവ്യർ റ്റി.എം. മുണ്ടയ്ക്കൽ | കിടങ്ങറ | ചങ്ങനാശ്ശേരി |
| 1348. പി.റ്റി. കുരുവിള, പുത്തൻകടുപ്പിൽ | കുടമാളൂർ | കുടമാളൂർ |
| 1349. ജോസ് പി.കെ. പുതുശ്ശേരി | കുടമാളൂർ | കുടമാളൂർ |
| 1350. മേരി എബ്രഹാം, മരുതുംകുഴിയിൽ | ചേപ്പുംപാറ | കോട്ടയം |

## മേഖലാവാർത്തകൾ

**മേഖലാ മീറ്റിംഗ്:** അതിരമ്പുഴ മേഖലയിൽ പ്രവർത്തിക്കുന്ന ചാസ് ഭാരവാഹികളുടെയും കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാരുടെയും മേഖലാതല സമ്മേളനം ഫെബ്രുവരി 19നു അതിരമ്പുഴ യൂണിറ്റിൽ സംഘടിപ്പിച്ചു. ഫാ. ടോണി മണക്കുന്നേൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ ചാസ് മേഖല കോഡിനേറ്റർമാരായ ബിനു ജോസഫ് ക്ലാസ്സും ബോബിന തോമസ് നേതൃത്വവും നൽകി.

**കാൻസർ ബോധവത്ക്കരണം:** കിടങ്ങറ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 24നു സ്വാശ്രയസംഘസംഗമത്തോടനുബന്ധിച്ച് ജീവിതശൈലി രോഗങ്ങളെക്കുറിച്ചു പ്രത്യേകമായി സ്ത്രീകളിൽ ഉണ്ടാകാവുന്ന കാൻസർ, രോഗലക്ഷണങ്ങൾ, ചികിത്സാ രീതികൾ എന്നിവയെക്കുറിച്ചു ചാസ് കോഡിനേറ്റർ ആൻസി ലോനിച്ചൻ ക്ലാസ് നയിച്ചു.

**മേഖലാ എക്സിക്യൂട്ടീവ് മീറ്റിംഗ്:** തൃക്കൊടിത്താനം, ചങ്ങനാശ്ശേരി മേഖലാ എക്സിക്യൂട്ടിവ് മീറ്റിങ് ഫെബ്രുവരി 26, മാർച്ച് 7 തീയതികളിൽ തൃക്കൊടിത്താനം, പാറേൽ എന്നീ യൂണിറ്റുകളിൽ സംഘടിപ്പിച്ചു. ഓഡിറ്റിങ്ങിനു ശ്രദ്ധിക്കേണ്ടകാര്യങ്ങൾ, യൂണിറ്റ് എക്സിക്യൂട്ടിവ് അംഗങ്ങളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും കോഡിനേറ്റർ ബിനു ജോസഫ് വിശദീകരിച്ചു.

**യുവജന സ്വയംസഹായസംഘം രൂപീകരിച്ചു:** മുട്ടാർ ന്യൂ യൂണിറ്റിൽ 15 യുവാക്കൾ ചേർന്ന് 'യുവശക്തി' എന്ന പേരിൽ മാർച്ച് ഒന്നിന് ആദ്യ യുവജന സ്വയംസഹായസംഘം രൂപീകരിച്ചു. യുവദീപ്തി പ്രസിഡന്റ് വി. എസ്. ടോണി അദ്ധ്യക്ഷതവഹിച്ച മീറ്റിങ്ങിൽ ഫാ. ജോഷി കട്ടപ്പുറം മുഖ്യപ്രഭാഷണം നടത്തി. മേഖലാ കോഡിനേറ്റർ ആൻസി ലോനിച്ചൻ ഉദ്ഘാടനം നിർവ്വഹിച്ച് സംഘത്തിന്റെ പ്രവർത്തനരീതികൾ വിശദീകരിച്ചു. എക്സിക്യൂട്ടിവ് അംഗങ്ങളും യുവജനങ്ങളും മീറ്റിങ്ങിൽ പങ്കെടുത്തു.

**സൺഡേ മാർക്കറ്റ് ആരംഭിച്ചു:** കൈനടി യൂണിറ്റിൽ മാർച്ച് ഒന്നിനു സൺഡേ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു. ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് കമ്പിയിൽ ആശംസ നേർന്നു സംസാരിച്ചു.

കാവാലം സെന്റ് ജോസഫ്സ്, കത്തീഡ്രൽ യൂണിറ്റുകളിൽ മാർച്ച് 8നു സൺഡേ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു.

**വനിതാദിനാചരണം സംഘടിപ്പിച്ചു:** മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ചാസിന്റെ വിവിധ മേഖലകളിൽ വനിതാദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ, അസി. ഡയറക്ടർടേഴ്സ്, യൂണിറ്റ് ഡയറക്ടേഴ്സ്, രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകർ, യൂണിറ്റു ഭാരവാഹികൾ, മേഖലാ കോഡിനേറ്റേഴ്സ് എന്നിവർ വനിതാദിന സന്ദേശം നൽകി. ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയികളായ ചാസ് വനിതാ പ്രവർത്തകരെ ആദരിച്ചു. 'സ്ത്രീ സുരക്ഷാ നിയമങ്ങൾ' എന്ന വിഷയത്തിൽ ബോധവത്ക്കരണക്ലാസും ക്രമീകരിച്ചു.

| *തീയതി* | *മേഖല* | *സംഘടിപ്പിച്ചത്* |
|---|---|---|
| 05.03.2026 | ചമ്പക്കുളം | കൊണ്ടാക്കൽ |
| 07.03.2026 | തൃക്കൊടിത്താനം | നാലുകോടി |
| 07.03.2026 | തുരുത്തി | കൈനടി |
| 07.03.2026 | എടത്വാ | മുട്ടാർ ഓൾഡ് |
| 07.03.2026 | കുടമാളൂർ | മുടിയൂർക്കര |
| 09.03.2026 | ആലപ്പുഴ | പുന്നമട |

| | | |
|---|---|---|
| 09.03.2026 | ചങ്ങനാശ്ശേരി | വെരൂർ, പാറേൽ |
| 12.03.2026 | അതിരമ്പുഴ | വെട്ടിമുകൾ |
| 12.03.2026 | കുറുമ്പനാടം | മാന്നില |
| 14.03.2026 | അതിരമ്പുഴ | പുന്നത്തുറ, നാൽപ്പാത്തിമല |

**നേത്രപരിശോധനാ ക്യാംപ്:** തിരുവല്ല ചൈതന്യ കണ്ണാശുപത്രിയുമായി സഹകരിച്ച് താഴെപ്പറയുന്ന യൂണിറ്റുകളിൽ നേത്രപരിശോധനാ ക്യാംപ് സംഘടിപ്പിച്ചു. കണ്ണിനെ ബാധിക്കുന്ന വിവിധതരം രോഗങ്ങൾ-പരിഹാര മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ഡോക്ടർമാർ ക്ലാസ് നയിച്ചു. തിമിര ശസ്ത്രക്രിയ ആവശ്യമുള്ളവരെ കുറഞ്ഞ ചിലവിൽ ശസ്ത്രക്രിയയ്ക്ക് വിധേയരാക്കി. മേഖലാ കോഡിനേറ്റേഴ്സ് നേതൃത്വം നൽകി.

| ***തീയതി*** | ***യൂണിറ്റ്*** | ***പങ്കെടുത്തവർ*** |
|---|---|---|
| ഫെബ്രുവരി 25 | കാവാലം | 80 |
| ഫെബ്രുവരി 26 | ഈര | 74 |
| ഫെബ്രുവരി 27 | കത്തീഡ്രൽ | 119 |
| മാർച്ച് 09 | മരിയാപുരം | 60 |
| മാർച്ച് 21 | ഇത്തിത്താനം | 92 |

**തയ്യൽ പരിശീലനം ഉദ്ഘാടനം:** നർബോനപുരം യൂണിറ്റിൽ മാർച്ച് മൂന്നിനു തയ്യൽ പരിശീലനം ആരംഭിച്ചു. യൂണിറ്റു ഡയറക്ടർ ഫാ. ജോൺ മഠത്തിപറമ്പിൽ ഉദ്ഘാടനം നിർവ്വഹിച്ചു. മേഖലാ കോഡിനേറ്റർ സുമ ജോസഫ്, യൂണിറ്റു ഭാരവാഹികൾ എന്നിവരുടെ നേതൃത്വത്തിൽ 15 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

പാറേൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മാർച്ച് ഏഴിനു നാലുമാസം നീണ്ടുനിൽക്കുന്ന തയ്യൽ പരിശീലനം ആരംഭിച്ചു. യൂണിറ്റു ഡയറക്ടർ ഫാ. ജേക്കബ് വാരിക്കാട്ട് അദ്ധ്യക്ഷതവഹിച്ച പരിശീലന പരിപാടി മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലാലിമ്മ ടോമി ഉദ്ഘാടനം ചെയ്തു. 17 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

**സെമിനാർ സംഘടിപ്പിച്ചു:** നെടുംകുന്നം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ സഹകരണത്തോടെ മാർച്ച് 13നു ലോക വൃക്കദിനാചരണത്തോടനുബന്ധിച്ച് ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. നെടുംകുന്നം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാജമ്മ രവീന്ദ്രൻ ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ. ജിത്തു കുര്യൻ ക്ലാസ് നയിച്ചു.

**സ്വാശ്രയസംഘ വാർഷികം:** നാൽപ്പാത്തിമല യൂണിറ്റിൽ പ്രവർത്തിക്കുന്ന 'അമലമരിയ' സ്വാശ്രയസംഘത്തിന്റെ 18-ാമതു വാർഷികം മാർച്ച് 14നു നടത്തി. യൂണിറ്റ് സെക്രട്ടറി ജീമോൻ കെ. വി. ഉദ്ഘാടനം നിർവ്വഹിച്ചു. സെക്രട്ടറി വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**ദന്തപരിശോധനാ ക്യാംപ്:** ഇത്തിത്താനം യൂണിറ്റിൽ പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 21നു സൗജന്യ ദന്തപരിശോധനാ ക്യാംപ് സംഘടിപ്പിച്ചു.

## എസ്.എൽ.സി.എ. കേരള

**IRCA-SLCA ഓൺ ലൈൻ സെമിനാർ:** കേരളത്തിലെ IRCA സെന്ററുകളിൽ പ്രവർത്തിക്കുന്ന സ്റ്റാഫംഗങ്ങൾക്കുവേണ്ടി മാർച്ച് 17നു 'പദ്ധതി പരിഷ്ക്കരണത്തിലെ അടിയന്തര ഇടപെടലുകളും, NAPDDR പരിപാടിയിലെ നിർദ്ദിഷ്ട മാറ്റങ്ങളും' എന്ന വിഷയത്തിൽ ഓൺലൈൻ സെമിനാർ സംഘടിപ്പിച്ചു. SLCA കോഡിനേറ്റർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, ടീം അംഗങ്ങളായ റ്റി. എം. മാത്യു തച്ചിലേട്ട്, സോളമൻ ഫെർണാണ്ടസ് എന്നിവർ സെമിനാർ നയിച്ചു. ❑

---

➤➤➤ *കാനാ – ദേശീയ കുടുംബ നവീകരണ കേന്ദ്രം...*

ന്ധമായ സഭാപ്രബോധനങ്ങളുടെ വിശദീകരണം, കുടുംബ മനഃശ്ശാസ്ത്ര സംബന്ധിയായ വിശകലനം, കുടുംബസൗഖ്യത്തിനുള്ള ദിവ്യകാരുണ്യാരാധന, കുടുംബപ്രശ്ന പരിഹാരാർത്ഥമുള്ള ബന്ധനവിമുക്ത ശുശ്രൂഷ മുതലായവ ഈ റിട്രീറ്റിന്റെ പ്രത്യേകതകളാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേരു രജിസ്റ്റർ ചെയ്യുക. ഫീസ് ഒരാൾക്ക് 1500 രൂപാ.

**5. കൗമാര–യൗവന പ്രായക്കാർക്ക് ജീവിത ദർശന സെമിനാർ**

വളർച്ചയുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പ്രായത്തിനിണങ്ങിയ ആത്മീയതയിൽ വളരുന്നതിനും ജീവിതാന്തസ്സു കണ്ടെത്തി അതിന് ഒതുങ്ങുന്നതിനും സഹായിക്കുന്ന ഏകദിന സെമിനാർ ഇടവകതലത്തിൽ കാനായിലെ റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ നടത്തുന്നു.

**6. ഇടവകതലത്തിൽ കുടുംബ നവീകരണ ധ്യാനം**

കുടുംബ നവീകരണത്തിനുവേണ്ടി ഇടവകതലത്തിൽ നടത്തുന്ന ത്രിദിന റിട്രീറ്റാണിത്. ഇത് ആഗ്രഹിക്കുന്നവർ മുൻകൂട്ടി ബുക്കു ചെയ്യുക.

**കാനായിൽ കൗൺസിലിംഗിന് സൗകര്യം**

കാനായിലെ ശുശ്രൂഷാ ടീമിന്റെ നേതൃത്വത്തിൽ ഫാമിലി കൗൺസിലിംഗ്, പോസ്റ്റ് മാര്യേജ് കൗൺസിലിംഗ്, യൂത്ത് ആന്റ് ചൈൽഡ് കൗൺസിലിംഗ്, ഡ്രഗ്സ് അഡിക്ഷൻ ട്രീറ്റ്മെന്റ് എന്നിവ നടത്തി വരുന്നു. കൗൺസിലിംഗിൽ വൈദഗ്ധ്യം നേടിയ വൈദികരും സിസ്റ്റേഴ്സും അടങ്ങിയ ടീമാണ് ഇതു നടത്തുന്നത്. കൗൺസിലിംഗ് ആവശ്യമുള്ളവർ 8289833641, 8547518500 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. തോമസ് വള്ളിയാനിപ്പുറം**
*(ഡയറക്ടർ)*
9495745557
❑

# ചാസ്സ് – ഖാദി ഗ്രാമവ്യവസായമേഖല

### ബീ കീപ്പിങ് സർട്ടിഫിക്കേറ്റ് കോഴ്സ്

മാർച്ച് 09നു പൊൻകുന്നം ഫൊറോനാ ആഡിറ്റോറിയത്തിൽ ഇൻഫാമിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ദ്വിദിന ബീ കീപ്പിങ് സർട്ടിഫിക്കറ്റ് കോഴ്സിൽ 36 തേനീച്ച കർഷകർ പങ്കെടുത്തു. മാർച്ച് 10നു കോഴ്സ് സമാപിച്ചു.

മാർച്ച് 11ന് ഇളംകുളം കൃഷിഭവന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ദ്വിദിന ബീ കീപ്പിങ് സർട്ടിഫിക്കറ്റ് കോഴ്സിൽ 23 തേനീച്ച കർഷകർ പങ്കെടുത്തു. മാർച്ച് 12നു കോഴ്സ് സമാപിച്ചു.

മാർച്ച് 12നു ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ സുവോളജി, ബോട്ടണി ഡിപ്പാർട്ട്മെന്റുകളിലെ 41 വിദ്യാർഥികളെ പങ്കെടുപ്പിച്ച് ദ്വിദിന ബീ കീപ്പിങ് സർട്ടിഫിക്കേറ്റ് കോഴ്സ് സംഘടിപ്പിച്ചു. മാർച്ച് 13നു സമാപിച്ചു.

### തയ്യൽ പരിശീലനം

ജനുവരി ഒന്നിനു മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയിൽ ആരംഭിച്ച 3 മാസത്തെ തയ്യൽ പരിശീലന കോഴ്സ് (5-ാമത് ബാച്ച്) മാർച്ച് 31 അവസാനിച്ചു. 14 സ്ത്രീകൾ പങ്കെടുത്തു.

ജനുവരി ഒന്നിനു വിദ്യാലയയുടെ ആഭിമുഖ്യത്തിൽ വില്ലുന്നി സെന്റ് സേവ്യേഴ്സ് പള്ളിയിൽ ആരംഭിച്ച 3 മാസത്തെ തയ്യൽ പരിശീലന കോഴ്സ് (6-ാമത് ബാച്ച്) മാർച്ച് 31 അവസാനിച്ചു. 11 സ്ത്രീകൾ പങ്കെടുത്തു.

### ആർട്ടിഫിഷ്യൽ ഫ്ളവർ മേക്കിങ് കോഴ്സ്

മാർച്ച് രണ്ടിനു വിദ്യാലയയുടെ ആഭിമുഖ്യത്തിൽ കിടങ്ങറയിലുള്ള സ്നേഹതീരം സ്ഥാപനത്തിൽ ആരംഭിച്ച ഒരാഴ്ചത്തെ ആർട്ടിഫിഷ്യൽ ഫ്ളവർ മേക്കിങ് കോഴ്സ് മാർച്ച് 07ന് അവസാനിച്ചു. ഭിന്നശേഷിക്കാരായ 20 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തു.

### ബ്യുട്ടിഷ്യൻ കോഴ്സ്

ഫെബ്രുവരി രണ്ടിനു മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയിൽ ആരംഭിച്ച 2 മാസത്തെ ബ്യുട്ടിഷ്യൻ കോഴ്സ് മാർച്ച് 31 ന് അവസാനിച്ചു. 7 വനിതകൾ പങ്കെടുത്തു.

### ഡി.റ്റി.പി കോഴ്സ്

ഫെബ്രുവരി 23 ന് മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയുടെ ആഭിമുഖ്യത്തിൽ ചാസ് ഹെഡ് ഓഫീസിൽ ആരംഭിച്ച ഒരുമാസത്തെ ഡി.റ്റി.പി കോഴ്സ് മാർച്ച് 22ന് അവസാനിച്ചു. 20 പേർ പങ്കെടുത്തു.

### ഗ്ലാസ്/ പോട്ട് പെയിന്റിംഗ് കോഴ്സ്

മാർച്ച് 09ന് മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയുടെ ആഭിമുഖ്യത്തിൽ കിടങ്ങറ സ്നേഹതീരത്ത് ആരംഭിച്ച ഒരാഴ്ചത്തെ ഗ്ലാസ് പോട്ട് പെയിന്റിംഗ് കോഴ്സ് മാർച്ച് 14ന് അവസാനിച്ചു. ഭിന്നശേഷിക്കാരായ 20 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തു.

*ശേഷം പേജ് 59 ➤➤➤*

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

'കളർ എ ഹോം' ഭവനനിർമാണപദ്ധതിയിൽ **2025 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **2026 മാർച്ച് 21 വരെ** അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 97 | കുമാരനല്ലൂർ | 100550 | 40220 |
| 98 | പുന്നത്തുറ | 135800 | 54320 |
| 99 | മുണ്ടത്താനം | 95110 | 38044 |
| 100 | വെളിയനാട് - കേസറിയ | 37000 | 14800 |
| 101 | പുഴവാത് | 114450 | 45780 |
| 102 | തെക്കേക്കര - സെന്റ് സെബാസ്റ്റ്യൻ | 17150 | 6860 |
| 103 | കൊട്ടാരക്കര | 23000 | 9200 |
| 104 | തിരുവല്ല-മുത്തൂർ | 30600 | 12240 |
| 105 | കണ്ണമ്മൂല | 173850 | 69540 |
| 106 | ഇത്തിത്താനം | 465320 | 186128 |
| 107 | വെട്ടിക്കൽപുരയിടം | 9850 | 3940 |
| 108 | ചാത്തനാട് | 46850 | 18740 |
| 109 | വെരൂർ | 755873 | 302469 |
| 110 | അറുനൂറ്റുംപാടം | 78005 | 31202 |
| 111 | ചെങ്ങളം | 16550 | 6620 |
| 112 | വായ്പൂർ - ന്യൂ | 95610 | 38204 |
| 113 | മല്ലപ്പള്ളി | 46470 | 18588 |
| 114 | പാറേൽ | 658050 | 263220 |
| 115 | പൊങ്ങ | 76800 | 30720 |
| 116 | ആറുമാനൂർ | 65390 | 26156 |
| 117 | രാജമറ്റം | 88375 | 35350 |
| 118 | പുളിക്കകവല | 135520 | 54208 |
| 119 | വെട്ടിമുകൾ | 228251 | 91300 |
| 120 | യൂദാപുരം | 25610 | 10244 |
| 121 | മുഹമ്മ | 228140 | 91256 |
| 122 | കുമരകം - വടക്കുംകര | 51910 | 20764 |
| 123 | ഇരവുചിറ | 124950 | 49980 |
| 124 | പുല്ലങ്ങടി | 66901 | 26760 |
| 125 | പയറ്റുപാക്ക | 17170 | 6870 |
| 126 | പാറമ്പുഴ | 387900 | 155160 |
| 127 | കോട്ടാങ്ങൽ | 45250 | 18100 |

| | | | |
|---|---|---|---|
| 128 | വടവാതൂർ | 150600 | 60240 |
| 129 | ആലപ്പുഴ | 450200 | 180082 |
| 130 | തത്തംപള്ളി | 562295 | 222518 |
| 131 | പെരുന്ന | 60500 | 24200 |
| 132 | കടയനിക്കാട് | 67850 | 27140 |
| 133 | മാന്നില | 102000 | 40800 |
| 134 | കൊണ്ടാക്കൽ | 106200 | 42480 |
| 135 | മുട്ടാർ - ന്യൂ | 31240 | 12500 |
| 136 | കൂത്രപ്പള്ളി | 313005 | 125203 |
| 137 | എസ്.എൽ പുരം | 18450 | 7380 |
| 138 | കൈനകരി | 49755 | 20000 |
| 139 | കത്തീഡ്രൽ | 667440 | 266976 |
| 140 | വായ്പൂർ - ഓൾഡ് | 45270 | 18108 |
| 141 | അസംപ്ഷൻ - കുറുമ്പനാടം | 191395 | 76558 |
| 142 | കാവാലം - ലിസ്യൂ | 93840 | 37536 |
| 143 | ചീപ്പുങ്കൽ | 26550 | 10620 |
| 144 | പൂന്തോപ്പ് | 235620 | 94250 |
| 145 | കരിമ്പനക്കുളം | 137050 | 54820 |
| 146 | കൊടുപ്പുന | 50100 | 20037 |
| 147 | ആര്യങ്കാവ് | 70001 | 28105 |
| 148 | പൊങ്ങമ്മൂട് | 231300 | 92520 |
| 149 | ചെങ്ങന്നൂർ | 31500 | 12600 |
| 150 | പച്ചക്കാട് | 3200 | 1280 |
| 151 | അമ്പലപ്പുഴ | 25251 | 10100 |
| 152 | ചുങ്കപ്പാറ | 64700 | 25880 |
| 153 | മണ്ണഞ്ചേരി | 61300 | 24520 |
| 154 | കിളിരൂർ | 33500 | 13400 |
| 155 | അമ്പൂരി | 150080 | 60000 |
| 156 | മണലാടി | 39650 | 15860 |
| 157 | കുറിച്ചി | 219650 | 217150 |
| 158 | കണ്ണാടി | 39530 | 15812 |
| 159 | തൃക്കൊടിത്താനം | 581957 | 232783 |

*(തുടരും...)*

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

'കളർ എ ഡ്രീം' പദ്ധതിയിലേക്ക് **2026 ഡിസംബറിൽ** ലഭിച്ച തുക

| | ഇടവക / സംഘടന | തുക |
|---|---|---|
| 1. | ലിറ്റിൽ ഫ്ളവർ പുന്നവേലി | 16000 |

❑

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### ലോക വൃക്കദിനാചരണവും സ്നേഹസംഗമവും

ആശുപത്രിയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് നെഫ്രോളജിയുടെ നേതൃത്വത്തിൽ ലോക വൃക്കദിനാചരണവും രോഗികളുടെയും വൃക്കരോഗ ചികിത്സകരുടെയും സ്നേഹസംഗമം നഴ്സിങ് കോളേജ് സാന്തോം ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു.

പാലാത്ര കൺസ്ട്രക്ഷൻസ് (പ്രൈ) ലിമിറ്റഡ് കമ്പനിയുടെ സഹകരണത്തോടെ സംഘടിപ്പിച്ച ആചരണ പരിപാടികൾ സീറോ മലബാർ സഭാ മുൻ മേജർ ആർച്ചുബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു.

ഹോസ്പിറ്റൽ അസോസിയേറ്റ് ഡയറക്ടർ ഫാ. മാർട്ടിൻ മുപ്പതിൽച്ചിറ അധ്യക്ഷതവഹിച്ച യോഗത്തിൽ സർഗ്ഗക്ഷേത്ര ഡയറക്ടർ ഫാ. അലക്സ് പ്രായിക്കളം, ഫാ. ജേക്കബ് അത്തിക്കളം, ഫാ. ജോസ് പുത്തൻചിറ, ഫാ. മാർട്ടിൻ തൈപറമ്പിൽ, ഷിബു മാത്യു പാലത്ര, ഡോ. ഹരീഷ് കെ. ജി., ഡോ. ജോർജ് പടനിലം, പോൾ മാത്യു എന്നിവർ പ്രസംഗിച്ചു.

പ്രസ്തുത ആചരണ പരിപാടിയുടെ ഭാഗമായി ബോധവത്ക്കരണ ക്ലാസുകൾ, കൗൺസലിങ്, ആരോഗ്യ പ്രവർത്തകരെ ആദരിക്കൽ, രോഗികളുടെയും ബന്ധുക്കളുടെയും കലാപരിപാടികൾ, സ്നേഹ വിരുന്ന് എന്നിവയും സംഘടിപ്പിച്ചു.

അന്തർദേശീയ നിലവാരമുള്ള അണുബാധനിയന്ത്രണ സംവിധാനം ക്രമീകരിച്ച ഹോസ്പിറ്റൽ, ഇന്ത്യയിലെ ആദ്യ NABH സിക്സ്ത്ത് എഡിഷൻ അക്രഡിറ്റഡ് ആശുപത്രിയാണ്. ഡയാലിസിസിനുള്ള സൗകര്യവും വിദഗ്ധ നെഫ്രോളജിസ്റ്റുകളുടെ സേവനവും 24 മണിക്കൂറും ലഭ്യമാണ്. നിർദ്ധനരായ രോഗികൾക്കുള്ള സൗജന്യ ചികിത്സ പദ്ധതികളും നിലവിലുണ്ട്.

### അഡ്വാൻസ്ഡ് ലെവൽ 2 പീഡിയാട്രിക് ഐ.സി.യു. ഉദ്ഘാടനം

ആശുപത്രിയിൽ അഡ്വാൻസ്ഡ് ലെവൽ 2 പീഡിയാട്രിക് ഐ.സി.യു. മുനിസിപ്പൽ ചെയർമാൻ ജോമി ജോസഫ് ഉദ്ഘാടനം ചെയ്തു. അന്തർദേശീയ നിലവാരത്തിൽ ക്രമീകരിച്ചിരിക്കുന്ന ഇന്റൻസ്സീവ് യൂണിറ്റിൽ 24 മണിക്കൂറും വിദഗ്ധ പരിശീലനം ലഭിച്ച ഡോക്ടേഴ്സിന്റെ സേവനം ലഭ്യമാണ്.

അണുവിമുക്തമായ അന്തരീക്ഷം, ശിശു സൗഹൃദ സാഹചര്യങ്ങൾ എന്നിവ സവിശേഷശ്രദ്ധയോടെ പരിപാലിച്ചതിനാലാണ് ലെവൽ 2 നിലവാരത്തിലേക്ക് ഐ.സി.യു. മെച്ചപ്പെടുത്താൻ കഴിഞ്ഞത്. വിവിധ ആശുപത്രികളുടെ റഫറൽ പീഡിയാട്രിക് സെന്ററായും ഇപ്പോൾ ഈ കേന്ദ്രം പ്രവർത്തിക്കുന്നു. ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജെയിംസ് പി. കുന്നത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ അസോ. ഡയറക്ടറുമാരായ ഫാ. മാർട്ടിൻ മുപ്പതിൽചിറ, ഫാ. ജേക്കബ് അത്തിക്കളം എന്നിവർ പ്രസംഗിച്ചു. ഹോസ്പിറ്റൽ സ്പിരിചൽ ഡയറക്ടർ ഫാ. മാർട്ടിൻ തൈപറമ്പിൽ ആശീർവാദകർമ്മകൾക്ക് നേതൃത്വം നൽകി.

പീഡിയാട്രിക് വിഭാഗത്തിൽ ഡോ. സഞ്ജു സൈമൺ ജോസ്, ഡോ. റെജിമോൻ ജോസ്, ഡോ. പ്രകാശ് സി. നൈനാൻ, പീഡിയാട്രിക് നീയോനാറ്റോളജി വിഭാഗത്തിൽ ഡോ. റ്റി. രമേശ് എന്നിവരുടെ സേവനം ലഭ്യമാണ്. ഓ.പി ബുക്കിങ്ങിന് 0481 2722100 എന്ന നമ്പരിൽ ബന്ധപ്പെടാം.

### അന്തർദ്ദേശീയ വനിതാദിനാചരണം: സ്ത്രീ സുരക്ഷ ബോധവത്ക്കരണ ശില്പശാല

സെന്റ് തോമസ് ആശുപത്രിയും ജില്ലാ പോലിസ് സേനയും സംയുക്തമായി അന്തർദ്ദേശീയ വനിതാദിനാചരണത്തിന്റെ ഭാഗമായി സ്ത്രീ സുരക്ഷ ബോധവത്ക്കരണ ഏകദിനശില്പശാല ആശുപത്രിയിലെ സാന്തോം ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു, സ്ത്രീകളുടെ സുരക്ഷയ്ക്കായി നിർമ്മിക്കപ്പെട്ട നിയമങ്ങളെക്കുറിച്ചും ലൈംഗിക അതിക്രമ പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും അവ നടപ്പാക്കുന്നതിൽ പോലിസ് സേന ചെലുത്തുന്ന സവിശേഷശ്രദ്ധയെക്കുറിച്ചും മൂന്നുസെഷനുകളിലായി നടന്ന ശില്പശാല വിശദമായി ചർച്ച ചെയ്തു. അഞ്ഞൂറിലധികം വനിതകൾ പങ്കെടുത്ത പ്രസ്തുത പരിപടിക്ക് സെന്റ് തോമസ് ഹോസ്പിറ്റൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അധ്യക്ഷതവഹിച്ചു. കോട്ടയം ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ട് ആർ. ശ്രീകുമാർ ഉദ്ഘാടനം നിർവ്വഹിച്ചയോഗത്തിൽ കോട്ടയം ജില്ല ജെൻഡർ ജസ്റ്റിസ് വിഭാഗം ഡി.വൈ.എസ്.പി. കെ. ആർ. ബിജു, ജില്ല ലീഗൽ സെൽ പോലീസ് ഇൻസ്പെക്ടർ എം. എസ്. ഗോപകുമാർ എന്നിവർ ക്ലാസ് നയിച്ചു. അസോ. ഡയറക്ടറുമാരായ ഫാ. മാർട്ടിൻ മുപ്പതിൽച്ചിറ, ഫാ. ജേക്കബ് അത്തിക്കളം എന്നിവർ പ്രസംഗിച്ചു.

വനിതാ ദിനാചരണത്തിന്റെ ഭാഗമായി സംവാദസദസുകൾ, ബോധവത്ക്കരണ ഫ്ളാഷ് മോബ്, കലാപരിപാടികൾ, പുരസ്ക്കാര വിതരണം എന്നിവയും ഉണ്ടായിരുന്നു. വനിതാ ദിനാചരണത്തിന്റെ ഭാഗമായി ചെത്തിപ്പുഴ ആശുപത്രിയിൽ മാമോഗ്രാം 25% ഡിസ്കൗണ്ടിൽ ചെയ്തു നൽകുന്നു. ഹോസ്പിറ്റലിലെ 40 കഴിഞ്ഞ മുഴുവൻ വനിതകൾക്കും മാമോഗ്രം സൗജന്യമാണ്.

### ആരോഗ്യ–പോഷണ ബോധവത്കരണം

ചീരഞ്ചിറയിലെ സെന്റ് തോമസ് ഹോസ്പിറ്റൽ –ജിമ്പയർ ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററിൽ മാതാപിതാക്കൾക്കായി 'Wellness for Every Step of Childhood" എന്ന വിഷയത്തിൽ ആരോഗ്യ–പോഷണ ബോധവത്കരണക്ലാസ് സംഘടിപ്പിച്ചു.

ശിശുആരോഗ്യവും പോഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സെന്റ് തോമസ് ആശുപത്രി, ചേത്തിപ്പുഴയിലെ ക്ലിനിക്കൽ ന്യൂട്രിഷൻ ഇൻചാർജായ ജോസിയ എം. ജോർജ് ക്ലാസ് നയിച്ചു. ചൈൽഡ് ഡവലപ്മെന്റ് സെന്റർ അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ലിസ DSHJ അധ്യക്ഷതവഹിച്ച യോഗത്തിൽ സെന്റ് തോമസ് ഹോസ്പിറ്റൽ അസോസിയേറ്റ് ഡയറക്ടർ ഫാ. മാർട്ടിൻ മുപ്പതിൽച്ചിറ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ജിമ്പയർ സ്ഥാപകൻ ഡോ. ജോർജ് പടനിലം, അലീന മരിയ ജയിംസ്, ജോഷ്വ എം. ജോർജ്, നിവേദ് എം. എസ്. എന്നിവർ പ്രസംഗിച്ചു.

### ഓണററി ഡോക്ടറേറ്റ് ലഭിച്ചു

വേരിക്കോസ് വെയിൻ ചികിത്സാരംഗത്തെ ലോകപ്രശസ്ത ചികിത്സകനും ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ മെഡിക്കൽ അഡ്മിനിസ്ട്രേറ്ററുമായ ഡോ. എൻ. രാധാകൃഷ്ണന് മഹാത്മഗാന്ധി സർവ്വകലാശാല ഓണററി ഡോക്ടറേറ്റ് നൽകി ആദരിച്ചു.

**ചുമതലയേറ്റു**

സർജിക്കൽ ഓങ്കോളജി എക്സ്പേർട്ടായി ഡോ. ജെൻസി ജോയി ചെമ്മനം, ന്യൂറോ സർജറി സ്പെഷ്യലിസ്റ്റായി ഡോ. ആനദ് പ് നായർ, എമർജൻസി മെഡിസിൻ സ്പെഷ്യലിസ്റ്റായി ഡോ. ദീപു ഡാനിയേൽ എന്നിവർ ചുമതലയേറ്റു

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടർമാർ)*

**ഫാ. ജയിംസ് കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

**വനിതാദിനാഘോഷം**

മാർച്ച് 8 ലോക വനിതാദിനത്തിന്റെ ഭാഗമായി സഹൃദയഹോസ്പിറ്റൽ ലേബർ റൂം ഇൻചാർജ് സിസ്റ്റർ ആൻ മരിയയുടെ നേതൃത്വത്തിൽ മറ്റ് ഡിപ്പാർട്ട്മെന്റ് ഇൻചാർജുമാരും സ്റ്റാഫംഗങ്ങളും ചേർന്ന് ചങ്ങനാശ്ശേരി അതിരൂപതയുടെ കീഴിലുള്ള കിടങ്ങറയിലെ 'സ്നേഹതീരത്തിലേക്ക്' പ്രത്യേക സന്ദർശനം സംഘടിപ്പിച്ചു.

സന്ദർശനത്തിന്റെ ഭാഗമായി അവിടെയുള്ള പ്രായംചെന്ന അമ്മമാരോടൊപ്പം ഏകദേശം മൂന്നുമണിക്കൂറോളം സമയം ചിലവഴിച്ച് അവരുമായി സൗഹൃദപരമായ സംഭാഷണങ്ങളും സന്തോഷനിമിഷങ്ങളും പങ്കുവെച്ചു. തുടർന്ന് സിസ്റ്റർമാരും സ്റ്റാഫംഗങ്ങളും ചേർന്ന് സായാഹ്നത്തിൽ അവർക്കുള്ള ചായയും പലഹാരവും വിതരണം ചെയ്തു. ഇതിനോടനുബന്ധിച്ച് കേക്ക് മുറിക്കുകയും പാട്ടും നൃത്തവും ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. ഈ പരിപാടികൾ എല്ലാവർക്കും ഏറെ സന്തോഷവും ആത്മീയാനുഭവവും നൽകി. അവിടെയുള്ള അമ്മമാരെ സന്തോഷിപ്പിക്കുകയും വനിതാദിനം സ്നേഹപൂർവം ആഘോഷിക്കുകയും ചെയ്ത ഈ പരിപാടി എല്ലാവർക്കും മറക്കാനാവാത്ത അനുഭവമായി മാറി.

**നവീകരിച്ച ഡെന്റൽ ഡിപ്പാർട്ട്മെന്റിന്റെ ആശീർവാദകർമ്മം**

മാർച്ച് 9ന് ഹോസ്പിറ്റലിൽ നവീകരിച്ച ഡെന്റൽ ഡിപ്പാർട്ട്മെന്റിലെ പ്രോസീജർ റൂമിന്റെയും പുതിയ ഡെന്റൽ ചെയറിന്റെയും ആശീർവാദകർമ്മം ഹോസ്പിറ്റൽ ഇൻചാർജ്മാരുടെയും സ്റ്റാഫുകളുടെയും സാന്നിധ്യത്തിൽ ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ നിർവഹിച്ചു.

ചടങ്ങിൽ ഹോസ്പിറ്റൽ മേട്രൺ സി. സിനി, അഡ്മിനിസ്ട്രേഷൻ ഇൻചാർജ് സി. വത്സല, ഡെന്റിസ്റ്റ് ഡോ. മിലി എന്നിവരും മറ്റ് സ്റ്റാഫംഗങ്ങളും പങ്കെടുത്തു. നവീകരിച്ച ഡെന്റൽ വിഭാഗവും പുതിയ ഡെന്റൽ ചെയറും രോഗികൾക്ക് കൂടുതൽ മികച്ചതും ആധുനികവുമായ ദന്തചികിത്സാ സേവനങ്ങൾ ലഭ്യമാക്കുന്നതിനും സൗകര്യപ്രദമായ ചികിത്സാ അന്തരീക്ഷം ഒരുക്കുന്നതിനും സഹായകരമാകുമെന്ന് ചടങ്ങിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

**ലോക പുകവലി വിരുദ്ധദിനം**

മാർച്ച് 11ന് ആചരിക്കുന്ന ലോക പുകവലി വിരുദ്ധദിനത്തിന്റെ ഭാഗമായി സഹൃദയ ഹോസ്പിറ്റലിൽ പുകവലി ആരോഗ്യത്തിന് ഉണ്ടാക്കുന്ന ഗുരുതര

മായ അപകടങ്ങളെക്കുറിച്ച് വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. സമൂഹത്തിൽ പുകവലിയുടെ ദോഷങ്ങളെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുകയും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയായിരുന്നു പരിപാടികൾ.

പരിപാടിയുടെ ഭാഗമായി ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും ചേർന്ന് പുകവലിയുടെ ദോഷങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ് നടത്തി. പുകവലി ശ്വാസകോശ രോഗങ്ങൾ, ഹൃദ്രോഗങ്ങൾ, കാൻസർ തുടങ്ങിയ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നുവെന്നും ഇത് വ്യക്തിയുടെ ആരോഗ്യത്തെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ആരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്നതാണെന്നും ക്ലാസ്സിൽ വിശദീകരിച്ചു.

കൂടാതെ പാസീവ് സ്മോക്കിംഗ് മൂലം മറ്റുള്ളവർക്കുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ, പുകവലി നിർത്തുന്നതിലൂടെ ലഭിക്കുന്ന ആരോഗ്യലാഭങ്ങൾ എന്നിവയെക്കുറിച്ചും പങ്കെടുത്തവർക്ക് വിശദമായി ബോധവൽക്കരിച്ചു. പുകവലി ഉപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങളും ഡോക്ടർമാർ നൽകി.

ഇത്തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ സമൂഹത്തിൽ ആരോഗ്യബോധം വർധിപ്പിക്കുന്നതിലും പുകവലിപോലുള്ള ദുഷ്പ്രവൃത്തികൾ ഒഴിവാക്കുന്നതിനും സഹായകരമാണെന്ന് സംഘാടകർ അഭിപ്രായപ്പെട്ടു.

**ലോക ഗ്ലോക്കോമ വാരാചരണം**

മാർച്ച് 12ന് ആചരിക്കുന്ന ലോക ഗ്ലോക്കോമ ദിനത്തോടനുബന്ധിച്ച് സഹൃദയ ആശുപത്രിയിൽ ലോക ഗ്ലോക്കോമ വാരാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. കണ്ണിലെ ഗുരുതരരോഗമായ ഗ്ലോക്കോമയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ആയിരുന്നു ഈ പരിപാടികൾ സംഘടിപ്പിച്ചത്.

ഡോ. അനിൽദത്തിന്റെ നേതൃത്വത്തിൽ 40 വയസ്സിന് മുകളിലുള്ള തിരഞ്ഞെടുക്കപ്പെട്ട ആളുകളെ ഉൾപ്പെടുത്തി സൗജന്യ കണ്ണ് പരിശോധന ക്യാംപ് സംഘടിപ്പിച്ചു. ക്യാംപിൽ പങ്കെടുത്തവർക്കായി കണ്ണിലെ മർദ്ദം ഉൾപ്പെടെയുള്ള വിവിധ പരിശോധനകൾ നടത്തുകയും ആവശ്യമായ വൈദ്യോപദേശം നൽകുകയും ചെയ്തു.

തുടർന്ന് ഗ്ലോക്കോമ രോഗത്തിന്റെ ലക്ഷണങ്ങൾ, പ്രതിരോധ മാർഗങ്ങൾ, സമയോചിതമായ പരിശോധനയുടെ പ്രാധാന്യം എന്നിവയെക്കുറിച്ച് ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു. പരിപാടിയിൽ പങ്കെടുത്തവർക്ക് ഗ്ലോക്കോമ രോഗത്തെക്കുറിച്ചുള്ള സംശയങ്ങൾ ചോദിക്കാനും വിദഗ്ധരിൽനിന്ന് വിശദീകരണം ലഭിക്കാനും അവസരം ഒരുക്കി.

ആശുപത്രിയിൽ നടന്ന ഈ പരിപാടി ഗ്ലോക്കോമ രോഗത്തെക്കുറിച്ചുള്ള അറിവ് വർധിപ്പിക്കുന്നതിലും സമയത്ത് പരിശോധന നടത്തേണ്ടതിന്റെ ആവശ്യകത ജനങ്ങളിലേക്ക് എത്തിക്കുന്നതിലും സഹായകരമായി.

**ലോക വൃക്ക ദിനാചരണം**

മാർച്ച് 12ന് ആചരിക്കുന്ന ലോക വൃക്കദിനത്തോടനുബന്ധിച്ച് സഹൃദയ ഹോസ്പിറ്റലിൽ വൃക്കയുടെ ആരോഗ്യസംരക്ഷണത്തെക്കുറിച്ചുള്ള ബോധ

വൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു. ഡോ. വിനോദ് ചന്ദ്രന്റെ ആഭിമുഖ്യത്തിൽ നടത്തിയ പരിപാടിയിൽ ആശുപത്രിയിലെ ആരോഗ്യപ്രവർത്തകരും മറ്റു അംഗങ്ങളും പങ്കെടുത്തു.

വൃക്കയുടെ പ്രധാന പ്രവർത്തനങ്ങൾ, വൃക്ക സംബന്ധമായ രോഗങ്ങൾ ഉണ്ടാകാനുള്ള കാരണങ്ങൾ, രോഗലക്ഷണങ്ങൾ എന്നിവയെക്കുറിച്ച് ക്ലാസ്സിൽ വിശദമായ ബോധവൽക്കരണം നടത്തി. കൂടാതെ പ്രമേഹം, ഉയർന്ന രക്ത സമ്മർദ്ദം, അസ്വാസ്ഥ്യകരമായ ജീവിതശൈലി എന്നിവ വൃക്കരോഗങ്ങൾക്ക് കാരണമാകാൻ സാധ്യതയുള്ളതായും ഡോക്ടർ വിശദീകരിച്ചു.

വൃക്കയുടെ ആരോഗ്യം സംരക്ഷിക്കാൻ മതിയായ വെള്ളം കുടിക്കൽ, ആരോഗ്യകരമായ ഭക്ഷണക്രമം പാലിക്കൽ, വ്യായാമം ചെയ്യുക, മരുന്നുകൾ ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം ഉപയോഗിക്കുക, സമയോചിതമായ ആരോഗ്യപരിശോധനകൾ നടത്തുക തുടങ്ങിയ കാര്യങ്ങളുടെ പ്രാധാന്യവും ക്ലാസിൽ എടുത്തുപറഞ്ഞു.

ഈ ബോധവൽക്കരണ പരിപാടി വൃക്കരോഗങ്ങളെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിനും ആരോഗ്യകരമായ ജീവിതശൈലി സ്വീകരിക്കുന്നതിനും പങ്കെടുത്തവർക്ക് സഹായകരമായി.

**ലാബ് ടെക്നിഷ്യൻ ഡേ ആഘോഷം**

മാർച്ച് 13 ലോക ലാബ് ടെക്നിഷ്യൻ ഡേയുടെ ഭാഗമായി ഹോസ്പിറ്റലിൽ വിവിധ പരിപാടികളോടെ ദിനാചരണം സംഘടിപ്പിച്ചു. ആശുപത്രിയിലെ ലാബ് വിഭാഗം സംഘടിപ്പിച്ച ഈ പരിപാടി ലാബ് ടെക്നിഷ്യൻമാരുടെ സേവനങ്ങളുടെ പ്രാധാന്യം സമൂഹത്തിൽ അറിയിക്കുകയും ആരോഗ്യരംഗത്ത് അവർ വഹിക്കുന്ന നിർണായക പങ്ക് എടുത്തുകാട്ടുകയും ചെയ്യുന്നതിന് ലക്ഷ്യമിട്ടായിരുന്നു.

ആശുപത്രിയിലെ ലാബ് ടെക്നീഷ്യൻ ഇൻചാർജ് ആയ സിസ്റ്റർ സെലിൻ പരിപാടിയുടെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. തുടർന്ന് ലാബ് ടെക്നിഷ്യൻമാരുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധപ്രഭാഷണവും നടത്തി. രോഗനിർണയത്തിൽ കൃത്യമായ ലാബ് പരിശോധനകൾക്ക് ഉള്ള പ്രാധാന്യം, ആധുനിക ലാബ് സാങ്കേതികവിദ്യകൾ, ആരോഗ്യപരിശോധനകളുടെ ആവശ്യകത എന്നിവയെക്കുറിച്ച് വിദഗ്ധർ വിശദീകരിച്ചു.

ഈ ദിനാചരണത്തിന്റെ ഭാഗമായി ലാബ് ജീവനക്കാരെ ആദരിക്കുകയും, അവരുടെ സേവനങ്ങൾക്ക് നന്ദി രേഖപ്പെടുത്തുകയും ചെയ്തു. കൂടാതെ ലാബ് പ്രവർത്തനങ്ങളുടെ ഗുണമേന്മയും കൃത്യതയും ഉറപ്പുവരുത്തുന്നതിന്റെ ആവശ്യകതയെക്കുറിച്ചും ചർച്ചകൾ നടത്തി.

ഇത്തരം ദിനാചരണങ്ങൾ ലാബ് ടെക്നിഷ്യൻമാരുടെ സേവനങ്ങളെ സമൂഹം കൂടുതൽ തിരിച്ചറിയാനും ആരോഗ്യരംഗത്തിന്റെ വളർച്ചയ്ക്കും സഹായകരമാണെന്ന് സംഘാടകർ അഭിപ്രായപ്പെട്ടു.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
**ഫാ. ചാക്കോ ഇടമുറിയിൽ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർമാർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

❑

# പ്രവാസി അപ്പോസ്തലേറ്റ്

സ്നേഹം നിറഞ്ഞ പ്രവാസി സഹോദരങ്ങളെ,

ഈശോയുടെ പീഡാസഹനമരണ ഉത്ഥാനം അനുസ്മരിക്കുന്ന ദിവസങ്ങളിലൂടെ നാം കടന്നു പോവുകയാണല്ലോ. ഈ ദിനങ്ങളുടെ പ്രാർഥനകളും അനുഗ്രഹങ്ങളും ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു. ഉത്ഥിതനിൽ പ്രത്യാശവെച്ചുകൊണ്ട് നിങ്ങളായിരിക്കുന്ന ഇടങ്ങളിൽ മിശിഹായ്ക്ക് സാക്ഷികളാകുവാൻ എല്ലാവർക്കും സാധിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

ചങ്ങനാശ്ശേരി അതിരൂപതയിലെ മികവുറ്റ യുവതീ യുവാക്കന്മാരെ സിവിൽ സർവീസിലേക്ക് ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി പ്രവാസി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ലിറ്റിൽ സ്റ്റാർ ഓപ്പറേഷൻ എന്ന വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഈ വർഷത്തെ സിവിൽ സർവീസ് പരിശീലനത്തിനായി ബിരുദധാരികളായ യുവജനങ്ങളിൽനിന്നും അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി.

മധ്യപൂർവേഷ്യയിൽ യുദ്ധം വ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ എല്ലാ ഗൾഫ് രാജ്യങ്ങളിലും ഇസ്രായേലിലും സമാധാനവും ശാന്തതയും കൈവരിക്കുവാൻ മാർച്ച് 3, 4 തീയതികൾ പ്രാർഥനാദിനമായി ആചരിച്ചു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ ആഹ്വാനപ്രകാരം എല്ലാ പ്രവാസികളെയും ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ടും എത്രയുംവേഗം യുദ്ധം അവസാനിച്ച് സമാധാനം സ്ഥാപിക്കുന്നതിനുമായി മാർച്ച് 15നു രാത്രി 10 മണിക്ക് ഗ്ലോബൽതലത്തിൽ സൂമിൽ ജപമാല പ്രാർഥന നടത്തി.

ഖത്തർ ചാപ്റ്റർ എക്സിക്യൂട്ടിവ് മീറ്റിങ് ഫെബ്രുവരി 18നു രാത്രി 10 മണിക്ക് ഓൺലൈനിൽ നടത്തുകയുണ്ടായി. ഇപ്പോൾ നടക്കുന്ന യുദ്ധസാഹചര്യങ്ങളെ തുടർന്ന് ഫ്ളൈറ്റുകൾ ഇല്ലാതാവുകയും പ്രിയപ്പെട്ടവരുടെ വേർപാടിൽ നാട്ടിൽ എത്തിച്ചേരാൻ സാധിക്കാതിരുന്ന കുവൈറ്റ് ചാപ്റ്റർ എക്സിക്യൂട്ടിവ് അംഗമായ ജിം തോമസ് പറപ്പള്ളി, ഖത്തർ ചാപ്റ്റർ എക്സിക്യൂട്ടിവ് അംഗമായ ബിജുകുട്ടൻ അലക്സ് എന്നിവരുടെ പിതാക്കന്മാരെ ഓർത്തുകൊണ്ട് യഥാക്രമം മെയ് 12, 13 തീയതികളിൽ ഡയറക്ടറച്ചന്മാർ എല്ലാ പ്രവാസികളോടും കൂടെ ഒപ്പീസ് പ്രാർഥന ചൊല്ലി.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(ഡയറക്ടർ)*

**ഓഫീസ് സമയം – രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ – 9207470117/ 8089920614 (നോർക്ക ഹെൽപ്പ് ഡെസ്ക്)**

❑

# കത്തോലിക്കാ കോൺഗ്രസ്
## (AKCC)

### നേതൃസംഗമം

കത്തോലിക്കാ കോൺഗ്രസ് അതിരൂപത സമിതിയുടെ 2024–27 വർഷത്തെ എക്സിക്യൂട്ടിവ് കമ്മിറ്റിയംഗങ്ങളുടെ നേതൃസംഗമം മാർച്ച് 9നു സന്ദേശ നിലയം ഹാളിൽ നടത്തപ്പെട്ടു. അതിരൂപത പ്രസിഡന്റ് ബിജു സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ ചേർന്ന നേതൃസംഗമം ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ഉദ്ഘാടനം ചെയ്തു.

കത്തോലിക്കാ കോൺഗ്രസ് തുടർച്ചയായി 4–ാം തവണയും സംഘടിപ്പിക്കുന്ന എക്സലൻഷ്യാ സീസൺ 4 മാർ ജോസഫ് പവ്വത്തിൽ സ്മാരക ഹെറിറ്റേജ് ക്വിസ് മത്സരം, 108–ാം ജന്മവാർഷികസമ്മേളനത്തോടനുബന്ധിച്ച് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന അന്തർദേശീയ സമ്മേളനം തുടങ്ങിയവയുടെ നടത്തിപ്പ്, പങ്കാളിത്തം എന്നിവ യോഗം ചർച്ചചെയ്തു.

### പുതിയ യൂണിറ്റ് രൂപികരണം

സമുദായ ശക്തീകരണവർഷത്തിൽ എല്ലാ ഇടവകയിലും കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് എന്ന ആശയം മുൻനിർത്തി നെടുങ്കുന്നം ഫൊറോനയിലെ പുന്നവേലി ലിറ്റിൽ ഫ്ളവർ പള്ളിയിൽ മാർച്ച് ഒന്നിനു പുതിയ യൂണിറ്റ് രൂപീകരണം നടന്നു.

വികാരി ഫാ. തോമസ് പ്ലാപ്പറമ്പിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ യൂണിറ്റ് രൂപീകരണത്തിന് ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്ക്, ഫൊറോനാ സെക്രട്ടറി ജോസ് കെ. ജേക്കബ് എന്നിവർ നേതൃത്വം നൽകി. യൂണിറ്റ് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനായി 10 അംഗ കമ്മിറ്റിയെ യോഗം തിരഞ്ഞെടുത്തു.

### പ്രതികരണങ്ങൾ

ഭിന്നശേഷി സംവരണ പ്രശ്നത്താൽ 2018 മുതൽ നിയമന അംഗീകാരം തടസ്സപ്പെട്ട എയ്ഡഡ് സ്കൂളിലെ ഇരുപതിനായിരത്തിലധികം അധ്യാപക–അനധ്യാപക തസ്തികകൾക്ക് സർക്കാർ അംഗീകാരം നൽകാനും എൻ.എസ്.എസ്. മാനേജ്മെന്റിന് അനുകൂലമായ സുപ്രീംകോടതിവിധി മറ്റുള്ളവർക്കും ബാധകമാക്കാനുമുള്ള തീരുമാനം സർക്കാർ തീരുമാനത്തെ സ്വാഗതം ചെയ്തും കേരളത്തിൽ ബാറുകളുടെ സമയക്രമം നിലവിലുള്ളതിൽനിന്ന് 2 മണിക്കൂർ കൂടുതൽ ആക്കുന്നതിൽ പ്രതിഷേധിച്ചുമുള്ള പ്രതികരണങ്ങൾ ഫെബ്രുവരി 20ലെ വാർത്താക്കുറിപ്പിലൂടെ അറിയിച്ചു.

### ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ നിലപാട് സ്വാഗതാർഹം

ക്രൈസ്തവ പിന്നോക്കാവസ്ഥയെപ്പറ്റി പഠിച്ച് സമർപ്പിക്കപ്പെട്ട ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സഭ സമുദായ നേതൃത്വങ്ങളുടെ സംയുക്ത യോഗത്തിൽ പ്രസിദ്ധീകരിച്ച സർക്കാർ നടപടി സ്വാഗതാർഹമാണെന്ന് കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ സമിതി. റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിന്റെ പിന്നിൽ പ്രവർത്തിച്ച വിവിധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, ഭരണനേ

തൃത്വം എന്നിവരെയും അഭിനന്ദിക്കുന്നു. റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ സത്വരമായി ജാഗ്രതയോടും ദീർഘവീക്ഷണത്തോടെയും ഉണ്ടാവണം. കേവലം തെരഞ്ഞെടുപ്പ് മുൻപിൽ കണ്ടുള്ള ഒരു പ്രചാരണമായി ഇതിനെ മാറ്റരുത്. റിപ്പോർട്ടിന്മേൽ വിവിധ രാഷ്ട്രീയ കക്ഷികൾ അവരുടെ അഭിപ്രായങ്ങൾ സമയ ബന്ധിതമായി പൊതുസമൂഹത്തിന്റെ മുൻപിൽ അറിയിക്കണം.

ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് പുറത്തുവിട്ട് വിവിധ സഭ-സമുദായ നേതൃത്വങ്ങളുമായി ചർച്ചചെയ്ത് ഉചിതമായവ നടപ്പിലാക്കണമെന്ന് ആവ ശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ വിവിധ തലങ്ങളിലുള്ള സമിതികൾ കഴിഞ്ഞ രണ്ടര വർഷത്തിലേറെക്കാലമായി നിര ന്തരം സമരരംഗത്ത് ഉണ്ടായിരുന്നു. ഇപ്പോഴത്തെ സർക്കാർ നടപടികൾ ഇപ്ര കാരമുള്ള സമരങ്ങളുടെ വിജയം കൂടിയാണെന്നും ചങ്ങനാശ്ശേരി അതിരൂപത സമിതി അഭിപ്രായപ്പെട്ടു.

മാർച്ച് മൂന്നിന് കത്തോലിക്കാ കോൺഗ്രസ് കേന്ദ്രഓഫീസിൽ ചേർന്ന സമ്മേളനമാണ് ഈ അഭിപ്രായം ഉന്നയിച്ചത്. അതിരൂപത പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം കത്തോലിക്കാ കോൺഗ്രസ് ഡയറക്ടർ ഡോ. സാവിയോ മാനാട്ട് ഉദ്ഘാടനം ചെയ്തു.

ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, ട്രഷറർ ജോസ് ജോൺ വെങ്ങാന്തറ, വൈസ് പ്രസിഡന്റുമാരായ സി. റ്റി. തോമസ്, ജോർജു കുട്ടി മുക്കത്ത്, ഷിജി ജോൺസൺ, റോസിലിൻ കെ. കുരുവിള, ഗ്ലോബൽ വൈസ് പ്രസിഡന്റ് രാജേഷ് ജോൺ നന്തിക്കാട്ട്, ഗ്ലോബൽ സെക്രട്ടറിമാരായ ജേക്കബ് നിക്കോളാസ്, ടോമിച്ചൻ അയ്യരുകുളങ്ങര, ഭാരവാഹികളായ പി. സി. കുഞ്ഞപ്പൻ, സെബാസ്റ്റ്യൻ വർഗീസ്, കുഞ്ഞു കളപ്പുര, ചാക്കപ്പൻ ആന്റണി, കെ. എസ്. ആന്റണി, സെബാസ്റ്റ്യൻ പുല്ലാട്ടുകാലാ, സൈബി അക്കര, സേവ്യർ തോമസ് കൊണ്ടോടി, ജോബി ചൂരക്കളം, എൻ. എ. ഔസേപ്പ്, അഡ്വ. മനു ജെ. വരാപ്പള്ളി, ബാബു വള്ളപ്പുര, സിസി അമ്പാട്ട്, ജെസ്സി ആന്റണി, ലിസി ജോസ്, ജോസി ഡൊമിനിക്, ജോർജ് വർക്കി, സിനി പ്രിൻസ് എന്നിവർ പ്രസംഗിച്ചു.

**പതാകദിനം**

കത്തോലിക്കാ കോൺഗ്രസ് 108 ജന്മവാർഷികസമ്മേളനം മാർച്ച് 13, 14 തീയതികളിൽ തലശ്ശേരി അതിരൂപതയുടെ ആതിഥേയത്വത്തിൽ നടത്തുന്ന 108-ാമത് ജന്മവാർഷിക സമ്മേളനത്തിനും സമുദായ ശക്തീകരണ മഹാറാലി ക്കും മുന്നോടിയായി കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി ആഹ്വാനം ചെയ്ത പതാകദിനാചരണം ചങ്ങനാശ്ശേരി അതിരൂപതയിലെ വിവിധ യൂണി റ്റുകളിൽ നടത്തപ്പെട്ടു. പതാക ഉയർത്തൽ, പ്രതിജ്ഞ, വിഷയാവതരണ സന്ദേശ ങ്ങൾ എന്നിവ പതാക ദിനാചരണത്തിന്റെ ഭാഗമായി നടത്തപ്പെട്ടു.

**108 മത് ജന്മവാർഷികം അന്തർദേശീയ സമ്മേളനം**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട 108-ാമത് ജന്മവാർഷികം, അന്തർദേശീയ പ്രതിനിധി സമ്മേളനം, വർക്കിംഗ് കമ്മിറ്റി, സമുദായ ശക്തീകരണ മഹാറാലി എന്നിവ മാർച്ച് 13, 14

തീയതികളിൽ തലശ്ശേരി അതിരൂപതയുടെ നേതൃത്തിൽ കണ്ണൂരിൽ നടത്തപ്പെട്ടു.

വിവിധ കേന്ദ്രങ്ങളിൽനിന്ന് ആരംഭിച്ച പതാക ദീപശിഖാ പ്രയാണങ്ങൾ എന്നിവയ്ക്ക് സ്വീകരണം, വർക്കിംഗ് കമ്മിറ്റി, പ്രതിനിധി സമ്മേളനം, സമുദായ ശക്തീകരണ മഹാറാലി എന്നിവയിൽ ചങ്ങനാശ്ശേരി അതിരൂപതയുടെ പ്രതിനിധികൾ പങ്കെടുത്തു. മഹാറാലിയിൽ അതിരൂപതയുടെ വിവിധ യൂണിറ്റുകളിൽ നിന്നായി 150 പ്രതിനിധികൾ പങ്കെടുത്തു.

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

❑

---

➤➤➤ *ചാസ്സ്–ഖാദി ഗ്രാമവ്യവസായമേഖല...*

**ബേസിക്ക് പ്ലംബിങ്ങ് & ഇലക്ട്രിക്കൽ ഫോർ വുമൻ കോഴ്സ്**

മാർച്ച് 09നു മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയിൽ സ്ത്രീകൾക്കായി ആരംഭിച്ച രണ്ടാഴ്ചത്തെ ബേസിക്ക് പ്ലംബിങ്ങ് & ഇലക്ട്രിക്കൽ കോഴ്സ് മാർച്ച് 21ന് അവസാനിച്ചു. 20 വനിതകൾ പങ്കെടുത്തു.

**വെർജിൻ കോക്കനട്ട് ഓയിൽ നിർമ്മാണ പരിശീലനം**

മാർച്ച് 12ന് മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയിൽ ആരംഭിച്ച രണ്ടാഴ്ചത്തെ വെർജിൻ കോക്കനട്ട് ഓയിൽ നിർമ്മാണ പരിശീലനം മാർച്ച് 26ന് അവസാനിച്ചു. 20 വനിതകൾ പങ്കെടുത്തു.

**2026 ഏപ്രിൽ മാസത്തിൽ മല്ലപ്പള്ളി വിദ്യാലയത്തിലും വിവിധ എക്സ്റ്റൻഷൻ സെന്ററുകളിലുമായി ആരംഭിക്കുന്ന വിവിധ ഫീ ബേസിസ്, മറ്റ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു (9961274993, 9447160207, 7907144684)**

| കോഴ്സുകൾ | തുടങ്ങുന്ന തീയതി | കാലാവധി | ഫീസ് | സ്ഥലം | സീറ്റ് എണ്ണം |
|---|---|---|---|---|---|
| ബീ കീപ്പിങ് ഹോബി കോഴ്സ് | 13.04.2026 | 1 ആഴ്ച | 500/- | കെ.ജി.വി. മല്ലപ്പള്ളി | 20 |
| ബ്യുട്ടിഷൻ കോഴസ് | 20.04.2026 | 2 മാസം | 4500/- | കെ.ജി.വി. മല്ലപ്പള്ളി | |
| ബേക്കറി പരിശീലനം | 06.04.2026 | | 1250/- | ഹോളി ഫാമിലി ചർച്ച് പൊടിപ്പാറ | |
| ബേക്കറി പരിശീലനം | 20.04.2026 | | 1250/ | സെന്റ് മേരീസ് കത്തീഡൽ ചർച്ച്, ചങ്ങനാശ്ശേരി | |

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
*(ഡയറക്ടർ, ചാസ്സ്–ഖാദി;*
*പ്രിൻസിപ്പൽ, കെ.ജി.വി. മല്ലപ്പള്ളി)*
*7994111005*

**ഫാ. ജോർജ് പനക്കേഴം**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*
*9496807124*

**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*
*9633521483*

❑

# കേരള ലേബർ മൂവുമെന്റ്
# (KLM)

## സൗഹൃദ മെഡിക്കൽ ട്രീറ്റ്മെന്റ് സ്കീം

ഫെബ്രുവരി 27നു കെ.എൽ.എം. ഉം പുഷ്പഗിരി മെഡിക്കൽ കോളേജ് ഹോസ്പിറ്റലും ചേർന്ന് കെ.എൽ.എം. ലെ എല്ലാ അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുംവേണ്ടി സൗഹൃദ മെഡിക്കൽ ട്രീറ്റ്മെന്റ് സ്കീം എന്ന ചികിത്സാസഹായപദ്ധതി ആരംഭിച്ചു.

## ഫീൽഡേ 2026

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ കായിക മേള 'ഫീൽഡേ 2026' മെയ് ഒന്നിന് എസ്.ബി. ഹയർസെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ സംഘടിപ്പിച്ചു. നൂറിലധികംപേർ പങ്കെടുത്ത വ്യക്തിഗത കായിക മത്സരങ്ങളോടൊപ്പം 13 ടീമുകൾ പങ്കെടുത്ത ആവേശകരമായ വടംവലി മത്സരവും നടത്തപ്പെട്ടു.

അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ട ഉദ്ഘാടനസമ്മേളനത്തിൽ 2025 ഫീൽഡേ സ്റ്റാർ മറിയാമ്മ ചാക്കോ ദീപശിഖ തെളിയിച്ചു. കായിക മത്സരങ്ങളുടെ ഫ്ളാഗ് ഓഫ് ചങ്ങനാശേരി സർക്കിൾ ഇൻസ്പെക്ടർ സുഗേഷ് കുമാർ നിർവഹിച്ചു. അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട് സമ്മാനദാനം നിർവഹിച്ചു.

ഓവറോൾ ചാമ്പ്യൻഷിപ്പ് വെട്ടിമുകൾ യൂണിറ്റും ഫസ്റ്റ് റണ്ണർഅപ് ഇരവുചിറ യൂണിറ്റും കരസ്ഥമാക്കി. പുരുഷന്മാരുടെ വടംവലി മത്സരത്തിൽ ഒന്നാം സ്ഥാനം വെട്ടിമുകൾ യൂണിറ്റും രണ്ടാം സ്ഥാനം ആർപ്പൂക്കര യൂണിറ്റും കരസ്ഥമാക്കി. സ്ത്രീകളുടെ വടംവലി മത്സരത്തിൽ എടത്വ യൂണിറ്റ് ഒന്നാം സ്ഥാനവും കൂത്രപ്പള്ളി യൂണിറ്റ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വ്യക്തിഗത മത്സരത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കിയ പുരുഷന്മാരുടെ വിഭാഗത്തിൽ എടത്വാ യൂണിറ്റ് ബിനോമോൻ ദേവസ്യ, വനിതാ വിഭാഗത്തിൽ ഇരവുചിറ യൂണിറ്റ് മറിയാമ്മ ചാക്കോയും കൂത്രപ്പള്ളി യൂണിറ്റ് ജയ്മി ജോസഫും ഫീൽഡേ സ്റ്റാർ പുരസ്ക്കാരം ഏറ്റുവാങ്ങി.

ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., കൺവീനർ ജെയ്സ് ജേക്കബ്, ജോയിന്റ് കൺവീനർ നെൽസൺ സെബാസ്റ്റ്യൻ, ഷാജി കോര, ലാലി ബോബൻ എന്നിവർ ക്രമീകരണങ്ങൾക്കു നേതൃത്വം നൽകി.

## സ്ത്രീശക്തി അണിചേർന്ന് കെ.എൽ.എം. വനിതാദിനാഘോഷം

കേരള ലേബർ മൂവ്മെന്റ് ചങ്ങനാശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ ദ്യുതി '26 വനിതാദിനാഘോഷം മെയ് 08നു ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ നവമി ശദാബ്തിഹാളിൽ വർണ്ണാഭമായി നടത്തപ്പെട്ടു. സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും അവരെ ശക്തീകരിക്കാനും നമ്മൾ നടത്തുന്ന പരിശ്രമങ്ങൾ വിജയിക്കുവാനും കുടുംബത്തെ സംരക്ഷിക്കുവാൻ കരുതൽ ധനം സൂക്ഷിക്കുന്നതുപോലെ നമ്മുടെ വിശ്വാസസമൂഹത്തെ സംരക്ഷിക്കുവാൻവേണ്ടി നമ്മുടെ ആരോഗ്യവും ആയുസും സഭയ്ക്കും വിശ്വാസത്തിനുംവേണ്ടി സമർപ്പിക്കുവാൻ ഇടയാകട്ടെയെന്ന് സമ്മേളനം ഉദ്ഘാടനം

ശേഷം പേജ് 64 ➤➤➤

# ദളിത് കത്തോലിക്കാ മഹാജനസഭ
# (DCMS)

**തെരഞ്ഞെടുപ്പ് കൗൺസിൽ മീറ്റിങ്**

2026–2029 പ്രവർത്തനവർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള കൗൺസിൽ മീറ്റിങ് മാർച്ച് 15നു അതിരൂപതാ ഡയറക്ടർ ഫാ. ബെന്നി കുഴിയടിയുടെ നേതൃത്വത്തിൽ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. തുടർന്ന് കൗൺസിൽ, കമ്മറ്റി ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു.

**പുതിയ ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | ഡോ. സിജോ ജേക്കബ് നെടുമണ്ണി |
| വൈസ് പ്രസിഡന്റ് | ഫിലിപ്പ് സി. ജെ. ചമ്പക്കുളം |
| സെക്രട്ടറി | മാത്യു ജോസഫ് കുറുമ്പനാടം |
| ജോയിന്റ് സെക്രട്ടറി | സിന്ധു കെ. ഒ. നാല്പാത്തിമല-അതിരമ്പുഴ |
| ഖജാൻജി | റോയി കെ. സി. ചങ്ങനാശ്ശേരി |
| ഓർഗനൈസർ | ബെന്നി വടുതലക്കര, അരുവിക്കുഴി-കോട്ടയം |

**സംസ്ഥാന കൗൺസിൽ അംഗങ്ങൾ:** ജയിംസ് ഇലവുങ്കൽ, ചെത്തിപ്പുഴ-ചങ്ങനാശ്ശേരി; പി. ജെ. ജോൺ നെടുമണ്ണി; ബേബി എം. സി. കുറുമ്പനാടം; ത്രേസ്യാമ്മ ജോസഫ്, അതിരമ്പുഴ; ലെനിൻ ജോസഫ്, കായൽപ്പുറം-പുളിങ്കുന്ന്.

**കമ്മറ്റി അംഗങ്ങൾ:** ജോയി മാത്യു, മാന്നാനം-കുടമാളൂർ; സെബാസ്റ്റ്യൻ ആന്റണി, നസ്രത്ത്-ചമ്പക്കുളം; കെ. ജെ. തോമസ്, പുളിങ്കുന്ന്; സെലിൻ കുഞ്ഞുമോൻ, കായൽപ്പുറം-പുളിങ്കുന്ന്.

നിയുക്ത പ്രസിഡന്റ് ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിൽ ദലിത് ക്രൈസ്തവരെ സംബന്ധിക്കുന്ന ശുപാർശകൾ കൗൺസിലിൽ അവതരിപ്പിച്ചു. കമ്മീഷൻ റിപ്പോർട്ട് എത്രയുംവേഗം ഗവൺമെന്റ് നടപ്പിലാക്കണമെന്നും റിപ്പോർട്ടിനോട് രാഷ്ട്രീയ കക്ഷികൾക്കുള്ള നിലപാടുകൾ വ്യക്തമാക്കണമെന്നും കൗൺസിൽയോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. മീറ്റിങ്ങിൽ നിയുക്ത വൈസ് പ്രസിഡന്റ് ഫിലിപ്പ് സി. ജെ. നന്ദി രേഖപ്പെടുത്തി. 4 മണിക്ക് മീറ്റിങ് അവസാനിച്ചു.

ഈശോയിൽ സ്നേഹപൂർവം,

**ഡോ. സിജോ ജേക്കബ്**
*(പ്രസിഡന്റ്)*

**ഫാ. ജോസഫ് കുഴിയടിയിൽ**
*(ഡയറക്ടർ)*

**മാത്യു ജോസഫ്**
*(സെക്രട്ടറി)*

❑

"സമാധാനം-സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയ സഹോദരങ്ങളേ,

ഫ്രാൻസിസ്കൻ അൽമായസഭയുടെ നേതൃത്വത്തിൽ ആണ്ടുതോറും നടത്തി വരുന്ന നോമ്പുകാല പീഡാനുഭവ പദയാത്ര ഈ വർഷവും ഭക്തിയാദരപൂർവം നടത്താൻ സാധിച്ചു. കുറുമ്പനാടം, വാഴപ്പള്ളി, കുട്ടനാട്, എടത്വാ എന്നീ റീജണുകളിലെ എല്ലാ ഭ്രാതൃത്വങ്ങളിലേയും അംഗങ്ങൾ കൃത്യസമയത്തുതന്നെ പച്ച-ചെക്കിടിക്കാട് ലൂർദ്ദുമാതാ പള്ളിയിൽ എത്തിച്ചേർന്നു. ഇടവകവികാരി ഫാ. ജോസഫ് ചൂളപ്പറമ്പിലിന്റെ നേതൃത്വത്തിൽ സഭയുടെ പ്രഭാതപ്രാർഥന നടത്തി സന്ദേശം നൽകി ആശീർവദിച്ച് പദയാത്ര ഉദ്ഘാടനം ചെയ്തു.

പദയാത്രയ്ക്ക് മുട്ടാർ ഇടവകവികാരി ഫാ. ജോസഫ് കട്ടപ്പുറം, ഫാ. ജോസഫ് ചൂളപ്പറമ്പിൽ, ഫാ. അലക്സ് വാച്ചാപറമ്പിൽ OFM Cap. എന്നിവർ നേതൃത്വം നൽകി. അതിരൂപതാ, റീജൺ ഭാരവാഹികളുടെ നേതൃത്വത്തിൽ പദയാത്ര എടത്വാ സെന്റ് ജോർജ് ദൈവാലയത്തിൽ എത്തിച്ചേർന്നു. തുടർന്ന് ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിൽ ഒപ്പീസ്ചൊല്ലി പ്രാർഥിച്ചു.

12 മണിക്ക് ഇടവകവികാരി ഫാ. ജോസഫ് കളരിക്കലിന്റെ മുഖ്യകാർമ്മികത്വത്തിൽ ഫാ. ജോസഫ് ചൂളപ്പറമ്പിൽ, ഫാ. ജോസഫ് കട്ടപ്പുറം, ഫാ. അലക്സ് വാച്ചാപറമ്പിൽ എ്ന്നിവർ ചേർന്ന് ദിവ്യബലിയർപ്പിച്ചു. കുർബാന മദ്ധ്യേ ഫാ. ഷാജി കരിംപ്ലാനിൽ സന്ദേശം നൽകി. ഫ്രാൻസിസ്കൻ ചൈതന്യത്തിൽ ജീവിക്കുന്നതിന്റെ നന്മയും സഹനവും വി. ഫ്രാൻസിസ് അസ്സീസ്സിയെപ്പോലെ ഭാഗ്യമായി കരുതി അൽമായസഭാംഗങ്ങൾ ജീവിക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. പരിശുദ്ധ കുർബാനയ്ക്കും നേർച്ചഭക്ഷണത്തിനും ശേഷം ഈ വർഷത്തെ നോമ്പുകാല പീഡാനുഭവപദയാത്ര സമാപിച്ചു.

**സ്വർഗപ്രാപ്തി**

കുറുമ്പനാടം റീജൺ സെന്റ് ആന്റണീസ് ഭ്രാതൃത്വാംഗം സഹോദരി മറ്റത്തിൽ അന്നമ്മ ജോസഫ് നിര്യാതയായി. സഹോദരിയ്ക്ക് സ്വർഗപ്രാപ്തി ലഭിക്കുന്നതിന് നമുക്കു പ്രാർഥിക്കാം.

**വി. സി. അലക്സ്**
**വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. അലക്സ് വാച്ചാപറമ്പിൽ**
**ഒ.എഫ്.എം. കപ്പൂച്ചിൻ**
*(സ്പിരിച്വൽ അസ്സിസ്റ്റന്റ്)*

❑

# വിൻസെൻഷ്യൻ വേദി
## (SSVP)

*ഈശോ ദൈവപുത്രനാണെന്ന് ഏറ്റുപറയുന്നവനിൽ ദൈവം വസിക്കുന്നു. അവൻ ദൈവത്തിലും വസിക്കുന്നു* (1 യോഹ. 4:15)

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

ഉത്ഥാനതിരുനാളിന്റെ സന്തോഷത്തിന്റെ ദിനങ്ങളിലൂടെ നാം കടന്നുപോവുകയാണല്ലോ. ദൈവത്തിന്റെ ശക്തിയും സ്നേഹവും വെളിപ്പെടുന്ന പരമപ്രധാനമായ സംഭവം എന്നാണ് മിശിഹായുടെ ഉത്ഥാനത്തെ വി. അംബ്രോസ് വിശേഷിപ്പിക്കുന്നത്. മരണത്തിന്റെ മേലുള്ള വിജയംവഴി മനുഷ്യകുലത്തിനു പ്രതീക്ഷയും രക്ഷയും അവിടുന്നു വാഗ്ദാനം ചെയ്യുന്നു. മരിച്ചവരിൽനിന്ന് ഉയിർത്ത് മിശിഹാ ആദ്യജാതനാകുന്ന ഒരു പുതിയ സൃഷ്ടിയുടെ ആരംഭമാണ് മിശിഹായുടെ ഉത്ഥാനമെന്ന് അദ്ദേഹം പറയുന്നു. നന്മയുടെ വിജയം ആഘോഷിക്കുന്ന, ആത്മീയതയുടെ കരുത്തു തെളിയിക്കുന്ന മഹത്തായ ദിനമാണല്ലോ ഈസ്റ്റർ. മിശിഹായുടെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിന്റെ അച്ചാരവും ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനവുമാണ്. മിശിഹായുടെ ദൈവത്വത്തിന്റെ വെളിപ്പെടലായ സംഭവം എന്നതോടൊപ്പം തന്നെ തെളിവുകൾക്കുപരിയായി വിശ്വാസത്തിന്റെ കണ്ണുകളിലൂടെ ദർശിക്കേണ്ടതായ ഒരു യാഥാർത്ഥ്യമായാണ് കാർഡിനൽ ന്യൂമാൻ മിശിഹായുടെ ഉത്ഥാനത്തെ വിശേഷിപ്പിക്കുന്നത്. വിശ്വസിക്കുന്നവരൊക്കെ ഉയർത്തപ്പെടാനും വിജയിക്കാനുള്ളവരുമാണ്, അവർക്കു മഹത്വം ലഭിക്കുമെന്നതും സത്യം. 'മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം' (1 കൊരി. 15: 14) എന്നു വി. പൗലോസ് വ്യക്തമായി പറയുന്നുണ്ട്. മരണത്തിനപ്പുറം ജീവിതമുണ്ട് എന്നും, മിശിഹായുടെ ഉയിർപ്പിൽ നമുക്കു പങ്കാളിത്തം ലഭിക്കുമെന്നും ഈ തിരുനാൾ നമുക്കു വാഗ്ദാനം നൽകുന്നു. ഈശോയുടെ ഉത്ഥാനവാർത്ത അറിഞ്ഞ് തീക്ഷ്ണമതിയായ പത്രോസും സ്നേഹമയിയായ യോഹന്നാനും കല്ലറയിലേക്കോടുന്നതു നാം വായിക്കുന്നുണ്ട്. മിശിഹായുടെ ഉത്ഥാനത്തിനു സാക്ഷികളായി ലോകമെങ്ങും സുവിശേഷം പ്രസംഗിക്കാനുള്ള നമ്മുടെ ഉത്തരവാദിത്വത്തെ സഹായിക്കുന്നവയാണല്ലോ വിൻസെൻഷ്യൻ പ്രവർത്തനങ്ങൾ. 'എന്നിൽ എന്ന് സ്നേഹത്തിന്റെ അഗ്നിജ്വലിക്കാതിരിക്കുന്നുവോ അന്ന് ഒരുപിടി ആളുകൾ തണുത്ത് മരിച്ചുപോകും' എന്ന് വി. ബർട്ടോലൊ പറയുന്നുണ്ട്. ഹൃദയത്തിൽ അഗ്നിയുമായി മരവിച്ച മനസ്സുകൾക്കും ബുദ്ധിമുട്ടുന്ന ജീവിതങ്ങൾക്കും ക്രിസ്തുവിന്റെ സ്നേഹവും സമാധാനവും പകർന്നുകൊടുക്കാൻ സാധിക്കട്ടെ എന്നു പ്രാർഥിക്കുന്നു.

പുതിയ സാമ്പത്തികവർഷത്തിൽ പുതിയ സൊസൈറ്റിയായി നാം പ്രവർത്തനം ആരംഭിച്ചിരിക്കുകയാണല്ലോ. പുതിയ റിപ്പോർട്ട്, പുതിയ കണക്ക്, പുതിയ രസീത് ബുക്ക്, പുതിയ ഹാജർബുക്ക് എല്ലാംതന്നെ പുതുതായി ആരംഭിക്കുന്നു. ഏതെങ്കിലും കാര്യങ്ങളിൽ വ്യക്തത വേണ്ടവർ ഉപരി കൗൺസിൽ ഭാരവാഹികളുമായി ബന്ധപ്പെടേണ്ടതാണ്. വാട്സാപ്പിലൂടെ നല്കുന്ന നിർദ്ദേശങ്ങൾ എല്ലാവരിലും എത്തിക്കുവാനും കൃത്യമായി പാലിക്കുവാനും അഭ്യർഥിക്കുന്നു. ഈ വർഷത്തെ കണക്കുകൾ ഏപ്രിൽ 10നകം ഏരിയാ കൗൺസിലിലും ഏപ്രിൽ 15നകം സെൻട്രൽ കൗൺസിലിലും എത്തിക്കേണ്ടതാണ്. ചെറിയ നിസ്സഹകരണങ്ങൾ നമുക്കു വലിയ ബുദ്ധിമുട്ടുകളാണ്

ഉണ്ടാക്കുക. എല്ലാവരുടെയും ആത്മാർഥമായ സഹകരണം അഭ്യർഥിക്കുന്നു. നമ്മുടെ സെൻട്രൽ കൗൺസിലിന്റെ 72-ാമത് വാർഷികം മെയ് 17 ഞായറാഴ്ച തൃക്കൊടിത്താനത്തു നടക്കുകയാണ്. മാവേലിക്കര രൂപത മുൻ അധ്യക്ഷൻ അഭി. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവാണ് മുഖ്യാതിഥി. രാവിലെ 9.15നു നടക്കുന്ന പതാക ഉയർത്തൽ മുതലുള്ള എല്ലാ കാര്യങ്ങളിലും എല്ലാവരുടെയും സഹകരണം അഭ്യർഥിക്കുന്നു.

പാറമ്പുഴ കോൺഫറൻസ് അംഗമായിരുന്ന ബ്ര. ജോസഫ്, തീരം നിത്യ സമ്മാനത്തിനു യാത്രയായി. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ നന്ദിപൂർവം അനുസ്മരിക്കുന്നു, ആത്മശാന്തിക്കായി പ്രാർഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**തോമസ് റ്റി. മൂലയിൽ**
*സെൻട്രൽ കൗൺസിൽ പ്രസിഡന്റ്*

❑

---

➤➤➤ *കേരള ലേബർ മൂവുമെന്റ് ...*

ചെയ്തുകൊണ്ട് അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട് സംസാരിച്ചു.

കെ.എൽ.എം. അതിരൂപതാ ജോയിൻറ് സെക്രട്ടറി ലാലി ബോബന്റെ അധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനത്തിൽ മുഖ്യാതിഥിയായി ചലച്ചിത്രതാരം സ്മിനു സിജോയും പങ്കെടുത്തു. കെ.എൽ.എം. അതിരൂപത ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ആമുഖപ്രസംഗവും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖാ മാത്യൂസ്, കത്തീഡ്രൽ യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് തെങ്ങുംപള്ളിയിൽ, അതിരൂപത ജനറൽസെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ. എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. കൺവീനർ റെനി കുര്യാക്കോസ് സ്വാഗതവും ജോയിന്റ് കൺവീനർ സെലിൻ ഗോമസ് നന്ദിയും അർപ്പിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നുള്ള കലാപരിപാടികൾ നടത്തപ്പെട്ടു. ലീന ജോഷി, റോസമ്മ കെ.റ്റി., ബീനാ സെബാസ്റ്റ്യൻ, വിന്നി ബെന്നി, സ്മിനു ജോസഫ്, ഷാജി കോര, മാർട്ടിൻ ആന്റണി എന്നിവർ നേതൃത്വം നൽകി.

### ആദരാഞ്ജലികൾ

കിടങ്ങറ സെന്റ് ജോസഫ് സംഘാംഗം സിബിച്ചൻ മുണ്ടയ്ക്കൽ കളരിപ്പറമ്പ്, നാലുകോടി നല്ലിടയൻ സംഘാംഗം തോമസ് ചെറിയാൻ വേഷ്ണാൽ എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർഥനയും നേരുന്നു.

### മരണാനന്തരസഹായനിധി

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരന്റെ നോമിനിക്ക് മരണാനന്തര സഹായമായ 1,30,000 രൂപ ഫെബ്രുവരി 25 നു കൈമാറി.

| | പേര് | സംഘം |
|---|---|---|
| 198 | റ്റി.എം. മാത്യു | തൃക്കൊടിത്താനം സെന്റ് ജോസഫ് |

**സെബാസ്റ്റ്യൻ പി. ജെ.**
*(ജനറൽ സെക്രട്ടറി)*

**ഫാ. ജോസഫ് ചമ്പക്കുളത്തിൽ**
*(ഡയറക്ടർ)*

❑

# കരിസ്മാറ്റിക് നവീകരണം

''രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിരവധി ഫലങ്ങളിൽ ഒന്നാണ് കത്തോലിക്കാ കരിസ്മാറ്റിക് പ്രസ്ഥാനം. ഒരു പുതിയ പെന്തക്കുസ്തായിലെന്നപോലെ, ആത്മാവിന്റെ പ്രവർത്തനത്തോട് സംവേദനക്ഷമതയുള്ള ഗ്രൂപ്പുകളുടെയും പ്രസ്ഥാനങ്ങളുടെയും അസാധാരണമായ അഭിവൃദ്ധിയിലേക്കാണ് കരിസ്മാറ്റിക് പ്രസ്ഥാനം സഭയെ നയിക്കുന്നത്. നവീകരണം സഭാജീവിതത്തിലും വ്യക്തിജീവിതങ്ങളിലും ഉളവാക്കിയ വിലയേറിയ ആത്മീയ ഫലങ്ങൾക്ക് നമുക്ക് എങ്ങനെ നന്ദി പറയാതിരിക്കാൻ കഴിയും? എത്രയോ പേർക്ക് വിശ്വാസം, പ്രാർത്ഥനയുടെ സന്തോഷം, ദൈവവചനത്തിന്റെ ശക്തി, സൗന്ദര്യം എന്നിവ വീണ്ടും കണ്ടെത്തുകവഴി സഭയുടെ ദൗത്യത്തിൽ ഉദാരരായ സേവകരായി മാറുവാൻ സാധിച്ചു! എത്രയോ പേരുടെ ജീവിതങ്ങളാണ് ആഴത്തിൽ മാറിമറിഞ്ഞത്? ഇതിനെല്ലാം നിങ്ങളോടൊപ്പം ഞാൻ പരിശുദ്ധാത്മാവിനെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു''

*Pope John Paul II to leaders of Renewal in the Spirit in Italy Rome, 4 April 1998.*

**സർവീസ് ടീം മീറ്റിങ്:** ഫെബ്രുവരി മാസത്തെ സർവീസ് ടീം മീറ്റിങ് പാസ്റ്ററൽ സെന്റർ ഓഫീസിൽ ആനിമേറ്റർ ഫാ. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ നടന്നു.

**കുരിശുമല തീർഥാടനം:** മാർച്ചു 31നു കരുവള്ളിക്കാട് കുരിശുമല തീർഥാടനത്തോടനുബന്ധിച്ചു നടന്ന നാൽപ്പതുമണി ആരാധനയിൽ കരിസ്മാറ്റിക് സോൺ അംഗങ്ങൾ പങ്കെടുത്തു. വിവിധ സബ്സോണുകൾ സമയക്രമം മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ച് ഭാഗഭാഗിത്തം വഹിച്ചു.

**കരിസ്മാറ്റിക് ജൂബിലി/ കൃപാഭിഷേക കൺവെൻഷൻ:** ഓഗസ്റ്റ് 20 മുതൽ 24 വരെ ഫാ. ഡൊമിനിക്ക് വാളൻമനാൽ നയിക്കുന്ന (എസ്.ബി. കോളജ് ഗ്രൗണ്ട്) കൃപാഭിഷേക–ജൂബിലി കൺവൻഷനുമായി ബന്ധപ്പെട്ട ആലോചനായോഗം മാർച്ച് 14നു പാസ്റ്ററൽ സെന്ററിൽ നടന്നു. എല്ലാ രണ്ടാം ചൊവ്വാഴ്ചയും നാലാം ചൊവ്വാഴ്ചയും സോയിൽ സിസ്റ്റേഴ്സിന്റെ ചാപ്പലിൽ ഒരുമിച്ചുകൂടി പ്രാർഥിക്കാം എന്ന് തീരുമാനമെടുത്തു.

**ക്രിസ്റ്റീൻ പരിശീലന പരിപാടി:** ടീനേജ് കുട്ടികളുടെ പേരന്റ്സിനും അധ്യാപകർക്കുമായി ഒരു പരിശീലനപരിപാടി വേഴപ്ര സെന്റ് പോൾസ് ഇടവകയിൽ സംഘടിപ്പിച്ചു. മാർച്ച് ഏഴിന് നടന്ന പരിശീലനം ക്രിസ്റ്റീൻ മിനിസ്ട്രി സെൻട്രൽ ടീം കോർഡിനേറ്റർ ബ്ര. ജൂഡ് ജോസഫ്, ആനിമേറ്റർ സി. സ്റ്റെല്ല MSMI എന്നിവർ ക്ലാസുകൾ നയിച്ചു.

**ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി:** ലോഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ സോണൽ സർവീസ് ടീം യോഗം ഫെബ്രുവരി 28നു ആനിമേറ്റർ ഫാ. ലൂയിസ് വെള്ളാനിക്കലിന്റെ നേതൃത്വത്തിൽ പാസ്റ്ററൽ സെന്റർ ഓഫീസിൽ നടന്നു. പുതിയ ദമ്പതീ സെൽ ഗ്രൂപ്പുകൾ തുടങ്ങേണ്ട ആവശ്യത്തെക്കുറിച്ച് അച്ചൻ ഓർമിപ്പിച്ചു. മുട്ടാർ സെന്റ് തോമസ് പള്ളിയിൽ ഫെബ്രുവരി 28 മുതൽ ദമ്പതി ധ്യാനം നടത്താൻ തീരുമാനിച്ചു.

സ്നേഹപൂർവം,

**മഞ്ജു മാത്തൂർ**
*(കോഡിനേറ്റർ)*

**ഫാ. മാത്യു താന്നിയത്ത്**
*(ആനിമേറ്റർ)*

❑

## മാർ തോമസ് തറയിൽ

**മാർച്ച്**

01 മണിമല ഇൻഫന്റ് ജീസസ് ആശുപത്രി ദൈവാലയം കൂദാശ ചെയ്തു പരിശുദ്ധ കുർബാന അർപ്പിച്ചു. രാമങ്കരിയിൽ യുവദീപ്തി-എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ നടന്ന ധർണ്ണയിൽ പ്രസംഗിച്ചു. സന്ദേശനിലയത്തിൽ ബൈബിൾ കൺവെൻഷൻ വോളന്റീയർമാരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

02 പി.ഒ.സി.യിൽ ഓഫീസ് ഭാരവാഹികളുടെ യോഗത്തിൽ പങ്കെടുത്തു. പബ്ലിക് അഫയേഴ്സ് കമ്മീഷൻ രൂപതാ പ്രതിനിധികളുടെ ഓൺലൈൻ യോഗത്തിൽ സംബന്ധിച്ചു.

03 ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ അധ്യാപക - അനധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിൽ ആശംസകൾ അറിയിച്ചു. പാലമറ്റം ബേസ് തോമ്മാ സന്യാസ ഭവനത്തിൽ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ ഒത്തു ചേരലിൽ സന്ദേശം നൽകി.

04 കുന്നന്താനം സെഹിയോൻ ധ്യാന കേന്ദ്രത്തിൽ വൈദികരുടെ തുടർ പരിശീലനത്തിൽ പരി. കുർബാന അർപ്പിച്ചു. ചെത്തിപ്പുഴ മാർ കാവുകാട്ട് കപ്പേള ആശീർവദിച്ചു.

05 തൃക്കൊടിത്താനം സവിനാ കോൺവെന്റിൽ പരി. കുർബാന അർപ്പിച്ചു സന്ദേശം നൽകി. അതിരൂപതാ കേന്ദ്രത്തിൽ ഫൊറോനാ വികാരിമാരുടെ യോഗത്തിൽ അധ്യക്ഷത വഹിക്കുകയും കുമരകം വടക്കുംകര ഇടവ കാംഗം ശ്രീ. ജോർജ് പി. തോമസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. അതിരൂപതാ കേന്ദ്രത്തിൽ സന്ദേശനിലയം പുസ്തക പരിഷ്കരണ യോഗത്തിലും പാസ്റ്ററൽ കൗൺസിൽ എക്സി ക്യൂട്ടിവ് യോഗത്തിലും അധ്യക്ഷത വഹിച്ചു.

06 അതിരൂപതാ കേന്ദ്രത്തിൽ കൺസൾട്ടേഴ്സ് ബോഡി സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. പൂമറ്റം സെന്റ് ആന്റണിസ് ഇടവകാംഗം പുതിയാ പറമ്പിൽ ബഹു.അലോഷ്യസ് CMI അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷ യിൽ പരി.കുർബാനയർപ്പിച്ചു. ആനിക്കാട് സെന്റ് ആന്റണീസ് പള്ളിയുടെ കല്ലിടൽ കർമ്മത്തിന് കാർമ്മികത്വം വഹിക്കുകയും പാറമ്പുഴ ബേത് ലഹേം പള്ളിയിൽ നോമ്പുകാല വചന സന്ദേശം നൽകുകയും ചെയ്തു. ലിറ്റർജിക്കൽ കമ്മിറ്റി ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

07 കുറ്റിച്ചൽ ലൂർദ്ദ് മാതാ കോളേജിൽ ഗവേണിംഗ് ബോഡി യോഗത്തിൽ അധ്യക്ഷത വഹിച്ചു.

7-9 തിരുവനന്തപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ അജപാലന സന്ദർശനം നടത്തി.

09 മായം സെന്റ് മേരീസ് യു.പി. സ്കൂളിൽ പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

10 ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററൽ ചാപ്പലിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. സന്ദേശനിലയത്തിൽ ശാലോം ടിവിയുടെ യുവജന

സംവാദത്തിൽ പങ്കെടുത്തു. തുരുത്തി മർത്ത് മറിയം ഫൊറോന പള്ളിയുടെ കുരിശടി ആശീർവദിക്കുകയും അതിരൂപത കേന്ദ്രത്തിൽ റീജൻസി വൈദികാർത്ഥികളുടെ യാത്രയയപ്പ് സമ്മേളനത്തിൽ ആശംസകൾ അറിയിക്കുകയും ചെയ്തു.

11 അതിരൂപതാകേന്ദ്രത്തിൽ ഡിവിനാ മിസ്സറി കോർദിയാ ഭക്തസംഘടന നേതൃത്വം നടത്തിയ ദൈവകരുണ സന്ദേശയാത്ര ഉദ്ഘാടനം ചെയ്തു. കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ 2014-25 ബാച്ച് വൈദികരുടെ തുടർപരിശീലനത്തിൽ സന്ദേശം നൽകുകയും നിരണം മാർത്തോമ്മാശ്ലീഹാ സെമിനാരിയിൽ ക്ലാസ് നയിക്കുകയും ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ ഓർമ്മ കുർബാന അർപ്പിക്കുകയും ചെയ്തു.

12 ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. യാക്കോബായ അങ്കമാലി ഭദ്രാസനത്തിലെ കോതമംഗലം മാർത്തോമ ചെറിയ പള്ളിയിൽ കൺവൻഷൻമധ്യേ അനുഗ്രഹപ്രഭാഷണം നടത്തി.

13 ചങ്ങനാശ്ശേരി അതിരൂപത ഫാമിലി അപ്പോസ്തലേറ്റ് ആനിമേറ്റർ സി. ലിൻസ് മേരിയുടെ പിതാവ് ശ്രീ. ടി. ജെ ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും അതിരൂപതാകേന്ദ്രത്തിൽ എസ്റ്റേറ്റ് മാനേജർമാരുടെ യോഗത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. ലിറ്റർജിക്കൽ കമ്മിറ്റി ഓൺലൈൻ യോഗത്തിൽ സംബന്ധിച്ചു.

14 ചങ്ങനാശ്ശേരി എസ്.ബി. കോളേജിലെ കല്ലറയ്ക്കൽ ഹാളിൽ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അധ്യക്ഷതവഹിക്കുകയും പാറേൽ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റർ ലിസ്യു സ്കറിയ എസ്.എച്ച്.ന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് കാർമികത്വം വഹിക്കുകയും ചെയ്തു. നാലുകോടി സെന്റ് തോമസ് ദൈവാലയത്തിൽ തൃക്കൊടിത്താനം ഫൊറോനയിലെ സമുദായ ശക്തീകരണവർഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. ഇസ്രായേലിലെ ക്രൈസ്തവ സമൂഹത്തിനു ഓൺലൈൻ ധ്യാനം നയിച്ചു.

15 കൈപ്പുഴ ഹോളി ഫാമിലി പള്ളിയിൽ അജപാലനസന്ദർശനം നടത്തി. പടഹാരം സെന്റ് ജോസഫ് ഇടവകാംഗം ഡീക്കൻ ജോബിൻ ഒമ്പതിൽചിറയുടെ പിതാവ് ശ്രീ. ജോസഫ് വർഗീസിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

17 അതിരൂപത കേന്ദ്രത്തിൽ 2026-27 റീജൻസി വൈദികാർത്ഥികള പുതിയ ചുമതലകളിലേക്ക് നിയോഗിച്ചു. പബ്ലിക് അഫയേഴ്സ് കമ്മീഷൻ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

18 ലിറ്റർജിക്കൽ കമ്മീഷൻ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

19 കൂത്രപ്പള്ളി എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും സീനിയർ മദേഴ്സ് ഡേയുടെ ആശംസകൾ അറിയിക്കുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ എസ്.ബി. കോളേജിലെ വൈദികരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

20 ചങ്ങനാശ്ശേരി സി.എം.സി. കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. മാമ്മൂട് ലൂർദ് മാതാ പള്ളിയിൽനിന്നും ആരംഭിച്ച കുരിശിന്റെ വഴിയിൽ പ്രാരംഭ സന്ദേശം നൽകി.

21 ചെത്തിപ്പുഴ എസ്.ഡി. പ്രൊവിൻഷ്യൽ ഹൗസിൽ പരി. കുർബാന അർപ്പിച്ചു. ചെത്തിപ്പുഴ ഇടവകാംഗം സിസ്റ്റർ ഫിൽസിന FDSHJയുടെ മാതാവ് ശ്രീമതി. ത്രേസ്യാമ്മ ദേവസ്യായുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ പ്രതിനിധി യോഗം ഉദ്ഘാടനം ചെയ്യുകയും കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന ദൈവാലയത്തിൽ നവീകരിച്ച സിമിത്തേരി ആശീർവദിക്കുകയും ചെയ്തു. കുരിശുമ്മൂട് മീഡിയാവില്ലേജിൽ പേട്രൻസ് ഡേ ആഘോഷത്തിൽ സംബന്ധിച്ചു.

23 അതിരൂപതാകേന്ദ്രത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് ദപ്പാ കൂദാശ ചെയ്തു. കടുവാക്കുളം ചെറുപുഷ്പ ദൈവാലയത്തിൽ ഈറ്റോലിൽ ബഹു. സെബാസ്റ്റ്യൻ എം.സി.ബി.എസ്. അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

24 ഇത്തിത്താനം ആശാഭവനിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഏലീശ്വാമീറ്റിൽ സന്ദേശം നൽകി. അതിരൂപത കേന്ദ്രത്തിൽ മേജർ സെമിനാരി വൈദികാർത്ഥികളുടെ സമ്മേളനത്തിൽ സന്ദേശം നൽകി. തുവയൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവകാംഗം ചാങ്ങേത്ത് ബഹു. ഗീവർഗീസ് അച്ചന്റെ പിതാവ് ശ്രീ. ബേബി മത്തായിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

25 ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ മ്ശംശാനപട്ടം നൽകൽ ശുശ്രൂഷയിൽ കാർമികത്വം വഹിക്കുകയും പാറേൽ ഇടവകാംഗം ശ്രീമതി വത്സമ്മ സേവ്യറുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. അതിരൂപതാ കേന്ദ്രത്തിൽ എസ്.ബി. കോളേജ് മാനേജ്മെന്റ് ബോർഡ് യോഗത്തിൽ അധ്യക്ഷത വഹിക്കുകയും നവീകരിച്ച മരിയാപുരം മേരി മാതാ ദൈവാലയം ആശീർവദിക്കുകയും നിരണം മാർത്തോമ്മാ ശ്ലീഹാ സെമിനാരിയുടെ ഹോം ഡേ ആഘോഷങ്ങളിൽ സന്ദേശം നൽകുകയും ചെയ്തു.

26 കുറിച്ചി എം.എൽ.എഫ്. കോൺവെന്റിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും വടക്കേക്കര സെന്റ് മേരീസ് ഇടവകാംഗം ശ്രീ. സി.സി. കുര്യാക്കോസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും സന്ദേശനിലയത്തിൽ യുവജനസംവാദത്തിൽ സംബന്ധിക്കുകയും ചെയ്തു. ചമ്പക്കര സെന്റ് മേരീസ് യു.പി. സ്കൂളിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയും പുതുതായി നിർമ്മിച്ച ഭവനത്തിന്റെ താക്കോൽദാനം നിർവ്വഹിക്കുകയും ചെത്തിപ്പുഴ തിരുഹൃദയ ഇടവകാംഗം ശ്രീ. തോമസ് സെബാസ്റ്റ്യന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും അതിരൂപതാകേന്ദ്രത്തിൽ ഇന്റർ ഡിപ്പാർട്ടുമെന്റ് യോഗത്തിൽ അധ്യക്ഷതവഹിക്കുകയും ചെയ്തു.

27 അതിരൂപതാകേന്ദ്രത്തിൽ ചെത്തിപ്പുഴ ഹോസ്പിറ്റൽ ട്രസ്റ്റ് യോഗത്തിൽ അധ്യക്ഷതവഹിക്കുകയും ചുങ്കപ്പാറ സെന്റ് ജോർജ് സീറോ മലങ്കരപള്ളിയിൽ കുരിശിന്റെ വഴിയുടെ പ്രാരംഭത്തിൽ വചനസന്ദേശം നൽകുകയും കരുവള്ളിക്കാട് കുരിശുമല തീർത്ഥാടനത്തിൽ സംബന്ധിക്കുകയും ചെയ്തു.

❑

**ഫെബ്രുവരി**

26 ഇത്തിത്താനം പ്രീസ്റ്റ്സ് ഹോമിൽ ഫോർത്ത് ഇയർ വൈദികവിദ്യാർഥികൾക്ക് ക്ലാസ്സെടുത്തു.

**മാർച്ച്**

05 കുമരകം സെന്റ് ജോൺസ് നെപുംസ്യാനോസ് ഇടവകാംഗം കല്ലറയ്ക്കൽ ജോർജ് പി. തോമസിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു.

08 പുളിങ്കുന്ന് ഫൊറോനയിലെ മാതൃവേദി പിതൃവേദി പ്രവർത്തനവർഷവും സമുദായശക്തീകരണവർഷാഘോഷവും വനിതാദിനാഘോഷവും ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി.

10 കാഞ്ഞിരപ്പള്ളി നല്ലതണ്ണി ആരാധന സന്യാസിനിസമൂഹത്തിന്റെ മഠം ചാപ്പലിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

11 കരുമാടി സെന്റ് നിക്കോളാസ് എൽ.പി. സ്കൂൾ വജ്രജൂബിലി ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

13 കാഞ്ഞിരപ്പള്ളി നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിൽ നസ്രാണിമാർഗം കൂട്ടായ്മാംഗങ്ങളോടൊപ്പമുള്ള റംശായ്ക്കു കാർമികത്വം വഹിച്ചു.

14 കാഞ്ഞിരപ്പള്ളി നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിൽ നസ്രാണിമാർഗം കൂട്ടായ്മാംഗങ്ങളോടൊപ്പം പരിശുദ്ധ കുർബാനയർപ്പിച്ചു; അവർക്കു ക്ലാസ്സെടുത്തു. പാലാ രൂപതാകേന്ദ്രത്തിൽ മാർത്തോമ്മാശ്ലീഹാ പൈതൃകവും ഈശോയുടെ അറമയിക് - സുറിയാനി പാരമ്പര്യമുള്ള നസ്രാണി സമുദായ ഐക്യയോഗത്തിൽ പങ്കെടുത്ത് ആശംസാപ്രസംഗം നടത്തി. പാറേൽ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ സി. ലിസ്യു സഖറിയ നാല്പതാംകളത്തിന്റെ മൃതസംസ്കാരശുശ്രൂഷയുടെ മൂന്നാംഭാഗത്തിനു കാർമികത്വം വഹിച്ചു.

15 കരിമ്പനക്കുളം സേക്രഡ് ഹാർട്ട് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. പടഹാരം സെന്റ് ജോസഫ് ഇടവകാംഗം ഒൻപതിൽചിറ ബഹു. വർഗീസ് (ജോബിൻ) മ്ശംശാനയുടെ പിതാവ് ശ്രീ. ജോസഫ് വർഗീസിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു.

16 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പാറേൽ മരിയൻ ടവർ മ്യൂസിയം കമ്മിറ്റിയിൽ പങ്കെടുത്തു.

17 ചെത്തിപ്പുഴ എസ്.ഡി. പ്രൊവിൻഷ്യൽ ഹൗസിൽ സി. ഫ്ളോറൻസ് മുളമൂട്ടിലായ മാനാമ്പുറത്തിന്റെ മൃതസംസ്കാരശുശ്രൂഷയുടെ രണ്ടും മൂന്നും ഭാഗങ്ങൾക്കു കാർമികത്വം വഹിച്ചു. ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കാ പള്ളിയിൽ തിരുന്നാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

18 ചീരഞ്ചിറ എ.എസ്.എം.ഐ. ജനറലേറ്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളി ഇടവകാംഗം മറ്റത്തിൽ അന്നമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

19 കാവാലം സെന്റ് ജോസഫ് പള്ളിയിൽ തിരുന്നാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ മാർ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാന യർപ്പിച്ചു. പ്രീസ്റ്റ്സ് ഹോമിൽ മാർ യൗസേപ്പിതാവിന്റെ നാമഹേതുകതി രുനാളാഘോഷത്തിൽ പങ്കെടുത്തു

20 പാലമറ്റം ബേത് തോമ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. പാറേൽ സെന്റ് മേരീസ് പള്ളിയങ്കണത്തിൽ സ്ലീവാപാതയുടെ സമാപനശുശ്രൂഷ യ്ക്കു സന്ദേശം നൽകി.

21 വാഴപ്പള്ളി ആരാധന സന്യാസിനിസമൂഹത്തിന്റെ മഠം ചാപ്പലിൽ പരി ശുദ്ധ കുർബാനയർപ്പിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ബഹു. വൈദികരെ സന്ദർശിച്ചു.

22 പെരുന്ന കിഴക്ക് സെന്റ് ആന്റണീസ് പള്ളിയിൽ പരിശുദ്ധ കുർബാനയർ പ്പിച്ചു. കൊല്ലാട് എം.സി.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ ഈറ്റോ ലിൽ ബഹു. സെബാസ്റ്റ്യൻ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. കുരിശുംമൂട് മീഡിയ വില്ലേജിൽ പെട്രൺസ് യോഗത്തിൽ പങ്കെടുത്തു.

23 കൂത്രപ്പള്ളി ചാസ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പുതിയ പ്രസ്ഥാനമായ ടിഷ്യൂ പേപ്പർ പ്രൊഡക്ഷൻ മെഷീൻ വെഞ്ചരിപ്പുശുശ്രൂഷ നടത്തി.

24 മുട്ടാർ സെന്റ് ജോർജ് പള്ളിയിൽ ചാസ് സോഷ്യൽ സർവ്വീസ് സൊസൈ റ്റിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട കാൻസർ രോഗനിർണയ പദ്ധതി ഉദ്ഘാടനം ചെയ്തു.

25 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ അതിരൂപത യിലെ ഹെവുപ്പദ്യാഖോനാമാർക്ക് മ്ശംമ്ശാനപട്ടം നൽകി. പാറേൽ സെന്റ് മേരിസ് ഇടവകാംഗം പെരുമ്പ്ര പുത്തൻപറമ്പിൽ വത്സമ്മ സേവ്യ റിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. വടക്കേക്കര സെന്റ് മേരീസ് ഇടവകാംഗം ചിറ്റേട്ടുകളം സി. സി. കുര്യാക്കോസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

26 അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട ചങ്ങനാശ്ശേരി പ്രൊവിൻസിലെ മെത്രാന്മാരുടെ യോഗത്തിൽ പങ്കെടുത്തു.

27 പാലമറ്റം ബേത് തോമ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

❑




**Mar Thomas Tharayil**
Metropolitan of Changanacherry

# ENGAGEMENTS | APRIL 2026

| | | |
|---|---|---|
| 01 | | Engaged |
| 02 | 04:00 pm | *Pesaha* @ Cathedral |
| 03 | 07:00 am | Message: *Samyuktha Kurishinte Vazhi* @ Palayam |
| | 02: 30 pm | Good Friday @ Thiruvananathapuram |
| 04 | 05:00 pm | Holy Saturday @ Kudamaloor |
| 05 | 02:30 am | Easter @ Cathedral |
| 06 | 07:00 pm | Vocation Seminar Inauguration @ Minor Seminary, Kurichy |
| 07 | 09: 45 am | Presbyterium |
| | 03:30 pm | Regional Bishop's Recollection @ Muvattupuzha |
| 08 | 11:00 am | Betrothal @ Thiruvananathapuram |
| 09 | 09:30 am | CMI Kottayam Province Chapter @ Vazhoor |
| | 05:30 pm | Message: Maraman Catholic Charismatic Convention @ Maramon |
| 10 | 08:30 am | *Curia* |
| | 12:00 noon | Message: Prof. J Philip Requiem @ Pallikunnu |
| | 05:00 pm | Holy *Qurbana* @ Vadavathoor |
| | 07:00 pm | Birthday Celebrations: Bp Joseph Pallickaparambil @ Palai |
| 11 | 06:30 am | Holy *Qurbana* @ Priests' Home |
| | 09:00 am | Message: Jesus Youth Retreat @ Manganam Spiriuality Centre |
| | 05:00 pm | Parish Hall Blessing @ Karumady |
| 12 | 04:00 pm | Holy *Qurbana* @ Mannanam |
| | 06:00 pm | Message: Nasrani Family Fraternity Meet @ Athirampuzha |
| 13 | 06:30 am | *Punarqudasha* & Holy *Qurbana* @ Vazhapally SABS |
| 14 | 06:30 am | Sacraments of Initiation @ Villoonni |
| | 03:00 pm | Message: SMYM State Senate @ Arunapuram, Pala |
| 15 | 09:30 am | Message: Superior Generals Meeting @ Kakkanad |
| 16 | 09:30 am | Priestly Ordination: Dn. Abin SVD & Dn. Mino SVD @ Koduppuna |
| | 12:00 noon | Message : Alappuzha Forane Students' Get Together @ Pazhavangady |

| | | |
|---|---|---|
| | 03:30 pm | Marriage @ Champakkara |
| 17 | 08:30 am | *Curia* |
| | 11:00-12:30 | Visitors |
| | 05:30 pm | Syriac *Qurbana* @ Mannoor Mattakara |
| 18 | 06:30 am | Holy *Qurbana* & Laying of Foundation Stone @ Panayambala |
| | 11:00 am | Marriage @ Kanjirathanam |
| | 02:30 pm | Chapel Blesssing: FDSHJ @ Changanacherry |
| 19 | 05: 30 pm | Message: Parish Day @ Thellakom |
| | 06:00 pm | Message: Nasrani Family Fraternity Meet @ Kottayam |
| 20 | 06:30-11:00 | Work Camp @ Kidangara |
| | 05:00 pm | Holy *Qurbana* @ Work Camp |
| 21 | 10:30 am | Holy *Qurbana* & Golden Jubilee Celebrations @ SH Parel |
| | 02:30 pm | Youth Debate: *Shalom* @ Archbishop House |
| | 06:00 pm | Inter Department Meeting |
| 22 | 08:30 am | *Curia* |
| | 10:00 am | Presbyteral Council |
| | 04:00 pm | Holy *Qurbana* @ Aruvithara |
| 23 | 07:00 am | Sacraments of Initiation @ Cathedral |
| | 10:00 am | Vestition @ SABS Koothrapally |
| | 05:00 pm | Presbytery Blessing @ Ezhumattoor |
| | 07:00pm | Message: Assumption Sunday School Students @ Kunnamthanam |
| 24 | 10:00 am | PAC: JB Koshy Symposium @ Kakkanad |
| 25-May 05 | | UK Visit |

**FR. SECRETARY- 8078088468**

❑



# ENGAGEMENTS | APRIL 2026

**Mar Joseph Perumthottam**
Metropolitan Emeritus of Changanacherry

| | | |
|---|---|---|
| 01 | 03:30 pm | Pilgrimage: *Kauvallikadu Kurishumala* |
| 02 | 04:30 pm | Maundy Thursday @ St. Anthony's Forane Church, Kurumpanadom |
| 03 | 02:30 pm | Good Friday @ St. Joseph's Church, Punnakunnathussery |
| 04 | 04:30 pm | Holy Saturday @ Lourde Matha Church, Mampuzhakary |
| 05 | 02:45 am | Easter @ St. Joseph's Church, Ramankary |
| 07 | 09:30 am | *Presbyterium* @ St. Mary's Metropolitan Church, Changanacherry |
| | 07:00 pm | Vocation Camp @ St. Thomas Minor Seminary, Kurichy |
| 08 | 11:00 am | Holy *Qurbana* & Jubilee Celebrations @ F.C.C. Devamatha Provincial House, Changanacherry |
| 09 | 6:15 am | Holy *Qurbana* @ St. Thomas Church, Vadavathoor |
| 10 | 04:00 pm | Holy *Qurbana* & *Kodiyettu* @ St. Theresa Church, Pulinkunnu |
| 11 | 04:30 pm | *Kodiyettu,* Holy *Qurbana* & *Idavakka Dinnam* @ St. Gregory's Church, Kesaria, Veliyanadu North |
| 12 | 09:15 am | *Rassa Qurbana* @ St. Thomas Church, Pulinkunnu |
| | 03:00 pm | Mar Thoma *Sleeha Dayara*, Nallathanni |
| 14 | 07:00 am | Sacraments of Initiation @ St Pius X Church, Moncompu |
| | 05:00 pm | Sacraments of Initiation @ St Anthony's Forane Church, Kurumpanadom |
| 15 | 06:30 am | Holy *Qurbana* & *Kurishadi* Blessing @ St Xavier's Church, Veliyanadu |
| 16 | 05:00 am | *Kodiyettu &* Holy *Qurbana* @ Sacred Heart Church, Thottuvathala |
| 19 | 07:00 am | Holy *Qurbana* @ Christuraj Church, Ettumanoor |
| 20 | 10:00 am | Holy *Qurbana* & Jubilee Celebrations @ S.A.B.S. Provincial House, Koothrappally |
| 22 | 11:00 am | Sacraments of Initiation @ St Paul's Church, Vezhapra |
| | 05:00 pm | Holy *Qurbana* & *Idavakka Dinnam* @ St. Antony's Church, Kayalpuram |
| 25 | 07:00 am | Sacraments of Initiation @ St Mary's Forane Church, Athirampuzha |
| | 11:00 am | Marriage Homily @ Lourdes Forane Church, Kottayam |

| | | |
|---|---|---|
| 26 | 09:30 am | Holy *Qurbana* & Vincent De Paul Zonal Anniversary @ Lourde Matha Church, Mampuzhakary |
| 27 | 03:00 pm | Chapel Blessing @ Congregation: Little Sisters of Christ, Pallathuruthy |
| 29 | 11:00 am | Homily Holy *Qurbana* Sacerdotal Jubilee Celebration of Fr Joby Paruvaparambil @ St. Antony's Church, Kayalpuram |
| 30 | 03:15 pm | Homily Holy *Qurbana* Sacerdotal Jubilee Celebration of Fr Joshy Moolamkunnam @ Metropolitan Forane Church, Changanacherry |
| | 04:30 pm | *Kodimaram, Kalkurishu Venjuripu, Thirunnal Kodiyettu* Holy *Qurbana & Idavakk Dinnam* @ St Joseph Church, Ezhumattoor |

**FR. SECRETARY- 9447507393**

❑

**VEDAPRACHARA MADHYASTAN VOL.98 No.10 2026 April**
Date of Publication: 31-03-2026
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment
Posted at Changanacherry sorting on the last day of every month
Rs 25/-




# ഉയിർപ്പുതിരുനാളാശംസകൾ

Estd. 1928
Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.
sjopresschry@gmail.com www.archdiocesechanganacherry.org